ASSISI P.R.

LN
B77

അസ്സീസി പ്രസിദ്ധീകരണങ്ങൾ M. 7.

സൈന്യത്തെ നയിച്ച സന്യാസി

അഥവാ

വിശുദ്ധ ബ്രിണ്ടിസി



LN
B77

V B77

Rev. Fr. DAVID, O. F. M. Cap.

Re. 0-31.

Printed & Published at
ASSISI PRESS, QUILON.
1956

വിശുദ്ധ ബ്രിണ്ടിസി

ആമുഖം

ക്രൂരിരുട്ട് വ്യാപിച്ചുകഴിഞ്ഞു. കോളിളക്കത്തിനു ള്ള വട്ടങ്ങൾ കണ്ടുതുടങ്ങി. അതായിരുന്നു പതിനാറാം നൂ റ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്പിലെ, വിശിഷ്യാ, ക്രി സ്തീയാന്തരീക്ഷത്തിലെ സ്ഥിതി. പരിശുദ്ധ പിതാവിന്റെ പരമാധികാരത്തെ വെല്ലുവിളിച്ചുകൊണ്ട് ജർമ്മനിയിൽ ലൂ ത്തറും സഹചാരികളും ചേരിതിരിഞ്ഞുനിന്നു. ഇംഗ്ലണ്ടിൽ ഹെൻറി എട്ടാമൻ, തന്റെ താളത്തിനൊപ്പിച്ചു തുള്ളാൻ വിസമ്മതിച്ച പാപ്പായുടെ ആത്മീയാധികാരം നിഷേധിച്ചു കൊണ്ട് ഇംഗ്ലീഷ് ശീശ്മയും ആരംഭിച്ചു. അങ്ങനെ ക്രി സ്തീയവിശ്വാസത്തിന്റെ ദിവ്യപ്രഭ മങ്ങി, ക്രൂരിരുട്ട് വ്യാ പിക്കുവാൻ തുടങ്ങി.

"ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടിയായി രിക്കും." എന്നു വാഗ്ദാനംചെയ്ത ദിവ്യനാഥൻ, ഈ അന്ധ കാരത്തിൽനിന്ന് തന്റെ പ്രിയതമയെ വിമോചിപ്പിക്കു ന്നതിന് ചില പുണ്യതാരങ്ങളെ അയയ്ക്കാതിരിക്കുമോ?

അതാ 1534-ൽ പാരീസിലെ സർവ്വകലാശാലയിൽ വിശുദ്ധ ഇഗ്നേഷ്യസ് ലയോളാ ഒരു ഭക്തസംഘം സ്ഥാപിക്കുന്നു. പിൽക്കാലത്തു് സഭാവൈരികൾക്കെല്ലാം ഭയങ്കരയായിത്തീർന്ന ഈശോസഭയുടെ ഏളിയ ആരംഭമായിരുന്നു അതു്.

1562-ൽ സ്പെയിനിൽ ആവിലായിലെ കർമ്മലീത്താ മഠത്തിൽനിന്നു് വിശുദ്ധ ത്രേസ്യായും കുറേ കർമ്മലീത്താ സന്യാസിനികളും ഒരു ചെറിയ കന്യകാലയത്തിലേക്കു് മാറിപ്പാർത്തു് കഠിനതരമായ തപസ്സുചെയ്തു് ക്രിസ്തീയജീവിതത്തിനു് ഉണർവു നല്കി.

1525-ൽ ഇറാലിയിൽ, സെപ്തുംപെദയിലെ ഫ്റാൻസീസ്കൻ സന്യാസാശ്രമത്തിൽനിന്നു് ഫാദർ മാത്യു ഇറങ്ങിച്ചെന്നു് ഒരു പുതിയ ഫ്റാൻസീസ്കൻശാഖ(കപ്പൂച്ചിൻ സഭ) നട്ടുപിടിപ്പിച്ചു. അതു തഴച്ചുവളർന്നു പുറപ്പെടുവിച്ച ഫലങ്ങളാണു് കാൻറലിസിലെ വിശുദ്ധ ഫെലിക്സ്, സിഗ്മരീഞ്ഞായിലെ വിശുദ്ധ ഫിദേലിസ്, ഗ്രാനറിയായിലെ വിശുദ്ധ സെറാഫിൻ, ബ്രിണ്ടിസിയിലെ നമ്മുടെ കഥാപുരുഷൻ തുടങ്ങിയവർ.

ബ്രിണ്ടിസിയിലെ ലോറൻസിൽ വിദ്വത്വവും വിശുദ്ധിയും ഒത്തിണങ്ങിയിരുന്നു. സ്വാഭാവികവും അതിസ്വാഭാവികവുമായ തൻറെ സിദ്ധികൾ അദ്ദേഹം അകത്തും പുറത്തുമുള്ള ശത്രുക്കൾക്കെതിരായും, സഭയുടെയും സമുദായത്തിൻറെയും സമാധാനത്തിനുവേണ്ടിയും അന്ത്യനിമിഷംവരെ വിനിയോഗിച്ചു. ആ രംഗങ്ങൾ തുടർന്നുവരുന്ന പേജുകളിൽ കാണാം.

1

ശിശു പ്രസംഗപീഠത്തിൽ

പില്ല്യം റോസിയും ഏലിസബെത്ത് മസ്സെല്ലായും നവദമ്പതികൾ; വെനീസിൽനിന്നു വന്ന് തല്ക്കാലം ബ്രിണ്ടിസിയിൽ താമസമാക്കിയതാണ്. തെക്കേ ഇറ്റലിയിൽ അഡ്റിയാറ്റിക് സമുദ്രത്തിലേയ്ക്കുള്ള ഒരു പ്രധാന തുറമുഖമാണ് ബ്രിണ്ടിസി. പില്ല്യം റോസി, ചരിത്രപ്രസിദ്ധമായ വെനീസ് നഗരത്തിലെ പൗരാണികതയും കുലമഹിമയും തികഞ്ഞ റോസികുടുംബത്തിൽപെട്ടവനാണെന്ന് അദ്ദേഹത്തിന്റെ പേരുതന്നെ വ്യക്തമാക്കുന്നുണ്ട്. റോസീകുടുംബാംഗങ്ങൾ, സഭയ്ക്കും രാഷ്ട്രത്തിനും കായ്മമായ സേവനംചെയ്ത പേരെടുത്തവരായിരുന്നു. പില്ല്യം റോസിയുടെ പിതാവ്, നേപ്പിൾസ് രാജാവ് ഫെർഡിനാൻറ് ഒന്നാമന്റെ കീഴിൽ ജോലിചെയ്തിരുന്നതുകാരണമായിരിക്കണം, അദ്ദേഹവും പത്നിയും ബ്രിണ്ടിസിയിൽ താമസമാക്കേണ്ടിവന്നത്. 1559 ജൂലൈ 22-ാംതീയതി, പരദേശവാസികളായ ഈ നവദമ്പതികൾക്ക് ഒരു ആശ്വാസം കൈവന്നു — ഒരു ഓമനമകന്റെ ജനനം.

പരദേശവാസകാലത്ത് പാവനമായൊരു ദാമ്പത്യത്തിന്റെ ഫലമായി ലഭിച്ചതാണ് ആ വാത്സല്യധാമം; കൊച്ചു ജൂലിയസ്സ് സീസർ; അവന്റെ ക്രിസ്തീയദാമ്പത്യത്തെ ദൃഢമായി കോർത്തിണക്കുന്ന കുഞ്ഞുമാലാഖാ. ജൂലിയസ്സ് വളർന്ന് സ്ക്കൂൾവിദ്യാഭ്യാസത്തിനു പ്രാപ്തനാകുന്നതുവരെ അവന്റെ ജീവിതകഥ, എല്ലാ ശിശുക്കളുടെയുംപോലെ, അമ്മയുടെ പാലുകുടിച്ചു വളർന്ന്, വീട്ടിലും

പരിസരങ്ങളിലും ചുറ്റിനടന്നു കളിച്ച്, കരഞ്ഞും ചിരിച്ചും കഴിക്കുന്ന കാലഘട്ടത്തിന്റെ കഥതന്നെ. പക്ഷേ അവൻ തന്റെ കുലമഹിമയുള്ള പിതാവിന്റെ, ആഭിജാത്യവും അഭിമാനവും തികഞ്ഞ കുമാരൻ; പുണ്യശീലയും സ്നേഹസമ്പന്നയുമായ അമ്മയുടെ ഹൃദയംകവർന്ന ഓമനക്കുഞ്ഞ്.

ജൂലിയസ്സ് ജീവിച്ചുവളർന്ന സഹചര്യങ്ങൾ ശ്രദ്ധാർഹമാണ്. ബ്രിണ്ടിസിയിലെ റോസീഭവനത്തിനു തൊട്ടടുത്ത് ഒരു ഫ്റാൻസിസ്കൻ ആശ്രമം ഉണ്ടായിരുന്നു. ദൈവഭക്തരും ഉദാരമതികളും ആയിരുന്ന ഈ യുവദമ്പതികൾ, ആശ്രമത്തിന്റെ ഗുണകാംക്ഷികളും ആശ്രമവാസികൾക്കു സുപരിചിതരും ആയിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ സന്യാസികൾ പീടിൽ വരുമ്പോഴും, അച്ഛനും അമ്മയും ആശ്രമം സന്ദർശിക്കുമ്പോഴും കൊച്ചുജൂലിയസ്സ് കൂട്ടത്തിലുണ്ടാകും. അവന്റെമേൽ സ്നേഹലാളനകൾ അപ്പിച്ചാണ്, സന്യാസികൾ അവരുടെ ഈ പുതിയ ഗുണകാംക്ഷികളോടുള്ള കൃതജ്ഞത പ്രകടിപ്പിക്കുന്നത്. ഇങ്ങനെ ഉള്ള അവസരങ്ങളിൽ ജൂലിയസ്സ് ആ സന്യാസികളുടെ വേഷംകണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്. കാലക്രമത്തിൽ അത്ഭുതം ആകർഷണമായും, ആകർഷണം ആദർശമായും മാറി.

ജൂലിയസ്സിനു മൂന്നു വയസ്സായി. ആശ്രമപ്പള്ളിക്കൂടത്തിൽ ചേർന്നു പഠിക്കണം എന്ന് അവൻ നിർബന്ധംപിടിച്ചു. സഭയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായുള്ള ഒരു പരിശീലനകളരിയാണ് ആ പാഠശാല. ഏതു കാരണത്താലോ, ജൂലിയസ്സ് സീസറിനു സ്വന്തം വീടിനോടെന്നതിനേക്കാൾ കൂടുതൽ പ്രതിപത്തി ആ പള്ളിക്കൂടത്തോടാണ്. അവന്റെ ഭാവി ഭാസുരമാക്കാനുള്ള സൗകര്യങ്ങളും സന്ദർഭങ്ങളും അവിടെ അവൻ കണ്ടിരിക്കണം.

പക്ഷേ വെറും മൂന്നുവയസ്സു പ്രായമുള്ള ഒരു ശിശു സ്വന്തം ജീവിതസ്ഥിതി നിശ്ചയിക്കുകയോ? വില്ല്യവും ഏലിസബത്തും, അവരുടെ ഏകസന്താനത്തിനായി, ഈ

തിൽനിന്നു വളരെ വിപരീതമായ ഒരു ഭാവി വിഭാവനം ചെയ്തിരിക്കണം. പുത്രവത്സലരായ മാതാപിതാക്കളുടെ സാധാരണ ധർമ്മമാണതു്. എന്നുവരികിലും ഓമനത്തം തികഞ്ഞ ഒരു കുഞ്ഞുമകന്റെ അഭിലാഷസാധ്യത്തിനു തടസ്സമായി നില്ക്കുവാൻ ആ സ്നേഹത്തിടമ്പുകൾക്കു ധൈര്യമുണ്ടായില്ല. തങ്ങളുടെ ഏകസന്താനത്തിനു് തിരുസഭയിൽ മഹത്തായ ഒരു ഭാവി ഉണ്ടായേക്കാം എന്നു് അവർ ആശിച്ചുകാണാനും ഇടയുണ്ടു്. അല്ലെങ്കിൽതന്നെ ശൈശവത്തിന്റെ ആകർഷണങ്ങൾക്കു വഴിപ്പെട്ടതുകൊണ്ടു് ഒരു അപത്തും വരാനില്ലല്ലോ.

അങ്ങനെ ജൂലിയസ്സു് അവന്റെ നാലാമത്തെ വയസ്സിൽ, ആശ്രമപ്പള്ളിക്കൂടത്തിൽ ബാലപാഠം ആരംഭിച്ചു. അന്നത്തെ പതിവനുസരിച്ചു് സന്യാസികളുടെ മാതിരിയുള്ള ഒരു ചട്ടയും വെള്ളച്ചുരട്ടും ധരിച്ചുകഴിഞ്ഞപ്പോൾ അവന്റെ ആനന്ദം അതിരില്ലാത്തതായിരുന്നു. അവനും ഒരു ഫ്റാൻസിസ്കൻ സന്യാസി ആയിക്കഴിഞ്ഞു എന്നു് നിഷ്കളങ്കമായ ആ കൊച്ചുഹൃദയം അഭിമാനംകൊണ്ടു.

സന്യാസഭവനത്തിലെ പരിശുദ്ധമായ അന്തരീക്ഷവും, സന്യാസവൈദികരുടെ സമയോചിതമായ ഉപദേശങ്ങളും ജൂലിയസ്സിന്റെ പുണ്യജീവിതത്തിനു വികാസവും, ഫ്റാൻസിസ്കൻ ആദർശത്തിനു ദൃഢതയും പ്രദാനംചെയ്തു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മതാത്മകമായി മാത്രമല്ല, വിജ്ഞാനപരമായും ജൂലിയസ്സിനു ലഭിച്ച പരിശീലനം അസൂയാർഹമായിരുന്നു. അക്കാലത്തു് ആറും ഏഴും വയസ്സുമാത്രം പ്രായമുള്ള കുട്ടികൾ ചെറിയ പ്രസംഗങ്ങൾ കാണാപ്പാഠംപഠിച്ചു് വലിയ ആഘോഷദിനങ്ങളിൽ, വിശേഷിച്ചു ക്രിസ്മസ്സിനു് പള്ളിയിൽ പ്രസംഗിക്കുന്ന പതിവു് ബ്രിണ്ടിസിയിൽ നടപ്പുണ്ടായിരുന്നു. 1565-ലെ ക്രിസ്മസ്സിനു് ബ്രിണ്ടിസിയിലെ ഭദ്രാസനപ്പള്ളിയിൽ പ്രസംഗിക്കാൻ ജൂലിയസ്സിന്റെ മുറയായി. അവനു് അന്നു് ആറുവയസ്സു പ്രായമുണ്ടു്. വിശേഷവിധമായ ബുദ്ധിസാമർത്ഥ്യവും ഓർമ്മശക്തിയും കാരണം അവൻ അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയും സഹപാഠികളുടെ

പ്രശംസാപാത്രവുമായിത്തീർന്നിരുന്നു. ഒരു ചെറിയ പ്രസംഗമല്ല, മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന ഏതുവലിയ പ്രസംഗം വേണമെങ്കിലും കാണാതെ പഠിക്കുന്നതിനുള്ള കഴിവു് ജൂലിയസ്സിനുണ്ടെന്നു് അവക്കു് അറിയാമായിരുന്നു. എന്നാൽ ഈ ആറുവയസ്സുകാരൻ ഒരു വലിയ പ്രാസംഗികന്റെ പ്രൗഢിയോടും ആത്മവിശ്വാസത്തോടും പ്രസംഗപീഠത്തിലേയ്ക്കു കയറിയ കാഴ്ചതന്നെ ജനങ്ങളെ അത്ഭുതപ്പെടുത്തി. അന്നു് ആ ശിശുവിന്റെ പ്രഭാഷണം അവസാനിച്ചപ്പോൾ സദസ്സിൽനിന്നുയർന്ന അത്ഭുതാരവങ്ങളും പ്രശംസകളും അരമനയിൽ മാറ്റൊലിക്കൊണ്ടു. ആ പ്രസംഗവും പ്രാസംഗികനും ജനങ്ങളുടെ ദൃഷ്ടിയിൽ ഒരു മഹാത്ഭുതമായിരുന്നു.

ഭദ്രാസനപ്പള്ളിയിലെ പ്രസംഗവാത്ത നാലുപാടും പരക്കുണ്ടു താമസംമാത്രം, ബ്രിണ്ടിസിയിലെ സകല പള്ളികളും ഈ കുഞ്ഞുപ്രാസംഗികനെ കേൾക്കുന്നതിനു താല്പര്യംകൊണ്ടു. എല്ലാ ഇടത്തുനിന്നും ജൂലിയസ്സിനു ക്ഷണം ലഭിച്ചു. ഇരുണ്ടുനീണ്ട സന്ന്യാസച്ചട്ടയും വെള്ള ച്ചുരട്ടും ധരിച്ചു് താൻ ഒരിക്കൽ പ്രസംഗിക്കാൻ പുറപ്പെടും എന്ന തന്റെ മധുരപ്രതീക്ഷകൾ ഇത്രവേഗം സഫലമാകുന്നതു കണ്ടു് ജൂലിയസ്സിന്റെ ഹൃദയം ആനന്ദനിർവൃതി അടഞ്ഞുകാണണം. കഥാപുരുഷന്റെ മരണശേഷം, അദ്ദേഹത്തിന്റെ ഒരു അമ്മാവൻ ഈ സംഭവത്തെപ്പറ്റി പറയുന്നു: "എന്റെ കുഞ്ഞുമകൻ, ബ്രിണ്ടിസിയിൽ മാത്രമല്ല, കലാബ്രിയായിലെ മറ്റു പട്ടണങ്ങളിലും പ്രസംഗിയ്ക്കുകയുണ്ടായി. ഹൃദയാവർജ്ജകവും ആവേശഭരിതവുമായ അവന്റെ വാക്കുകൾ ശ്രോതാക്കളെ ആകർഷിച്ചു; തൽഫലമായി സജ്ജനങ്ങളുടെ ഭക്തിതീഷ്ണത അളിക്കത്തി. പാപികളുടെ കണ്ണുകൾ പശ്ചാത്താപത്തിന്റെ കണ്ണുനീരുകൊണ്ടു നിറഞ്ഞു" എന്നിങ്ങനെ.

വെറും ആറു വയസ്സുകാരനായ റോസീക്കുമാരന്റെ ഈ പ്രസംഗപടുത്വം അവന്റെ ഭാവിജീവിത പരിപാടിയുടെ ഒരു സൂചന ആയിരുന്നു.

2

ഉടുപ്പു മാറിയെങ്കിലും ഉദ്ദേശം മാറിയില്ല

1573–ൽ തന്റെ വത്സല പിതാവിന്റെ മരണം ജൂലിയസ്സിനെ അവന്റെ ജീവിതസമരത്തിലെ ആദ്യ രംഗത്തിലേയ്ക്കു പിടിച്ചിറക്കി. അന്ന് അവനു പന്ത്രണ്ടു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഭർത്താവിന്റെ മരണത്താൽ ദുഃഖിതയായിത്തീർന്ന എലിസബെത്ത് മസ്സെല്ലായുടെ ഏക ആശ്വാസമാണ് അവൻ. അവനെ പിരിഞ്ഞു ജീവിയ്ക്കുവാൻ ആ വിധവ അശക്തയായിരുന്നു. അമ്മയുടെ ആഗ്രഹമനുസരിച്ച് ഈ സ്നേഹശീലൻ തന്റെ പഠനം തൽക്കാലം നിറുത്തിവച്ചു എങ്കിലും മാതൃശുശ്രൂഷയിൽ ചിലവഴിച്ച ഇക്കാലത്ത്, വൈദികപദവിയിലേയ്ക്കു തനിയ്ക്കുള്ള സുനിശ്ചിതമായ ദൈവവിളിയെപ്പറ്റി നിരന്തരമായി അവളെ അവൻ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വസ്തുത തന്റെ വത്സലമാതാവിനു് എത്ര വേദനാജനകമായിരുന്നു എന്ന് അപ്പോഴാണ് അവനു വെളിപ്പെട്ടുന്നതു്. ഏതു നിലയിലും താൻ ഇത്രനാളും താലോലിച്ച് ഓമനിച്ച ആ മഹനീയാദർശങ്ങളെയൊക്കെ പാടേ പരിത്യജിയ്ക്കുവാൻ ജൂലിയസ്സ് തയ്യാറല്ല. ആ സ്നേഹമുള്ള അമ്മയുടെ ഹൃദയം വേദനിപ്പിയ്ക്കുകയോ? അതും ഭയങ്കരതയാണ്, ഹൃദയശൂന്യതയാണ്. തന്മൂലം അമ്മയുടെ ആഗ്രഹത്തിനു് എതിരായി യാതൊന്നും ചെയ്യുന്നതിനു് ജൂലിയസ്സ് ധൈര്യപ്പെട്ടില്ല. അങ്ങനെ പുത്രന്റെ വേർപാടു ഭയന്ന മാതാവും, മാതാവിനെ വേദനിപ്പിയ്ക്കാൻ ഭയന്നപുത്രനും ആശ്വാസരഹിതമായ കുറേ ദിവസങ്ങൾ തള്ളിവിട്ടു. ജൂലിയസ്സിന്റെ ഹൃദയത്തിൽ ഒരു സമരം, സ്വാഭാവിക വികാരങ്ങളും ആദ്ധ്യാത്മിക

ആദർശങ്ങളും തമ്മിൽ; മാതൃസ്നേഹവും ദൈവസ്നേഹവും തമ്മിൽ. ഒടുവിൽ ദൈവസ്നേഹത്തിന്റെ പക്ഷത്തായിരുന്നു വിജയം. "അപ്പനെയോ അമ്മയെയോ എന്നെക്കാളധികം സ്നേഹിക്കുന്നവൻ എനിയ്ക്കു യോഗ്യനല്ല." എന്ന ദിവ്യനാഥന്റെ ഉദ്ബോധനം അവൻ സ്മരിച്ചു. വികാരങ്ങൾ ആദ്ധ്യാത്മികാദർശങ്ങൾക്കു കീഴ്വഴങ്ങി. ഒരു വിധത്തിൽ അമ്മയുടെ അനുവാദം അവൻ സമ്പാദിച്ചു.

അനേക ദിവസത്തെ കണ്ണുനീരിന്റെ ഫലമായിരുന്നു ഈ വിജയം. ഒരു പക്ഷേ താല്ക്കാലികമായിരിയ്ക്കാവുന്ന ഈ വിജയം സുസ്ഥിരമാക്കുന്നതിനുള്ള അനന്തര പരിപാടികൾ അവൻ കാലേക്കൂട്ടി കണ്ടു വച്ചിരുന്നതാണ്. അവനെ ഓമനിച്ചു വളർത്തിയ ആ മാതൃകരങ്ങൾ അന്ന് അവസാനമായി അവൻ പിടിച്ചു മുംബിച്ചു. ധൈര്യശാലി ആയിരുന്ന ജൂലിയസ്സ് പൊട്ടിക്കരഞ്ഞുപോയി. ആ സ്നേഹമുള്ള കുഞ്ഞിന്റെ കണ്ണുനീർത്തുള്ളികൾ വീണ് എലിസബെത്തിന്റെ മാതൃകരങ്ങൾ ധന്യമായി. അവളുടെ കരവലയത്തിലമർന്ന മാറോടണഞ്ഞ ആ ബാലന്റെ നെഞ്ചിടിപ്പിലൂടെ നിഷ്കളങ്കമായ മാതൃഭക്തിയുടെ സന്ദേശം ശ്രവിച്ചപ്പോൾ അവളുടെ സ്നേഹസമ്പന്നമായ ഹൃദയം നിർവൃതിയിലാണ്ടുപോയി. "എന്റെ മകനേ, ഈശോയുടെ സ്നേഹത്തെപ്രതി നീ പൊയ്ക്കൊള്ളുക" എന്ന സ്നേഹനിർഭരമായ വാക്കുകളിൽ ആ ഓമന മകനെ അവൾ യാത്ര അയച്ചു. ഓ, ഉത്തമ ക്രിസ്തീയ മാതാവേ, വിലയേറിയ ഒരു 'അമൂല്യനിധി' നീ ഈശോയ്ക്കു ബലി അർപ്പിച്ചിരിയ്ക്കുന്നു.

അമ്മയുടെ അനുവാദാശിസ്സുകളും സമ്പാദിച്ച് ജൂലിയസ്സ് വെനീസിലേയ്ക്കാണു പോയത്. ഡോൺപീറർ റോസി, അവന്റെ ഒരു അമ്മാവൻ, വെനീസിലെ സെൻറ് മാർക്ക് ബസ്സിലിയ്ക്കാ സെമിനാരിയിൽ റെക്ടറായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ തന്റെ 14–ാമത്തെ വയസ്സിൽ ജൂലിയസ്സ് പഠനം തുടർന്നു. സെമിനാരിയിൽ ചേർന്നപ്പോൾ ജൂലിയസ്സിനു് അവന്റെ പ്രിയപ്പെട്ട ഫ്രാൻസിസ്കൻവസ്ത്രം ഉപേക്ഷിയ്ക്കേണ്ടതായി വന്നു.

എങ്കിലും ഫ്റാൻസീസ്സ്കൻ ആദർശങ്ങൾ ഉപേക്ഷിയ്ക്കുവാൻ അവൻ തയ്യാറല്ലായിരുന്നു.

ജൂലിയസ്സ് ഇപ്പോൾ യൗവനത്തിലേയ്ക്കു കാലുകുത്തുകയാണ്. ഇക്കാലത്താണ് ജഡികവാസനകൾ പ്രബലപ്പെടുത്തുന്നതും നിയന്ത്രണ വിധേയമാകാതെ മുറവിളി കൂട്ടുന്നതും. എന്നാൽ ക്രിസ്തുവിനെ ഏറ്റം അടുത്ത് അനുഗമിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്ന ഒരു യുവാവിന് ഈ സ്വാഭാവിക വാസനകളെ ശരിയായി നിയന്ത്രിച്ചു ചൊല്പടിയിൽ നിർത്തിയേ കഴിയൂ. ഒരു മടിയും കൂടാതെ നമ്മുടെ ബാലസന്യാസി ആത്മനിയന്ത്രണത്തിനുള്ള ഏറ്റം കശ്മലങ്ങളായ മാർഗ്ഗങ്ങൾതന്നെ തെരഞ്ഞെടുത്തു. നിരന്തരമായ ഉപവാസം, ദേഹദണ്ഡനം മുതലായി പല തരത്തിലുള്ള പീഡനങ്ങൾ അവൻ ഒരു പതിവാക്കി. അതോടെ ജൂലിയസ്സ് വളരെ മനപ്രിയനായി കാണപ്പെട്ടു. ലജ്ജകൊണ്ടോ, ഗർവ്വുകൊണ്ടോ ഒന്നുമല്ല. ആറാമത്തെ വയസ്സിൽ പ്രസംഗം ആരംഭിച്ച ജൂലിയസ്സുണ്ടോ ലജ്ജിക്കുന്നു. ജഡിക ദുഷ്പ്രേരണകളോടു മല്ലിടുന്ന ദൈവഭക്തൻ അഹങ്കരിയ്ക്കുമോ? നാവു നിയന്ത്രിക്കുന്നതിനുള്ള പരിശ്രമത്തിലാണ് അദ്ദേഹം ഇങ്ങനെ മൂകനായി കാണപ്പെട്ടത്.

പക്ഷേ മനുഷ്യഹൃദയത്തിനു് സദാ മൂകമായിരിക്കുക സാധ്യമല്ലല്ലോ. ജൂലിയസ്സ് തന്റെ സംസാരശക്തി നശിപ്പിക്കുകയല്ല ചെയ്തത്; സൃഷ്ടികളോടെന്നതിനേക്കാൾ സ്രഷ്ടാവിനോടുള്ള സംഭാഷണം പരിശീലിച്ചു എന്നുമാത്രം. നാലും അഞ്ചും മണിക്കൂർ അദ്ദേഹം കർത്താവിനുടെ മുൻപിൽ ചിലവഴിക്കും. ദിവ്യനാഥനോടുള്ള സ്നേഹസംഭാഷണത്തിൽ, ആ നീണ്ട നാഴികകൾ നാലഞ്ചു നിമിഷങ്ങൾപോലെ അങ്ങു കടന്നുപോകും.

പ്രത്യക്ഷത്തിൽ പ്രയാസമേറിയ ഈ പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും എന്തിനു് എന്നുനാം ചോദിച്ചേക്കാം. മനുഷ്യസഹവാസം വെടിഞ്ഞുള്ള ആദ്ധ്യാത്മികജീവിതസമരം ആശ്വാസരഹിതവും അനാകർഷകവും ആയിത്തോ

ന്നിയേക്കാം. ഈ അസാധാരണതപങ്ങളെല്ലാം പാകപ്പെടാത്ത ഒരു ആദ്ധ്യാത്മികജീവിതത്തിലെ ബാല്യചാപല്യങ്ങളായി കരുതുന്നതിൽ അടിസ്ഥാനം ഇല്ലാതില്ല. എന്നാൽ ഭക്തിതീക്ഷ്ണതയോടെ പുണ്യപന്ഥാവിലേയ്ക്ക് ഓടിഇറങ്ങുന്ന ഒരു ആത്മാവിനെ സംബന്ധിച്ചിടത്തോളം ഇതു പ്രധാനമായ ഒരു കാലഘട്ടം വേറെ ഇല്ല. പൂർണ്ണഹൃദയത്തോടെ ദൈവത്തിങ്കലേയ്ക്കു തിരിയുന്നവരുടെ ജീവിതസമരത്തിനു പ്രാരംഭമിടുന്ന ഈ സ്നേഹചേഷ്ടകൾ അവിടുത്തേയ്ക്ക് എത്ര പ്രിയംകരമാണെന്നോ! കുഞ്ഞുമക്കളുടെ ബലഹീനതകൾതന്നെ അല്ലേ മാതാപിതാക്കളുടെ ദൃഷ്ടിയിൽ അവരെ ഓമനത്തിടമ്പുകളാക്കിത്തീർക്കുന്നതു? തൻമൂലം ഈ ബാലചാപല്യങ്ങളിൽ സംപ്രീതനായിട്ട് എന്നവണ്ണം, അധികമധികം അനുഗ്രഹങ്ങൾ വർഷിച്ച് അവരെ ദൈവം സത്യസമരത്തിനായി തയ്യാറാക്കുന്നു. ഇക്കാലത്താണ് ആദ്ധ്യാത്മികജീവിതത്തിൽ പിഞ്ചുകുഞ്ഞുങ്ങളായ ഇവരെ അവിടുന്ന് ഒരു അമ്മയെപ്പോലെ ആദ്ധ്യാത്മികാശ്വാസങ്ങൾ നല്കി പാലൂട്ടുന്നതു.

അങ്ങനെ ദൈവസ്നേഹത്തിന്റെ മാധുര്യം ആസ്വദിച്ചുതുടങ്ങിയ ഈ കാലഘട്ടത്തിൽ നമ്മുടെ യോഗിയ്ക്ക് മനുഷ്യസ്നേഹത്തിന്റെ ആനന്ദാമൃതവും അനുഭവിച്ചറിയുവാൻ ഭാഗ്യമുണ്ടായി. ജൂലിയസ്സിനെപ്പോലെ ഭക്തിതീക്ഷ്ണതയുള്ള ഒരു വ്യക്തിയായിരുന്നു, പില്ക്കാലത്തു വെനീസിലെ ഫാദർ മാത്യു എന്ന് അറിയപ്പെടാനിരുന്ന ഒരു യുവസെമിനേരിയൻ. ഒരേ ആദർശംവച്ചു ഓമനിച്ചുകൊണ്ടിരുന്ന ഈ യുവാക്കളുടെ ഇടയിൽ ആജീവനാന്തം നീണ്ടുനിന്ന ഒരു സുഹൃദ്ബന്ധം വളർന്നുവന്നതിൽ അത്ഭുതപ്പെടാനില്ല.

ജൂലിയസ്സും കൂട്ടുകാരനും ഞായറാഴ്ചയും ഒഴിവുള്ള മറ്റു ദിവസങ്ങളിലും വൈകുന്നേരം വെനീസിലെ ദിവ്യരക്ഷകന്റെ പള്ളി സന്ദർശിക്കുക പതിവായിരുന്നു. കപ്പൂച്ചിൻ അച്ചന്മാരുടെ പ്രസംഗംകേൾക്കാനാണ് അവർ പോകുന്നതു. പക്ഷേ അവിടെക്കണ്ട മറ്റുപലരും അവരെ ആകർഷിച്ചു. പള്ളി സന്ദർശിക്കുവാൻ വന്നവർ ആശ്രമം

ക്കുടെ സന്ദർശിച്ചുതുടങ്ങി. ആശ്രമജീവിതത്തെ സംബന്ധിച്ചു പലതും സന്യാസികളോട് ചോദിച്ച് അവർ മനസ്സിലാക്കി. അവിടെ അവർ കണ്ടതും കേട്ടതും എല്ലാം എന്തോ ഒരു സവിശേഷചൈതന്യം ഉൾക്കൊണ്ടിരിക്കുന്നതായി അവർക്കു തോന്നി. അത്തരം സന്ദേഹചർച്ചകളിൽമാത്രമേ അവരുടെ ആദ്ധ്യാത്മികജീവിതം വളർന്നുവികസിക്കുകയുള്ളുന്നു് ആ യുവസുഹൃത്തുക്കൾക്കു ബോധ്യമായി.

3

ക്രൂശിതന്റെ മുൻപിലോ കുരിശിനു ഭാരം?

ഒരുദിവസം രണ്ടു യുവാക്കൾ സഭയിൽ ചേരുന്നതിനുള്ള അഭ്യർത്ഥനയുമായി ഫാദർ പ്രൊവിൻഷ്യലിനെ സമീപിച്ചു. അന്നത്തെ പ്രൊവിൻഷ്യൽ ഫാദർ ലോറൻസ് ബർഗ്മാനും, അദ്ദേഹത്തെ സമീപിച്ച യുവാക്കൾ ജൂലിയസ്സും ക്ലൂക്കുകാരനും ആയിരുന്നു. ബാഹ്യമായ ഭക്തിയും വിനയവുംകൊണ്ടൊന്നും തൃപ്തിപ്പെടുന്ന ആളല്ല ഫാദർ ബർഗ്മാനും. കപ്പൂച്ചിൻ ജീവിതത്തിലെ തപശ്ചര്യകളും മറവുബുദ്ധിമുട്ടുകളും ഒരു പ്രാസംഗികന്റെ സാമർത്ഥ്യത്തോടെ അദ്ദേഹം അവരെ വിവരിച്ചു കേൾപ്പിച്ചു. തീക്ഷ്ണമാനസരായ അവരുടെ ദൃഷ്ടിയിൽ അതെല്ലാം നിസ്സാരമായിരുന്നു. ഫാദർ പ്രൊവിൻഷ്യൽ വേറൊരുവിദ്യ പ്രയോഗിച്ചുനോക്കി. ആശ്രമത്തിന്റെ സകല ഭാഗങ്ങളും അദ്ദേഹം അവരെ കൊണ്ടുനടന്നു കാണിച്ചു. ഒടുവിൽ ഇരുണ്ടു് ഇടുങ്ങിയ കുറേ പടികൾ കയറി അവർ ഒരു ഉയർന്നിലയിൽ എത്തി. അവിടെ ഒരു നീണ്ട വരാന്തയും ഇരുവശത്തും വരിയായുള്ള മുറികളും ആണ് ഉള്ളതു്. അതിൽ ഒന്നിന്റെ കതകു് അദ്ദേഹം തുറന്നു. ഒരു സന്യാസിയുടെ പ്രാർത്ഥനാജീവിതത്തിനു് അവശ്യം വേണ്ട ചില ഉപകരണങ്ങൾ ഒഴിച്ചാൽ, തുലോം ശൂന്യവും അനാകർഷകവുമായ ആ കൊച്ചുമുറി കൂടിക്കാണിച്ചു

കൊണ്ട് അദ്ദേഹം അറിയിച്ചു: "ഇതായിരിക്കും നിങ്ങളുടെ ഭാഗധേയം". അച്ചൻ അവരുടെ മുഖഭാവം സൂക്ഷിക്കുന്നുണ്ടായിരുന്നു. വിചാരിച്ചതിൽനിന്നു വിപരീതമായ ഒരു നിശ്ചയദാർഢ്യമാണ് അവിടെ നിഴലിച്ചതു്. "അച്ചാ", ജൂലിയസ്സ് താല്പര്യം പ്രകടിപ്പിച്ചു. "ഇവിടെ എപ്പോഴും ഒരു കുരിശുരൂപം ഉണ്ടായിരിക്കുമോ?" "പിന്നെ ഇല്ലേ". അച്ചൻ ഉറപ്പുനല്കി. "ആ കാണുന്ന കുരിശുരൂപം എപ്പോഴും അവിടെ ഉണ്ടായിരിക്കും". ജൂലിയസ്സിനു ധൈര്യമായി. "അങ്ങനെ എങ്കിൽ എനിക്കു പ്രയാസമുള്ളതായി ഒന്നും ഉണ്ടാകുകയില്ല" എന്നു് ഉന്മേഷഭരിതനായി അവൻ ഉൽഘോഷിച്ചു. ഇതു തീവ്രമായ ആദ്ധ്യാത്മികചൈതന്യവും ആദർശസ്ഥിരതയും കണ്ട് ഫാദർ ബർണാർഡും സംതൃപ്തനായി.

വളരെ താമസിയാതെ വെറോനായിലെ (Verona) കപ്പൂച്ചിൻ നവസന്ന്യാസാലയത്തിൽ രണ്ടു സ്നേഹിതന്മാർ ഒരുമിച്ചു് സന്ന്യാസജീവിതം ആരംഭിച്ചു. 1575 ഫെബ്രുവരി 18-ാംതീയതി അവർ സന്ന്യാസവസ്ത്രം സ്വീകരിച്ചു. രണ്ടു ഹൃദയങ്ങൾ ഒരുമിച്ചുതേടി സാദ്ധിച്ച വിജയം.

സെൻറ് മാർക്ക് ബസ്സിലിയുടെ സെമിനാരിയിലെ ബ്രദർ ജൂലിയസ്സ് സീനിയർ ഇന്ന് ബ്രദർ ലോറൻസാണ്. ആ കൊച്ചു യോഗിയുടെ തപശ്ചര്യകൾ പതിന്മടങ്ങു വർദ്ധിച്ചിരിയുന്നു. കുറച്ചാനന്ദംകൊണ്ടു തൃപ്തിപ്പെടുന്നതല്ല അവന്റെ ഹൃദയം. നിയമം നിർദ്ദേശിയുന്ന പ്രായശ്ചിത്ത പ്രവൃത്തികൾ ആവശ്യത്തിന് ഉണ്ടായിരുന്നിട്ടും അതിനപ്പുറം കടന്ന് കൂടുതൽ കൂടുതൽ ആത്മനിഗ്രഹങ്ങൾ അനുഷ്ഠിയുകയായിരുന്നു ബ്രദർ ലോറൻസിന്റെ പതിവു്.

ഈ അതിരുകടന്ന തീക്ഷ്ണത തന്റെ ഉദ്ദേശ സാദ്ധ്യത്തിനുതന്നെ പ്രതിബന്ധമായി വരുമെന്ന് ആദ്യം അദ്ദേഹം വിചാരിച്ചില്ല. പക്ഷേ അതു് അനുഭവിച്ച് അറിയേണ്ടിവന്നു. ആത്മാവിനോടൊത്തു് അത്രവേഗം കുതിച്ചു പായുക ശരീരത്തിനു് ആവതല്ലല്ലോ. കുശ

ങ്ങളായ ഉപവാസങ്ങൾ നിമിത്തം ശരീരം ആകപ്പാടെ ക്ഷീണിച്ചു ശോഷിച്ചു തുടങ്ങി. ദേഹനശക്തിതന്നെ നഷ്ടപ്പെട്ട ലക്ഷണമായി. പോരെങ്കിൽ ദുസ്സഹമായ ഒരു നെഞ്ചുനോവും. ഇതൊക്കെ ആയിട്ടും സന്യാസജീവിതക്രമത്തിൽ അല്പമേ ഒരു വിട്ടുവീഴ്ചയും കാണിച്ചില്ല. ആരും അറിയാതെ സകലതും സഹിയ്ക്കുവാനുള്ള സാമർത്ഥ്യം ലോറൻസിന്റെ ഒരു പ്രത്യേകത ആയിരുന്നു.

കുറേ ദിവസങ്ങൾ അങ്ങനെ കഴിഞ്ഞപ്പോൾ ഒന്നുകൊണ്ടും കുലുങ്ങാത്ത ലോറൻസിന്റെ ഉദ്ദേശ്യ ദാർഢ്യത്തിനു് ഉലച്ചിൽ തട്ടിയതുപോലെ! അല്പമേ ചിന്തിയ്ക്കുകയായി. "ഇത്രമാത്രം ശരീരാസ്വാസ്ഥ്യങ്ങൾക്കു് ഇരയായ ഞാനോ ഒരു താപസജീവിതം നയിക്കാൻ പോകുന്നതു്? സന്യാസസഹോദരങ്ങൾക്കു് എന്റെ ആയുഷ്കാലം മുഴുവൻ ഞാൻ ഒരു ഭാരമായിരിയ്ക്കുകയില്ലേ? ഒന്നുകിൽ പ്രതോച്ചാരണത്തിനു മുൻപുതന്നെ എന്റെ ജീവിതം അവസാനിയ്ക്കും. അല്ല, പ്രതവാശാനം ചെയ്യുവാൻ സാധിച്ചെങ്കിൽതന്നെയും ഞാൻ സഭയ്ക്കു് ഒരു ദ്രോഹമല്ലേ ചെയ്യുന്നതു്?... ... ഇല്ല, എന്തൊക്കെ ആയാലും ഈ സഭാവസ്ത്രത്തിൽ മരിയ്ക്കുന്നതിനുള്ള ഭാഗ്യം എനിയ്ക്കുണ്ടാകണം. ഭാരമുള്ള ഈ കുരിശും ചുമന്നുകൊണ്ടു് ഈശോയെ അനുഗമിയ്ക്കണം. അവിടുന്നു ചൂണ്ടിക്കാണിച്ചുതന്ന ഈ മാർഗ്ഗത്തിലൂടെ ധൈര്യസമേതം മുന്നോട്ടു പോകുകതന്നെ വേണം."

ലോറൻസു് ഈ സംശയങ്ങളുടെയും പ്രലോഭനങ്ങളുടെയും നടുവിൽ കിടന്നു നട്ടം തിരിയുമ്പോൾ, ആ ആശ്രമത്തിലെ സന്യാസികൾ അല്പമേത്തെപ്പറ്റി ചില തീരുമാനങ്ങൾചെയ്തു കഴിഞ്ഞിരുന്നു. ഒരു കൊല്ലത്തെ പരീക്ഷണകാലത്തിനകം ഇത്രമാത്രം രോഗഗ്രസ്തനായിത്തീർന്ന ലോറൻസിനു് കപ്പൂച്ചിൻ ജീവിതം യോജിച്ചതല്ലെന്നു് ന്യായമായി അവർ അനുമാനിച്ചു. ബ്രദർ ലോറൻസു് സമർത്ഥനായ ഒരു വിദ്യാർത്ഥിതന്നെ, പക്ഷേ അവന്റെ ശരീരസ്ഥിതി ആകപ്പാടെ ആശങ്കാജനകമാണു്.

പാവം ലോറൻസ്! എത്ര ആശയോടാണ് അവൻ സന്യാസവസ്ത്രം സ്വീകരിച്ചത്! ഇന്ന് ഈ ഇച്ഛാഭംഗത്തിനുള്ള കാരണം എന്തായിരിക്കും? തന്റെ വിവേകശൂന്യമായ കഠിനപ്രായശ്ചിത്തങ്ങളോ? ഈ ഭീഷ്മമായ നെഞ്ചുവേദനയ്ക്ക് ഉപവാസം കാരണമാകുവാൻ ഇടയില്ല. അകത്തും പുറത്തുംനിന്നുള്ള ഈ കൊട്ടുകാറുകളുടെ നടുവിൽപ്പെട്ട കുഴങ്ങിയപ്പോൾ, ധൈര്യശാലിയായ പണ്ടത്തെ ജൂലിയസ്സ് ഒട്ടും നിരാശപ്പെടാതെ, കുരിശുരൂപത്തിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ട് നിർബന്ധപൂർവ്വം പ്രാർത്ഥിച്ചു. "എന്റെ നാഥാ, അവിടുത്തെ സ്നേഹത്തെപ്രതി സ്വീകരിച്ച ഈ സന്യാസവസ്ത്രം ഉരിഞ്ഞുവച്ചിട്ട്, അവിടുത്തെ ഭവനം വിട്ടുപോകുവാൻ ഈ ദാസനെ അനുവദിയ്ക്കുമല്ലേ." ശോകവർണ്ണമായ ഹൃദയത്തിൽനിന്നും പുറപ്പെട്ടുവന്ന ആ നിലവിളി ക്രൂശിതന്റെ കണ്ണുകളിൽ മുഴങ്ങി. അതിന്റെ മധുരഫലം ലോറൻസിനു് അനുഭവപ്പെടുകയുംചെയ്തു. അവന്റെ രോഗവും ക്ഷീണവും ഒക്കെ നീങ്ങിത്തുടങ്ങി. അവനെപ്പറ്റി സന്യാസസഹോദരങ്ങൾക്കു് ഉണ്ടായിരുന്ന അഭിപ്രായത്തിനു മാറ്റം വരുത്തുവാൻ ഇതു മതിയായിരുന്നു. പരീക്ഷണകാലം അവസാനിയ്ക്കാറായപ്പോൾ, നവസന്യാസികളുടെ ഭാഗധേയം നിശ്ചയിയ്ക്കുവാൻ സന്യാസികൾ സമ്മേളിച്ചു. നിയമപ്രകാരം ഓരോരുത്തരും പ്രത്യേകം പ്രത്യേകം അവർ വോട്ടുചെയ്തു. അവരുടെ കൂട്ടത്തിൽ ലോറൻസിനും. ഒരു വോട്ടിനു് ബ്രദർ ലോറൻസും ജയിച്ചു. അങ്ങനെ റോസീ കുമാരന്റെ ദൃഢനിശ്ചയം ബലമായി പിടിച്ചു കല്യക്കിയ ആ കൊട്ടുകാറും ഒടുങ്ങി. 1576 മാർച്ചുമാസം 24-ാംതീയതി ബ്രദർ ലോറൻസു് നിത്യവ്രതവാഗ്ദാനം ചെയ്തു.



4

മേരിയുടെ മേൽനോട്ടത്തിൽ

ക്രിസ്തുവിന്റെ രാജ്യത്തിനുവേണ്ടി പടവെട്ടുവാൻ ബ്രിണ്ടിസിയിൽനിന്നു പുറപ്പെട്ടുപോയ യുവവീരൻ, ഫ്രാൻസീസിന്റെ പടയിൽ പേരുകൊടുത്തു കഴിഞ്ഞു. ഇനി അവശ്യം പരിശീലനമാണ്. പ്രതവാദ്ധ്യാനത്തിനു ശേഷം തിരുപ്പട്ട സ്വീകരണംവരെയുള്ള പരിശീലനക്കളരി പാദുവായിലെ ആശ്രമവൈദികവിദ്യാലയം ആയിരുന്നു. സന്യാസവും വിദ്യാഭ്യാസവും ഒരുമിച്ചു പ്രദാനം ചെയ്യുന്ന പുണ്യഭവനം!

ഇപ്പോൾ ലോറൻസിനു് ശരീരാസ്വാസ്ഥ്യങ്ങളുടെ ശല്യം വളരെ കുറഞ്ഞിട്ടുണ്ട്. മനസ്സുവേദനിപ്പിയ്ക്കുവാൻ അത്ര തീവ്രമായ ആശകളും ആശങ്കകളും ഒന്നുമില്ല. ജീവിതസമരത്തിനു് അദ്ദേഹം തയ്യാറെടുക്കുകയാണ്. ഒരു വൈദികവിദ്യാർത്ഥിയ്ക്കു പ്രധാനമായി നാലു് ആയുധങ്ങൾ കരസ്ഥമാക്കാനുണ്ട്; വിശുദ്ധിയും വിജ്ഞാനവും പ്രാർത്ഥനാനിരതയും പ്രവർത്തനസന്നദ്ധതയും.

ബ്രദർ ലോറൻസ് യുവസഹജമായ ആവേശത്തോടെ പഠനം തുടങ്ങി. പുണ്യശീലരും പണ്ഡിതരുമായ സന്യാസഗുരുക്കന്മാരുടെ ശിക്ഷണത്തിൽ ലോറൻസിന്റെ ബുദ്ധിയും മനസ്സും ഒരുപോലെ വളർന്നു വികസിക്കുകയായി. എത്രമാത്രം വിദ്യാസമ്പന്നൻ് അദ്ദേഹം കരസ്ഥമാക്കിയോ, അത്രത്തോളം ആദ്ധ്യാത്മികപ്രബുദ്ധതയും അദ്ദേഹത്തിനു കരഗതമായി. "എന്റെ ദൈവമേ, അങ്ങയെ എത്രത്തോളം ഞാൻ അറിയുന്നുവോ, അത്രത്തോ

ളം അങ്ങയെ സ്നേഹിക്കുന്നതിന്" എന്നായിരുന്നു ദിവ്യ ജ്ഞാനത്തിന്റെ കവാടത്തിൽ ഭക്തിവിനയത്തോടെ മുട്ടി വിളിക്കുന്ന ഈ വിദ്യാർത്ഥിയുടെ ഹൃദയംഗമമായ പ്രാർത്ഥന.

യുവസാധാരണമായ തീക്ഷ്ണതയോടെ തുടങ്ങി, ഒരു ആദർശധീരനെ യോജിച്ച സ്ഥിരോത്സാഹത്തോടെ തുടർന്നുകൊണ്ടുപോയ ആ വിദ്യാഭ്യാസകാലത്ത് ബ്രദർ ലോറൻസ് കരസ്ഥമാക്കിയ വിദ്യാസമ്പത്തു കണ്ടാൽ ഏതൊരു മൈദികവിദ്യാർത്ഥിയും അത്ഭുതപ്പെട്ടുപോകും. ഏഴുകൊല്ലത്തെ വിദ്യാർത്ഥിജീവിതം കഴിഞ്ഞു, അദ്ദേഹം ആശ്രമവിദ്യാലയം വിട്ടുപോകുമ്പോൾ തത്വശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനും പുറമേ, ലത്തീൻ, ഹീബ്രു, ഗ്രീക്ക്, സിറിയക്ക്, കാൽദയിക്, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ് മുതലായ ഭാഷകൾ വശമാക്കുകയും, സ്വന്തം ഇറാലിയൻ ഭാഷയിൽ വിദഗ്ദ്ധ നൈപുണ്യം നേടുകയും ചെയ്തു.

ഇത്ര ഉച്ചമായ കാലയളവിനുള്ളിൽ ഒരു മൈദികവിദ്യാർത്ഥി ഇത്രത്തോളം സാധിച്ചു എന്നുപറഞ്ഞാൽ അതു വിശ്വാസയോഗ്യമായി നാം കരുതുകയില്ല. പക്ഷേ ബ്രിണ്ടീസിയിലെ ശിശുപ്രാസംഗികന്റെ അസാധാരണമായ ഓർമ്മശക്തി പരിഗണിക്കുമ്പോൾ ഇതിന്റെ സാധ്യതയ്ക്കു വൃക്തമാകുന്നുണ്ട്. ഈ അത്ഭുതകരമായ കഴിവു് ഒരുവിധത്തിലും കുറയാതെ അദ്ദേഹത്തിന്റെ പ്രായത്തിനൊത്തു വളർന്നു വികസിക്കയാണുണ്ടായതു്. ബ്രദർ ലോറൻസ് പെരോണയിൽ ആയിരുന്നപ്പോൾ ഉണ്ടായ സംഭവം ഇതിനു തെളിവായുണ്ട്. ഒരുദിവസം സന്യാസികൾ ഫാദർ എബ്രോറോ ഒ. പി. (Fr. Ebrotto O. P.) യുടെ പ്രസംഗം കേൾക്കാൻ പോയി. ബ്രദർ ലോറൻസും അവരുടെകൂടെ പോയിരുന്നു. ലോറൻസിനു് ആ പ്രസംഗം വിശേഷാൽ ഹൃദ്യമായിത്തോന്നി. ആശ്രമത്തിൽ തിരിച്ചെത്തിയശേഷം അദ്ദേഹം അതു മു

ഴുവൻ അനുപദം ഓമ്മയിൽനിന്ന് എഴുതിസൂക്ഷിച്ചു. കു റേനാൾ കഴിഞ്ഞു് ഫാദർ എബ്രോറോ എങ്ങനെയോ ഈ ലേഖനം കാണുവാൻ ഇടയായതായിരുന്നു പിഴ. അ ദ്ദേഹത്തിനു് അപ്പോൾ ഉണ്ടായ ഭാവവ്യത്യാസം പറയാ നില്ല. തന്റെ പ്രസംഗം ആരോ മോഷ്ടിച്ചിരിക്കുന്നു എന്നു് അദ്ദേഹം പരാതിപ്പെട്ടു. പക്ഷേ കായ്യം അന്വേ ഷിച്ചപ്പോൾകേട്ടതെന്താണു്? ഈ മോഷണം ഒരു നവസ ന്യാസിയുടെ ഓമ്മയുടെക്രമ്മതയാണു നിർവ്വഹിച്ചതെന്നു്.

അസാധാരണമായ ഈ ഓമ്മശക്തി പ്രയോജന പ്പെടുത്തി ഇത്തരം അത്ഭുതങ്ങൾ പലതും അദ്ദേഹം പ്രവ ർത്തിച്ചുകാണണം. ഏഴുകൊല്ലത്തിനുള്ളിൽ കരസ്ഥമാക്കിയ വിദ്യാസമ്പന്നതതന്നെ ഒരു അത്ഭുതമേട്ടമായിരുന്നു എന്നു ള്ളതിൽ സംശയമില്ല. എന്നാൽ ബ്രദർ ലോറൻസിന്റെ ദൃഷ്ടിയിൽ ഇതെല്ലാം സാധിച്ചതു് താനല്ല, തന്റെ സ ർവ്വശക്തിയായ ദൈവമായിരുന്നു. ഈ അത്ഭുതകരമായ ഓമ്മശ ക്തിതന്നെ അവളുടെ ഒരു പ്രത്യേകദാനമായിരുന്നു. സ്വന്തം അനുഭവത്തിൽനിന്നുതന്നെയാണു് ലോറൻസിനു് ഈ വിശ്വാസം ഉണ്ടായതും പ്രബലപ്പെട്ടതും. സന്യാസ ജീവിതം ആരംഭിച്ച നാൾമുതൽ ഈ മേരീഭക്തൻ ആ ദ്ധ്യാത്മികഗ്രന്ഥങ്ങൾ വായിക്കുന്നതു് അമലോത്ഭവമാതാ വിന്റെ കൃപയിനു മുൻപിലാണു്. അവിടെ മുട്ടിന്മേൽ നിന്നു ബൈബിളും മറ്റും വായിക്കുന്നതിൽ അഭൗമമായ എന്തോ ഒരു ആനന്ദം അദ്ദേഹം അനുഭവിച്ചിരുന്നു. ക്ര മേണ, പണ്ടു് എലിസബത്തു് മസ്സെല്ലായുടെ മടിയിൽ ഇരുന്നു് പാട്ടും കഥകളും കാണാതെ പഠിച്ച പരിശീലി ച്ച ഈ ബുദ്ധിശാലിയുടെ ഓമ്മശക്തി, ഇപ്പോൾ ഈ സ്വർഗ്ഗീയനാഥയുടെ സാന്നിദ്ധ്യത്തിൽ അത്ഭുതകരമായി വളർന്നു വികസിച്ചു. ഈവിധമായിരിക്കണം ബൈബിൾ മുഴുവൻ അദ്ദേഹം കാണാപ്പാഠമാക്കിയതു്. "ബൈബിൾ നഷ്ടപ്പെട്ടുപോയാൽതന്നെയും അതു മുഴുവൻ, പഴയനിയ മവും പുതിയനിയമവും ഓമ്മയിൽനിന്നു് അക്ഷരംപ്രതി എഴുതുവാൻ എനിക്കുകഴിയും" എന്നു് ഒരിക്കൽ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

ആകപ്പാടെ നോക്കുമ്പോൾ ഒരു വിജയഘോഷയാത്രപോലെ പുരോഗമിച്ച ലോറൻസിന്റെ വിദ്യാഭ്യാസകാലം എപ്പോഴും അത്ര ശാന്തവും സുഖപ്രദവുമായല്ല കഴിഞ്ഞത്. നാലഞ്ചുകൊല്ലത്തിനകം പണ്ടത്തെ ശരീരാസ്വാസ്ഥ്യങ്ങൾ വീണ്ടും തലപൊക്കിത്തുടങ്ങി. ലോറൻസ് വിന്നെയും ആധിപൂണ്ടു. ദിവ്യനാഥനെ ഒരിക്കലെങ്കിലും തന്റെ കരങ്ങളിലെടുത്തു ബലി അർപ്പിക്കുന്നതിനുള്ള ഭാഗ്യം ഉണ്ടാകുമോ എന്നതന്നെ സംശയമായി. ഈ ധർമ്മസങ്കടത്തിൽ വീണ്ടും തന്റെ സ്വർഗ്ഗീയനാഥയെയാണ് അദ്ദേഹം അഭയംതേടിയത്. "അമ്മേ, നിന്നെപ്പോലെ ഉണ്ണിയേശുവിനെ കയ്യിലെടുത്തു് ആരാധിക്കുന്നതിനുള്ള ഭാഗ്യം എനിക്കും ലഭിച്ചുതരണേ" എന്ന് ഈ നിഷ്കളങ്കമാനസൻ മുട്ടിപ്പായി പ്രാർത്ഥിച്ചു. സ്നേഹമുള്ള തന്റെ കുഞ്ഞിന്റെ നിലവിളികേട്ടിട്ട് മിണ്ടാതിരിക്കുന്ന അമ്മ അമ്മയല്ല.

മാതാവു് ആ പ്രാർത്ഥന കേട്ടു. ലോറൻസിന്റെ ആഗ്രഹസാദ്ധ്യത്തിനു് ഒരു മാർഗ്ഗം അവൾ തെളിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ ദീനംകണ്ടു് ആശങ്കാകുലരായ സഭാദ്ധ്യക്ഷന്മാർ, സ്ഥലംമാറ്റം വല്ല ഗുണവും ചെയ്യേക്കാം എന്നുകരുതി അദ്ദേഹത്തെ ഒഡേർസോ (Oderzo) യിലേയ്ക്കു് അയച്ചു.

ഒഡേർസോയിൽ ബ്രദർ ലോറൻസിനു് പഠിക്കുന്നതിനോ കായ്മായ എന്തെങ്കിലും വേലചെയ്യുന്നതിനോ താണി ഇല്ലായിരുന്നു. തന്റെ സമയമധികവും ദൈവമാതാവിന്റെ ഒരു രൂപത്തിനു മുൻപിലാണ് അദ്ദേഹം ചിലവഴിച്ചതു്. അവിടെവച്ചു ചെയ്ത നിരന്തരവും നിർബന്ധപൂർവ്വവുമായ പ്രാർത്ഥനകൾ വ്യർത്ഥമായില്ല. ഒരുദിവസം ഒരു സഹോദരൻ പള്ളിയ്ക്കകത്തു കടന്നുവരുമ്പോൾ ബ്രദർ ലോറൻസു് മാതാവിന്റെ രൂപത്തിനു മുൻപിൽ മുട്ടിന്മേൽനിന്നു് ധാരധാരയായി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്നതാണു കണ്ടതു്. ആ സഹോദരൻ, അത്ഭുതപാരവശ്യത്തോടെ ഉടൻതന്നെ ആ സംഭവം ഫാദർ ഗാർഡിയനെ അറിയിച്ചു. ഫാദർ ഗാർഡിയൻ ലോറൻസിനെ

അതിനുശേഷം ആദ്യമായി കണ്ടുമുട്ടിയപ്പോൾ കുട്ടിയായി ഇങ്ങനെ ചോദിച്ചു: "ബ്രദർ ഈ ഇടയ്ക്ക് ഒരു കൊച്ചുപുണ്യവാനെപ്പോലെ കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്നുണ്ടല്ലോ?" ബ്രദർ ലോറൻസ് ഇതുകേട്ടപ്പോൾ സന്തോഷപ്രദമായ എന്തോ അനുസ്മരിച്ചപോലെ പെട്ടെന്നു പ്രസന്നവദനനായി ആവേശപൂർവ്വം ഉത്ഘോഷിച്ചു: "ഓ, മാതാവ് എന്നെ സുഖപ്പെടുത്തിയതു് ഓർത്തപ്പോൾ അറിയാതെതന്നെ എന്റെ കണ്ണുകൾ നിറഞ്ഞുപോയതാണ്". അങ്ങനെ ആ നല്ല അമ്മയുടെ അനുഗ്രഹത്താൽ അദ്ദേഹം പൂർണ്ണസുഖം പ്രാപിക്കുയും, വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു് പാദുവായിലേയ്ക്കു പോകുകയും ചെയ്തു.

പാദുവായിൽ തിരിച്ചെത്തിയശേഷം അധികം താമസിയാതെ വൈദികപദവിയിലേയ്ക്കു പടിപടിയായി അദ്ദേഹം മുന്നോട്ടുകടന്നു. 1581-ലെ സെപ്റ്റംബറിൽ സബ്ഡയക്കനേറ്റും ഡിസംബറിൽ ഡയക്കനേറ്റും അദ്ദേഹം സ്വീകരിച്ചു. അസാധാരണ സംഭവങ്ങൾ ലോറൻസിന്റെ ജീവിതത്തിൽ സാധാരണമായിരുന്നു എന്നുതോന്നുന്നു. ഡീക്കനായതിനുശേഷം നമ്മുടെ ബാലസന്യാസി അതാ പ്രസംഗപീഠത്തിലേയ്ക്കു കയറിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം അഥവാ പ്രസംഗപരമ്പരകൾ, വെനീസിൽ നല്കിയ നൊയമ്പുധ്യാനം ആയിരുന്നു. തൽഫലമായി ഡീക്കനായിരുന്നപ്പോൾത്തന്നെ ഒരു പ്രാസംഗികൻ എന്നനിലയിൽ ബ്രദർ ലോറൻസ് നല്ലൊരു പേരുസമ്പാദിച്ചു. ഉത്സാഹപൂർവ്വമായ പഠനത്തിലും അപൂർവ്വം ചിലപ്പോഴൊക്കെയുള്ള പ്രസംഗത്തിലും ഒരു കൊല്ലംകൂടെ അതിവേഗം അങ്ങു കടന്നുപോയി.

1582-ലെ ഡിസംബർ 18-ാംതീയതി ലോറൻസിന്റെ ഹൃദയം ആനന്ദംകൊണ്ടു നൃത്തംവച്ചു. ജീവിതത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം നിവർത്തിതമാകുന്നു. തിരുപ്പട്ടസ്വീകരണം! അദ്ദേഹത്തിന്റെ പാവനമായ ആത്മാവിൽ പൗരോഹിത്യത്തിന്റെ മുദ്ര ദൃഢമായി പതിഞ്ഞു.

5

പ്രാസംഗികൻ

തിരുപ്പട്ടം സ്വീകരിക്കുമ്പോൾ ലോറൻസിന് 23 വയസ്സു പ്രായമുണ്ട്. അദ്ദേഹം ഇപ്പോൾ ക്രിസ്തുവിന്റെ പടയിൽ വെറുമൊരു സൈനികനല്ല, നല്ല പരിശീലനം ലഭിച്ച ഒരു സേനാനിയാണ്. വിദ്വത്വവും വിശ്വാസിയും തികഞ്ഞ ഈ യുവയോഗി മറ്റു യുവവൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ നിയമിതനായി. തിരുപ്പട്ടസ്വീകരണത്തിനുശേഷം ഏതാണ്ടു നാലുകൊല്ലക്കാലം ഈ കർമ്മധീരന്റെ ജീവിതം ഒരു അദ്ധ്യാപകന്റെ ഏറ്റവും ഉത്തരവാദിത്വമേറിയ ചുമതലാനിർവ്വഹണത്തിൽ കഴിഞ്ഞു. ഇക്കാലത്തു് ഒരു പ്രാസംഗികൻ എന്ന നിലയിലും അദ്ദേഹം ഉപര്യുപരി പ്രശസ്തിനേടിക്കൊണ്ടിരുന്നു.

എന്നാൽ ഈ പ്രശസ്തി അല്ല ഫാദർ ലോറൻസു് ഉന്നംവച്ചതു്. അന്നു് പ്രസംഗപാടവത്തിൽ അദ്ദേഹത്തെ അതിശയിക്കുന്നവർ ഇറ്റലിയിൽതന്നെ ഉണ്ടായിരുന്നു. പ്രസംഗവേദിയിൽ മത്സരത്തിനാണ ഫാദർ ലോറൻസു് പുറപ്പെട്ടതെങ്കിൽ, പീറ്റർ ഒഡോൾഫ്, ജെറോം റോക്കോ, ജോസഫ് ലിയോനിസ്സാ മുതലായ പ്രശസ്തവാഗ്മികളുമായിട്ടാണ് മത്സരിക്കേണ്ടിയിരുന്നതു്. അങ്ങനെ എങ്കിൽ ഫാദർ ലോറൻസിനു വിജയം സംശയാസ്പദമായിരുന്നു എന്നുവേണം പറയാൻ. പക്ഷേ വാഗ്മിതപമല്ല, ദൈവനാമം പ്രസംഗിച്ചു പരത്തുകമാത്രമായിരുന്നു ഈ പുണ്യചരിതന്റെ ഏകലക്ഷ്യം. ദരിദ്രനായ ക്രിസ്തുവിനെ, ദരിദ്രർക്കു്, ദരിദ്രരുടെ ഭാഷയിൽ പ്രസംഗിക്കുകയാണല്ലോ പ്രേഷിതധർമ്മം. ഉജ്ജ്വലവും

ഉജ്ജ്വലവുമല്ല, ലളിതവും അർത്ഥസമൃദ്ധവുമായിരുന്നു അ
ദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. ക്രൂശിതനായ ക്രിസ്തുവി
നെയാണ് അദ്ദേഹം പ്രസംഗിച്ചതു്. ദൈവകുമാരന്റെ
അപമാനകരമായ മരണം വിവരിക്കുന്നതിനു് ദീപ്തവും
പ്രൗഢവുമായ ശൈലി ഒരിക്കലും ചേർന്നതല്ലെന്നു് അദ്ദേ
ഹത്തിനു് അറിയാമായിരുന്നു. എന്നുവരികിലും, സ്ഥാപ
കയോഹന്നാൻ പണ്ടു പാപികളെ പശ്ചാത്താപത്തിനു്
ആഹ്വാനംചെയ്തതുപോലെ, വിശുദ്ധ പൗലോസപ്പോ
സ്തലന്റെ പ്രഭാഷണങ്ങൾപോലെ, ഊർജ്ജസ്വലവും സ
ജീവവുമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ.

അദ്ധ്യാപകവൃത്തിയിലും പ്രസംഗത്തിലുംകഴിഞ്ഞ
ഇക്കാലത്തു് ആയിരിക്കാം ഫാദർ ലോറൻസു് തന്റെ ഗ്ര
ന്ഥങ്ങൾ രചിച്ചതു്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ
പ്രധാനമായതു് "മരിയാലെ" ആണു്. അതു് ഒരു പുസ്ത
കരൂപത്തിൽ എഴുതിയതല്ല. പല സന്ദർഭങ്ങളിലായി
മാതാവിനെപ്പറ്റി ചെയ്ത പ്രസംഗങ്ങളുടെ ഒരു ശേഖരം
മാത്രം.

പതിന്നാലാമത്തെ വയസ്സിൽ, സ്നേഹസമ്പന്നയായ
തന്റെ അമ്മയോടു യാത്രയും ചൊല്ലി, വിശാലവും ആ
പത്തുകൾ നിറഞ്ഞതുമായ ജീവിതരംഗത്തിലേയ്ക്കു് ഓടി
ഇറങ്ങിയ ഈ ബാലനെ, ഒരിയ്ക്കലും പിരിയാതെ സ്നേ
ഹപൂർവ്വം പരിരക്ഷിച്ചു, ഒരു അമ്മയായിരുന്നു പരിശുദ്ധ
മറിയം. ഫാദർ ലോറൻസു് ഈ പരമാർത്ഥം ഒരിയ്ക്കലും
വിസ്മരിച്ചില്ല. തന്റെ ബാല്യത്തിനു താങ്ങും തണലും
സ്നേഹസമ്പത്തും പ്രദാനംചെയ്ത ഈ സ്വർഗ്ഗീയ റാണിയെ
അദ്ദേഹം അകമഴിഞ്ഞു സ്നേഹിച്ചു. മറിയത്തെപ്പറ്റി
പ്രതിപാദിയ്ക്കുമ്പോൾ, പ്രസംഗപീഠത്തിലായാലും അല്ലെ
ങ്കിലും, അദ്ദേഹത്തിന്റെ വാക്കുകൾ അസാധാരണമായ
ഏതോ ചൈതന്യവിശേഷവും വികാരാവേശവും ഉൾ
ക്കൊണ്ടിരുന്നു.

'മരിയാലയി'ൽ ഏറ്റവും വിലയേറിയ ഭാഗം, മറി
യത്തിന്റെ അമലോത്ഭവത്തെ സ്ഥാപിക്കുന്ന പതിനൊ

ന്ന പ്രസംഗങ്ങളാണ്. രക്ഷകന്റെ മാതാവ് എന്ന നിലയിൽ മറിയത്തിന്റെ സ്ഥാനമഹിമയും അതിൽനിന്ന് അവളുടെ അമലോത്ഭവവും അദ്ദേഹം യുക്തിപൂർവ്വം തെളിയിക്കുന്നുണ്ട്. ഇന്ന് അമലോത്ഭവ പ്രഖ്യാപനവും അതിന്റെ ശതാബ്ദിജൂബിലി ആഘോഷവും കഴിഞ്ഞിരിക്കുന്നു. എന്നിട്ടും മൂന്നൂറാണ്ടുകൾക്കുമുൻപ് ഈ മേരിയൻ വേദപണ്ഡിതൻ എഴുതിയതുപോലെ അത്ര വിശദമായി, അത്ര പ്രസന്നമായി, അത്ര ഭക്ത്യുദ്ദീപകമായി, അമലോത്ഭവത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം ഇതുവരെയും ഉണ്ടായിട്ടില്ല. ഈ ഇരുപതാം നൂറ്റാണ്ടിൽ ജീവിക്കുന്നവർക്കുപോലും, മധുരവും, ഹൃദയാവർജ്ജകവുമായ ശൈലിയിലാണ് മറിയത്തിന്റെ മഹിമകൾ അദ്ദേഹം പാടിയത്.

6

യൂദന്മാരുടെ ഇടയിൽ

പ്രസംഗത്തിൽ എന്നതിനേക്കാൾ പ്രവൃത്തിയിൽ, ത്യാഗസുന്ദരമായ പ്രവൃത്തിയിൽ വിശ്വസിക്കുന്നവനായിരുന്നു ഫാദർ ലോറൻസ്. അദ്ദേഹത്തിന്റെ പ്രേഷിതചൈതന്യം ആദ്യം പ്രവർത്തിച്ചതു് യൂദന്മാരുടെ മാനസാന്തരത്തിനായിട്ടാണ്. വിശുദ്ധ ഗ്രന്ഥങ്ങളിലും ഹീബ്രൂ ഭാഷയിലും ഈ യുവസന്യാസ വൈദികന്റെ അഗാധമായ പാണ്ഡിത്യത്തെപ്പറ്റി അറിഞ്ഞ ഗ്വർഗരി പതിമ്മൂന്നാമൻ അദ്ദേഹത്തെ റോമിലെ യൂദന്മാരോടു വേദം പ്രസംഗിക്കുവാൻ നിയമിച്ചു.

നമ്മുടെ യുവസന്യാസിയുടെ പാണ്ഡിത്യവും വചോവിലാസവുമല്ല, ആത്മാർത്ഥതയും ജീവിതവിശുദ്ധിയുമാണ്, യൂദന്മാരെ ആകർഷിച്ചതു്. പണ്ഡിതരായ യൂദർ

ബായിമാർ വിശുദ്ധഗ്രന്ഥങ്ങളും വഹിച്ചുകൊണ്ട് വിവാദത്തിനായി ഒരുങ്ങി വരും. ഫാദർ ലോറൻസ് ഉപവാസവും പ്രാർത്ഥനയുംകൊണ്ട് തയ്യാറെടുക്കും. അത്യാവശ്യമെന്നു കണ്ടാൽ തന്റെ ഹീബ്രുബൈബിൾമാത്രം അദ്ദേഹം കൂടെകൊണ്ടു പോയിരുന്നു. പഴയ നിയമത്തിലുള്ള പ്രതിരൂപങ്ങളുടെയും പ്രവചനങ്ങളുടെയും യഥാർത്ഥ സ്വഭാവവും അവ പുതിയ നിയമത്തിൽ നിവർത്തിതമാകുന്നതും ഏവർക്കും ഹൃദ്യമായരീതിയിൽ അദ്ദേഹം വിവരിക്കും. സാധാരണയായി ഹീബ്രുമാതൃകയിലുള്ള വ്യാഖ്യാനമാണ് വിശുദ്ധവാക്യങ്ങൾക്ക് അദ്ദേഹം നൽകിയത്. റബായിമാരുടെ അഭിപ്രായങ്ങൾ അദ്ദേഹം ബഹുമാനിച്ചിരുന്നു. തെറ്റായ വിശ്വാസങ്ങൾതന്നെയും, സൗമ്യമായി, വിവേകപൂർവ്വമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നത്. അതിനാൽ അവരുടെ ഇടയിൽ അദ്ദേഹം വളരെ രമ്യമായി കഴിഞ്ഞു. ഒരിസ്സൽമാത്രം പെനീസിൽവച്ച് ഫാദർ ലോറൻസിന്റെ വിജയത്തിൽ അസൂയാലുക്കളായിതീർന്ന കുറേ റബായിമാർ അദ്ദേഹത്തെ രഹസ്യമായി കൊലപ്പെടുത്തുന്നതിനു് ആലോചന നടത്തുകയുണ്ടായി. പക്ഷേ അവരുടെ പ്ലാൻ പരാജയപ്പെടുകയും, അതിനു ശേഷം അവർ അദ്ദേഹത്തോട് സൗമ്യമായും സന്തോഷമായും പെരുമാറുകയും ചെയ്തു.

പ്രസംഗംകൊണ്ടോ വാദപ്രതിവാദംകൊണ്ടോ സാധിയ്ക്കാതെ വന്നതു് നിസ്വാർത്ഥമായ സ്നേഹംകൊണ്ട് അദ്ദേഹം നിവ്വഹിച്ചു. എവിടെയും യൂദന്മാരെ വലയം ചെയ്തിരുന്ന ദുരിതസ്ഥിതികൾ നീങ്ങിക്കിട്ടുവാൻ ഫാദർ ലോറൻസ് കഴിവതും പരിശ്രമിച്ചു. ഉദാഹരണമായി മാൻറുവാ (Mantua) നഗരത്തിന്റെ ഒരു ഭാഗം യൂദന്മാക്കായി വിട്ടുകൊടുക്കുവാൻ മാൻറുവാ പ്രഭുവിനെ അദ്ദേഹം പ്രേരിപ്പിച്ചു. ആ ഭാഗത്തുള്ള സകല ക്രിസ്തീയ എംബ്ളങ്ങളും അവിടെനിന്നു് ഏടുപ്പിച്ചുകളഞ്ഞു. അങ്ങനെ എല്ലാ പ്രകാരത്തിലും തങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിയ്ക്കുന്ന ഒരു ഉത്തമസുഹൃത്തിനെയാണ് ആ യുവസന്ന്യാസിയിൽ അവർ കണ്ടതു്.

ഇക്കാലത്ത് യൂദന്മാക്കായി "ഉൽപ്പത്തിയുടെ പുസ്തകത്തെ" പരാമർശിച്ച് ഫാദർ ലോറൻസ് എഴുതിയ വ്യാഖ്യാനം "Explanatio in Genesim" ഇന്നും വിശുദ്ധ ഗ്രന്ഥങ്ങളിൽ അളേഹത്തിൻറെ അഗാധമായ ജ്ഞാനത്തിനും, യൂദന്മാരുടെ മാനസാന്തരത്തിൽ അളേഹം ഉൾക്കൊണ്ട അഭിനിവേശത്തിനും സാക്ഷ്യം വഹിയ്ക്കുന്നു.

7

എൻറെ ഗാർഡിയൻ

മൂന്നു കൊല്ലത്തെ തീഷ്ണമായ പ്രേഷിതപ്രവർത്തനത്തിനുശേഷം വിശ്രമപൂർണ്ണവും പ്രാർത്ഥനാനിരതവുമായ ഒരു ജീവിതം സ്വപ്നം കണ്ടു കൊണ്ടായിരിയ്ക്കണം ഫാദർ ലോറൻസ് ആശ്രമത്തിൽ തിരിച്ചെത്തിയത്. പക്ഷേ ദൈവനിശ്ചയം മറിച്ചായിരുന്നു. ഈ യുവ വൈദികൻറെ അസാധാരണമായ കഴിവുകളെപ്പറ്റി ബോദ്ധ്യംവന്ന സഭാധ്യക്ഷന്മാർ അളേഹത്തെ ഗിഡേക്കായിലെ ഗാർഡിയ (സുപ്പീരിയർ) നായി നിയമിച്ചു. അങ്ങനെ 1587-ൽ ഫാദർ ലോറൻസ് വെനേഷ്യൻ പ്രോവിൻസിലെ ഗിഡേക്കാ ആശ്രമത്തിലേയ്ക്കു പോയി.

ഇവിടെയും ഒരു ആശ്രമാധിപനെ സംബന്ധിയ്ക്കുന്ന ചുമതലാനിർവ്വഹണം ഒഴിച്ചാൽ, അളേഹത്തിൻറെ ജീവിതം പഠനത്തിലും പ്രസംഗത്തിലുമാണു കഴിഞ്ഞത്. പഠിയ്ക്കുകയും പഠിപ്പിയ്ക്കുകയും ചെയ്യുക ഒരു വൈദികൻറെ കടമകളാണല്ലോ? പ്രേഷിതപ്രമുഖനായ വിശുദ്ധ പൗലോസപ്പോസ്തലൻറെ ചിന്താഗതിതന്നെ ആയിരുന്നു ഫാദർ ലോറൻസിൻറേതും "ഞാൻ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിയ്ക്കു ദുരിതം."

റോമിലെ തിക്കും തിരക്കും പിടിച്ച തെരുവീഥികളെക്കാളും, കമ്പോളമുഖരിതമായ ജീവിതത്തെക്കാളും, ഗി

ഡേക്കായിലെ പ്രശാന്തമായ ഗ്രാമപ്രദേശവും, അവിടത്തെ ധ്യാനനിരതമായ ജീവിതവും, ഫാദർ ലോറൻസിനു് ഇഷ്ടപ്പെട്ടു. എങ്കിലും ഒരു വിഷമം. അധികാരത്തിൽ ആയതിനുശേഷം ചില പുണ്യങ്ങൾ അഭ്യസിയ്ക്കുവാൻ സന്ദർഭം ഇല്ലാതെ ആയിരിയ്ക്കുന്നു. എല്ലാവക്കും കല്പന കൊടുത്തുകൊണ്ടു് ആരെയും അനുസരിയ്ക്കാതെ കഴിയുമ്പോൾ എളിമയും അനുസരണയും എങ്ങനെ പരിശീലിയ്ക്കാനാണു്? ഇതു ദൈവനിശ്ചയമാണെന്നു സമാധാനപ്പെടാം. പക്ഷേ പുണ്യാഭ്യാസത്തിന്റെ കാര്യത്തിൽ അങ്ങനെ മിണ്ടാതിരിയ്ക്കുന്ന സ്വഭാവമല്ല ഫാദർ ലോറൻസിന്റേതു്. ഈ ന്യൂനതക്കുടെ പരിഹരിയ്ക്കുവാൻ പല പോംവഴികളും ആരായുമ്പോഴാണു് ഇങ്ങനെ ഒരു ബുദ്ധി അദ്ദേഹത്തിനു തോന്നിയതു്. "ബ്രദർ മൈക്കൾ" അദ്ദേഹം ഒരു ദിവസം ആ ഞൊളോഞ്ഞാക്കാരൻ തുണസഹോദരനെ വിളിച്ചു. "ബ്രദർ എനിയ്ക്കു് ഒരു ഉപകാരം ചെയ്യുമോ?" "ഉം" കാര്യമെന്തെന്നു് അറിയുവാനുള്ള ആഗ്രഹത്തോടെ ബ്രദർ ഉടനേ സമ്മതംമൂളി. "എല്ലാവക്കും ഒരു ഗാർഡിയനുണ്ടു്" അദ്ദേഹം പറഞ്ഞുതുടങ്ങി. "എനിയ്ക്കു മാത്രം ഗാർഡിയനില്ല. ബ്രദർ എന്റെ ഗാർഡിയൻ ആകണം. അത്രയും മതി." "അച്ചന്റെ ഗാർഡിയനോ; ദയവുചെയ്തു കളിയാക്കാതെ വല്ല കാര്യവുമുണ്ടെങ്കിൽ പറ" ശുദ്ധമനസ്കനായിരുന്ന ആ ബ്രദർ ബദ്ധപ്പെട്ടു തന്നത്താൻ നിയന്ത്രിച്ചുകൊണ്ടു പ്രതിവചിച്ചു. "ശരി" ഫാദർ ലോറൻസു തുടർന്നു "ബ്രദർ എന്തായാലും സമ്മതിച്ചതാണല്ലോ, ഇത്രമാത്രമേ ഞാൻ ചോദിയ്ക്കുന്നുള്ളു. ദയവുചെയ്തു് എന്റെ കുറ്റങ്ങളും കുറവുകളും ബ്രദർ എനിയ്ക്കു ചൂണ്ടിക്കാണിച്ചുതരണം. അതിനു ഞാൻ എന്നും ബ്രദറിനോടു നന്ദിയുള്ളവനായിരിയ്ക്കും." ഇതു കേട്ടപ്പോൾ, അറിയാതെ തെന്നുതീയിൽ ചവുട്ടിയതുപോലുള്ള ഒരു അനുഭവമാണു് ബ്രദറിനുണ്ടായതു്. എന്തു ചെയ്യാം സമ്മതിച്ചുപോയി. അങ്ങനെ ആ അസുഖകരമായ ജോലി ബ്രദർ മൈക്കൾ ഏറ്റെടുത്തു; വിശ്വസ്തതയോടെ നിർവ്വഹിയ്ക്കുകയും ചെയ്തു.

ഫാദർ ലോറൻസിന്റെ ദിവസങ്ങൾ ഓരോന്നും പ്രാർത്ഥനയിലും, പഠനത്തിലും, പ്രസംഗത്തിലും അങ്ങനെ കടന്നുപോയി. ഈ പുതിയ സ്ഥലത്തെ പുതിയ ക്രമതലകൾ നിവ്വഹിയ്ക്കുന്നതിനു് മൈക്കൾ സഹോദരന്റെ സഹായം വളരെ വിലയേറിയതായിതീർന്നു. നമ്മുടെ വേദപണ്ഡിതൻ ചിലപ്പോൾ പഠിയ്ക്കുകയായിരിയ്ക്കും; ചിലപ്പോൾ പ്രസംഗങ്ങൾ എഴുതുകയായിരിയ്ക്കും. സമയം പോകുന്നതു് അറിയുകയില്ല. അപ്പോൾ വന്നും ബ്രദർ മൈക്കൾ "നമ്മുടെ ഗാർഡിയനച്ചൻ ഒരു പുസകപ്പുഴു ആയിപ്പോയല്ലോ, കഷ്ടം! അച്ചനു് എപ്പോഴും ഈ മുറിയ്ക്കകത്തു് ഒളിച്ചിരുന്നാൽ മതിയോ? നാലഞ്ചു മണിക്കൂറായി ഈ ഇരുപ്പു് ഇരിയ്ക്കാൻ തുടങ്ങിയിട്ടു്." ബ്രദറിന്റെ ഈ ശകാരവർഷം അവസാനിയ്ക്കുമ്പോൾ, ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കുറേറം സമ്മതിച്ചു് അദ്ദേഹം ഉടനേ അവിടെനിന്നു് എഴുന്നേറ്റു പോകും. എന്തായാലും ബ്രദർ മൈക്കളിന്റെ പുസകപ്പുഴു, പ്രസംഗിയ്ക്കുന്നതിനു മാത്രമല്ല, പ്രവർത്തിയ്ക്കുന്നതിനും സമർത്ഥനാണെന്നു് താമസിയാതെതന്നെ വ്യക്തമായി. ഗിഡേക്കായിലെ ആശ്രമത്തിനു് സകല വിധത്തിലും ഉണ്ടായ അഭിവൃദ്ധി ഫാദർ ലോറൻസിന്റെ ഭരണസാമർത്ഥ്യത്തിനു് പ്രത്യക്ഷമായ തെളിവായിരുന്നു.

തന്മൂലം 1590–ൽ തസ്കനിയിലെ കപ്പുച്ചിൻസന്യാസികൾ അദ്ദേഹത്തെ അവരുടെ പ്രൊവിൻഷ്യലായി തിരഞ്ഞെടുത്തു. ആദ്യം 1590 മുതൽ 1592 വരെയും, പിന്നീടു് 1594 മുതൽ 1596 വരെയും അദ്ദേഹം തസ്കൻ പ്രൊവിൻസു ഭരിച്ചു. ഇടയ്ക്കുള്ള രണ്ടു കൊല്ലക്കാലത്തു് ക്ലമൻറ് 8–ാമൻ മാർപ്പാപ്പായുടെ ആജ്ഞ അനുസരിച്ചു് യുദന്മാക്കു് അപ്പസ്തോലിക പ്രാസംഗികനായി ജോലി ചെയ്യേണ്ടതായി വന്നു. അതിനുശേഷം വീണ്ടും തസ്കനിയിലെ സഹോദരങ്ങൾ അദ്ദേഹത്തെ പ്രൊവിൻഷ്യലായി തിരഞ്ഞെടുത്തതിൽനിന്നു് ഈ യുവസന്യാസിയുടെ ഭരണപാടവം എന്തായിരുന്നു എന്നു് നമുക്കു് ഊഹിയ്ക്കാം.

ഭരണ സമർത്ഥനായ ഒരു സന്യാസസഭാദ്ധ്യക്ഷനെ എന്നതിനേക്കാൾ, പുണ്യസമ്പന്നനായ ഒരു മഹാനെയാണ് അന്നത്തെ ലോകം ഫാദർ ലോറൻസിൽ ദർശിച്ചത്. പുറമേ കണ്ട ആ ജീവിതവിജയം ആന്തരികമായ പുണ്യജീവിതത്തിന്റെ പ്രതിഫലനം മാത്രമായിരുന്നു. കർമ്മനിരതമായ തന്റെ ജീവിതത്തിനു വേണ്ടിവന്ന ആത്മീയശക്തി നിരന്തരമായ പ്രാർത്ഥനവഴിയാണ് അദ്ദേഹം സമ്പാദിച്ചതെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിലെ പല സംഭവങ്ങളും തെളിയിക്കുന്നുണ്ട്. ഇതേപ്പറ്റി ഫാദർ അഞ്ജോസ് വിവരിയ്ക്കുന്നത് ഇപ്രകാരമാണ്. "ചില എഴുത്തുകൾക്ക് ഒപ്പു കിട്ടുവാൻ പല പ്രാവശ്യം എനിയ്ക്ക ഫാദർ ലോറൻസിന്റെ മുറിയിലേക്കു പോകേണ്ടതുണ്ടായിരുന്നു. ഞാൻ കതകിൽ മുട്ടുമ്പോൾ 'സല്പം നിൽക്കണേ' എന്ന്. അകത്തുനിന്നു സ്വരം ഉണ്ടായാൽ, നിൽക്കാതെ പൊയ്ക്കളയണമെന്ന് അദ്ദേഹം മുൻകൂട്ടി എന്നോടു പറഞ്ഞിരുന്നു. അങ്ങനെ ചിലപ്പോൾ മുറിയ്ക്കുള്ളിൽ ചെല്ലുമ്പോൾ അദ്ദേഹം അകത്തു് ആരോടോ സംസാരിയ്ക്കുന്നതുപോലെ എനിയ്ക്കു തോന്നിയിട്ടുണ്ട്. അതു് ആരാണെന്ന് ഞാൻ ഒരിയ്ക്കൽ അദ്ദേഹത്തോടു ചോദിച്ചപ്പോൾ "ഓ, പാവം!" ("Ah Simplicitas!") എന്നു് അത്ഭുതം പ്രകടിപ്പിച്ചെന്നല്ലാതെ എനിക്കു മറുപടി തന്നില്ല. വേറൊരവസരത്തിൽ ഞാൻ മുറിയിൽ കടന്നു ചെല്ലുമ്പോൾ അദ്ദേഹം ധ്യാനിയിൽ കണ്ണുനീർ തുടച്ചു കളയുന്നതു കണ്ടു. യാത്ര ചെയ്യുമ്പോഴും ചിലപ്പോൾ ഫാദർ ലോറൻസ് ദൈവചിന്തയിൽ ലയിച്ചു് തന്നത്തന്നെ മറന്നുപോകും. ഒരിയ്ക്കൽ അങ്ങനെ ധ്യാനത്തിൽ മുഴുകി നടക്കുമ്പോൾ എന്റെ ചോദ്യങ്ങൾ കേൾക്കുന്നതിനുപോലും അദ്ദേഹത്തിനു കഴിഞ്ഞില്ല." അങ്ങനെ ലോറൻസിന്റെ നിത്യസഹചാരി ആയിരുന്ന ഫാദർ അഞ്ജോസിനുപോലും അദ്ദേഹം ശരീരത്തിൽ ജീവിയ്ക്കുന്ന ഒരു മാലാഖ ആയിരുന്നു.

ഈ പുണ്യചരിതന്റെ ആത്മാർത്ഥമായ സേവനം യൂദന്മാക്കും കുഷ്ഠച്ചിൻ സഹോദരങ്ങൾക്കും മാത്രമല്ല, യൂ

റോപ്പിലെ കത്തോലിക്കസഭയ്ക്കു പൊതുവെ ആവശ്യമായിരുന്നു. 1596 മേയ് മാസം 31-ാംതീയതി ഫാദർ ലോറൻസ് കപ്പുച്ചിൻസഭയുടെ ഡെഫിനിറ്റർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. ഈ നിയമനത്തോടുകൂടി ലോറൻസിന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നു. ഇതുവരെയും സുവിശേഷപ്രസംഗത്തിലും സ്വഭാവരണത്തിലും കഴിച്ച അദ്ദേഹം ഇപ്പോൾ രാഷ്ട്രീയരംഗത്തേയ്ക്കിറങ്ങി യൂറോപ്പിൽ രാഷ്ട്രീയത്തിന്റെ കൂടിഞ്ഞാൺ പിടിക്കാൻ പോകയാണു്.

8

വാടാത്ത പൂക്കൾ

ഫാദർ ലോറൻസിനെപ്പോലുള്ള തീക്ഷ്ണമാനസരായ യുവപ്രേഷിതരെ ലോകത്തിൽ ആവശ്യമായിരുന്ന അക്കാലത്തു് അദ്ദേഹം ഡെഫിനിറ്റർ ജനറൽസ്ഥാനവും അലങ്കരിച്ചു് റോമിൽ താമസിക്കുവാൻ പോകുന്നില്ല. പ്രോട്ടസ്റ്റൻറിസത്തിന്റെ പ്രചാരം തടയുന്നതിനു് ഈശോസഭാംഗങ്ങളുടെയും കപ്പുച്ചിൻ സന്യാസികളുടെയും സഹായം യൂറോപ്പിലെ മെത്രാന്മാർ അഭ്യർത്ഥിച്ചുതുടങ്ങി. ഈശോസഭക്കാർ പ്രഭുക്കളുടെ ഇടയിലും കപ്പുച്ചിൻ സന്യാസികൾ സാധാരണക്കാരുടെ ഇടയിലും തുടങ്ങിയ പ്രവർത്തനങ്ങൾ വിജയംവരിക്കുന്നതു് അവർ കണ്ടു. ബൊഹേമിയായിൽ കപ്പുച്ചിൻ സന്യാസികളുടെ സഹായം ഇതുവരെയും എത്തിയിരുന്നില്ല. 1597 ഫെബ്രുവരി 7-ാംതീയതിയാണു് ബൊഹേമിയായിലേയ്ക്കു് ഈ സന്യാസികളുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രേഗ് മെത്രാപ്പോലീത്താ സ്ലിനാക്ക് ബെർക്കാ (Zbinak Berk) യുടെ കത്തു്, കപ്പുച്ചിൻ വികർ ജനറൽ ഫാദർ ജെറോം സോർബോ (Jerome Sorbo) യ്ക്കു കിട്ടിയതു്. 1599-ലെ ചാപ്റ്റർ ഇതേപ്പറ്റി കാര്യമായി യാതൊന്നും തീരുമാനിക്കുന്ന മട്ടില്ലായിരുന്നു. മെത്രാപ്പോലീത്താ വിഷ

മിച്ചു് മാപ്പാപ്പായ്ക്കുതന്നെ നേരിട്ടു് അഭ്യർത്ഥനയപ്പിച്ചു. ക്ലമൻറ് 8-ാമൻ പാപ്പാ ഈ സംഗതി ജനറലിനെ ഒന്നുക്കൂടെ ഓർമ്മിപ്പിക്കുകയും ചെയ്തു.

തൽഫലമായി 1599-ലെ ചാപ്റ്ററർ പിരിയുന്നതിനു മുൻപു് ഒരുസംഘം സന്യാസികൾ ബൊഹേമിയായിലേയ്ക്കു നിയമിതരായി. അവരുടെ നായകത്വം ഫാദർ ലോറൻസിന്റെ ചുമലിലാണു വന്നുവീണതു്. അദ്ദേഹത്തിന്റെ നിയമനം മാപ്പാപ്പായ്ക്കും സഭ്യസമ്മതമായിരുന്നു. വിശ്വാസപ്രചരണസംഘം (Congregation of 'Propaganda Fide') സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള ജോലിയിൽ തിരുമേനിയ്ക്കു ലോറൻസുമായി ഇടപെടുന്നതിനും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും കാര്യശേഷിയും കണ്ടറിയുന്നതിനും സൗകര്യമുണ്ടായതാണു്.

ഫാദർ ലോറൻസ് ഉൾപ്പെടെ 12 പേരുള്ള ആ സന്യാസസംഘം ഏതാണ്ടു് ജൂലൈമാസത്തോടുക്കുടി വെനീസിൽ സമ്മേളിച്ചു. അവിടെനിന്നു കാൽനടയായി അവർ വിയന്നായിലേയ്ക്കു പുറപ്പെട്ടു. പ്രോട്ടസ്റ്റൻറിസത്തിന്റെ സങ്കേതമായിരുന്ന ടിറൽ (Tyrrel) നാട്ടിലൂടെയാണു് ആ യാത്ര. അവർ പോപ്പിന്റെ ചാരന്മാർതന്നെ എന്നുകരുതി, പ്രോട്ടസ്റ്റൻറുജനങ്ങൾ അവരെ വെറുപ്പോടും വിദ്വേഷത്തോടുമാണു വീക്ഷിച്ചതു്. സന്യാസവസ്ത്രത്തിന്റെ പ്രത്യേകതതന്നെ അവരെ പരിഹാസപാത്രങ്ങളാക്കി. വിശുദ്ധ ഫ്രാൻസീസിന്റെ ആദിമശിഷ്യന്മാർക്കു് ആ നാട്ടിലെ അപരിചിതരിൽനിന്നു സഹിക്കേണ്ടതായിവന്ന അപമാനങ്ങൾ ഓർത്തു് അവർ സമാധാനിച്ചു.

ആഗസ്റ്റ് 28-ാംതീയതി ഈ സന്യാസസംഘം വിയന്നായിലെത്തി. അവിടത്തെ ഗവണ്മെൻറ് മത്തിയാസ്സ് പ്രഭുതുക്കിക്കളോടുള്ള യുദ്ധംപ്രമാണിച്ചു് അവിടെനിന്നു പോയിരുന്നു. യാത്രാക്ഷീണവും കാലാവസ്ഥയുടെ കാഠിന്യവുംനിമിത്തം ചിലരെല്ലാം രോഗഗ്രസ്തരായി. അന്നു ബൊഹേമിയായിലെ നഗരങ്ങളിൽ ഒരു ഭയങ്കരവ്യാധി പടർന്നുപിടിച്ചിരുന്നതിനാൽ വിദേശീയർക്കു് അവിടങ്ങളിൽ പ്രവേശനം

നിരോധിക്കപ്പെട്ടിരുന്നു. എന്തായാലും പ്രേഗിലേയ്ക്കു യാത്ര തുടരുന്നതിനുമുൻപു് ഗവണ്മെന്റുകളുടെ വരവുകാത്തു വിയന്നായിൽ കുറേനാൾക്കൂടെ കഴിച്ചുകൂട്ടുവാൻ അവർ നിശ്ചയിച്ചു.

അങ്ങനെ ഇരിക്കുമ്പോൾ, ഈ യാചകസംഘത്തിന്റെ മിഷൻയാത്രയ്ക്കു് സ്വർഗ്ഗത്തിൽനിന്നുള്ള ഒരു പ്രത്യേകഅംഗീകാരം എന്നവണ്ണം ആ സംഭവം ഉണ്ടായി. നമ്മുടെ മേരീഭക്തൻ മാതാവിന്റെ ഒരു ചെറിയരൂപം പൂക്കൾനിറച്ച ഒരു പെട്ടിയിൽകൊണ്ടുപോയിരുന്നു. വിയന്നായിൽവച്ചാണു് ആദ്യമായി അദ്ദേഹം ആ പെട്ടി തുറക്കുന്നതു്. എന്തൊരത്ഭുതം! രണ്ടുമാസത്തിനുമുൻപു് ഇറാലയിൽവച്ചു് ഇറുത്തെടുത്ത പൂക്കൾ ഇപ്പോഴും ഒരു വാട്ടവുംതട്ടാതെ സുഗന്ധം പരത്തുന്നു. പിന്നെയും അധികംനാൾ ആ പൂക്കൾ അപ്രകാരംതന്നെ സ്ഥിതിചെയ്തു. അലൗകികമായ ആ കാഴ്ച, മാതാവിന്റെ പ്രത്യേകസ്നേഹത്തിനു് സ്വർഗ്ഗത്തിൽനിന്നു ലഭിച്ച ഈ അടയാളം അവരെ ഉന്മേഷഭരിതരാക്കി. ഇനി എത്ര ദുരിതങ്ങൾ വേണമെങ്കിലും അനുഭവിക്കുന്നതിനും മരണംതന്നെ നേരിടുന്നതിനും അവർക്കു പുതുതായ ഒരു ധൈര്യം തോന്നി.

വിയന്നായിലെ ഫ്രാൻസിസ്കൻ കൺവെഞ്ചൽ സന്യാസികളാണു് ആദ്യം അവർക്കു് അഭയം നല്കിയതു്. പക്ഷേ താമസിയാതെതന്നെ അവിടുത്തെ കത്തോലിക്കർ ഈ പുതിയ സഹോദരങ്ങൾക്കു് താല്ക്കാലികമായ ഒരു വസതി ഉണ്ടാക്കിക്കൊടുത്തു. അപ്പോഴേയ്ക്കും ഗവണ്മെന്റ് യുദ്ധത്തിൽനിന്നു തിരിച്ചെത്തിയിരുന്നു. കപ്പുച്ചിൻ സന്യാസികൾ വന്ന വിവരമറിഞ്ഞപ്പോൾ അദ്ദേഹം അതിയായി സന്തോഷിച്ചു. വിയന്നായിൽ സ്ഥിരമായ ഒരു ആശ്രമം സ്ഥാപിക്കുവാൻ ഫാദർ ലോറൻസിനോടു് അദ്ദേഹം അപേക്ഷിച്ചു. തദനുസരണം അവിടെ ജോലിചെയ്യുവാൻ ആറു സഹോദരങ്ങളെ നിശ്ചയിച്ചിട്ടു് ശേഷമുള്ളവരുമായി ഫാദർ കമ്മിസ്സാറി പ്രേഗിലേയ്ക്കു തിരിച്ചു. സകല പുണ്യവാന്മാരുടെ നവനാൾ ആഘോഷം കഴിഞ്ഞു് വിയന്നയിൽനിന്നു യാത്രയായ ഈ സന്യാസസംഘം നവംബർ 13-ാംതീയതിയാണു് പ്രേഗിൽ എത്തിയതു്.

9

ഭയമൊന്നുമില്ല

അന്നു പ്ലേഗിൽ പടർന്നുപിടിച്ച ഭയങ്കരവ്യാധി അനേകരുടെ ജീവനാശം വരുത്തിക്കഴിഞ്ഞിരുന്നു. ഉഡോൾഫ് രണ്ടാമൻ ഈ ആപത്തിൽനിന്നു രക്ഷതേടി പിത്സണി (Pilsen) ലേയ്ക്കു താമസംമാറ്റി. പ്ലേഗിലെ ആശുപത്രികൾ സന്യാസികളുടെ പ്രവർത്തനരംഗമായി. കത്തോലിക്കരെന്നും പ്രോട്ടസ്റ്റൻറുകാരെന്നും ഉള്ള വ്യത്യാസംകൂടാതെ പ്ലേഗു ബാധിച്ചവരെ എല്ലാം ശുശ്രൂഷിച്ചു് ആശ്വസിപ്പിക്കുന്നതിൽ നമ്മുടെ സന്യാസസഹോദരങ്ങൾ വ്യാപൃതരായി. ആശുപത്രിയിലെ ജോലിയുള്ള സൗകര്യത്തിനായി അവർ അതിനു സമീപംതന്നെ താമസം ഉറപ്പിച്ചു.

എന്നാൽ കപ്പുച്ചിൻ സന്യാസികൾ ബൊഹേമിയായിൽ വന്നതിനു് വളരെ പ്രത്യേകമായ ഒരു ഉദ്ദേശം ഉണ്ടായിരുന്നു. അവർ അതു മറന്നില്ല. പ്ലേഗും ദാരിദ്ര്യവുംനിമിത്തം ജീവിതം ദുസ്സഹമായിത്തോന്നിത്തുടങ്ങിയ അക്കാലത്തു് ജനലക്ഷങ്ങൾക്കു സകല ആദ്ധ്യാത്മികാശ്വാസങ്ങളും നിരോധിച്ചുകൊണ്ടു് ക്രൂരതയിൽ വിജയം നടിക്കുന്ന രാക്ഷസിയെപ്പോലെ പ്രോട്ടസ്റ്റൻറിസം യൂറോപ്യൻ രാജ്യങ്ങളിൽ ജൈത്രയാത്ര ചെയ്യുകയായിരുന്നു. അതിനെതിരേ പടിയിൽനിന്നു ജനങ്ങളെ രക്ഷിക്കുകയാണു് ഫാദർ ലോറൻസിനെയും സഹോദരങ്ങളുടെയും കർത്തവ്യം.

വാസ്തവത്തിൽ പ്ലേഗിൽ വന്ന നാൾമുതൽ ഈ കർത്തവ്യനിർവ്വഹണത്തിനായി അവർ തയ്യാറെടുക്കുകയായിരുന്നു. ബൊഹേമിയായിലെ പ്രോട്ടസ്റ്റൻറുപ്രാസംഗികരെ മുഴുവൻ

കേട്ട് അവരുടെ ആശയഗതികളും ഭാഷാശൈലിയും ഈ സന്യാസികൾ പഠിക്കുന്നുണ്ടായിരുന്നു.

അങ്ങനെ കുഴിവുള്ള സകലവിധത്തിലും തയ്യാറായ ശേഷം ഫാദർ ലോറൻസും സംഘവും പ്രസംഗം ആരംഭിച്ചു. ഓരോ ഇടവകകൾ സന്ദർശിച്ചു ധ്യാനപ്രസംഗങ്ങൾ നടത്തി. എന്നാൽ പ്രസംഗങ്ങൾകൊണ്ടുമാത്രം അവർ തൃപ്തി പ്പെട്ടില്ല. പൊതു പ്രാർത്ഥനകൾ, പ്രദക്ഷിണങ്ങൾ, ഭക്തഗാനങ്ങൾ, കുർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ചുള്ള ആരാധന, മുതലായി വിവിധ പരിപാടികൾ ഉൾക്കൊള്ളുന്ന മിഷൻ ദിവസങ്ങൾ ഇടവക പള്ളികളിൽ അസാധാരണമായ ആഘോഷത്തിന്റെ ദിവസങ്ങളായിരുന്നു. ഒരു ഉന്മേഷം, ആദ്ധ്യാത്മികമായ ഒരു ഉണർവ്വ് ജനങ്ങളുടെ ഇടയിൽ ദൃശ്യമായിതുടങ്ങി. ഭാഷയിൽ അപരിചിതരായിരുന്ന ആ സന്യാസികളുടെ പ്രഭാഷണങ്ങളല്ല ജനങ്ങളെ അധികം ആകർഷിച്ചത്. മിഷൻ ചടങ്ങുകൾക്കു പൊതുവേ ഏന്തോ ലൌകികമായ ഒരു ആകർഷകത്വം ഉള്ളതായി അവർക്കു തോന്നി. പരിശുദ്ധമായ വിചാരങ്ങളും വികാരങ്ങളും അവരുടെ ഹൃദയത്തിൽ തിങ്ങിക്കൂടി. അവിടെ മങ്ങിക്കിടന്ന വിശ്വാസം തട്ടി ഉണർത്തി. ദൈവസ്നേഹത്തിന്റെ ഫലമായ സമാധാനവും ആശ്വാസവും ആനന്ദവും അവർ അനുഭവിച്ചറിഞ്ഞു. ദൈവം തന്റെ അനുഗ്രഹങ്ങൾ ഉദാരമായി ദരിദ്രരുടെമേൽ വർഷിക്കുന്നതുകണ്ട് മിഷനറിമാർ ആശ്വസിച്ചു.

ഫാദർ ലോറൻസും സംഘവും രംഗത്തിറങ്ങിയതിൽ പിന്നെ രാപകൽ വ്യത്യാസമില്ലാതെ അവരുടെ സേവനം ജനങ്ങൾക്ക് ആവശ്യമായിരുന്നു. ജന്മിമാരുടെ മിരട്ടും വിരട്ടും, ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അധികാരപ്രമത്തതയും മാത്രം കണ്ടു തഴകിയ ആ സാധു ജനങ്ങൾക്ക് ഈ സന്യാസസഹോദരങ്ങളുടെ ഉള്ളുഴിഞ്ഞ ശുശ്രൂഷ ഒരു പുതിയ സന്ദേശമായിരുന്നു. നിഷ്കൃഷ്ടമായ സ്നേഹത്തോടും ആദരവോടുമാണ് ഈ സുവിശേഷ പ്രസംഗികരെ അവർ വീക്ഷിച്ചത്.

19793

എന്നാൽ കത്തോലിസ്സുരുടെ ഇടയിൽ മാത്രമാണ ഫാദർ ലോറൻസും സംഘവും സുവ്യസമ്മതരായിരുന്നത്. പ്രോട്ടസ്റ്റൻറുകാരാണെങ്കിൽ അവരെ അത്യധികം വെറുത്തു. അവരുടെ ദൃഷ്ടിയിൽ ഈ താടിക്കാർ പോപ്പിൻറെ ചാരന്മാരായിരുന്നു. യാദൃച്ഛികമായി പ്രോട്ടസ്റ്റൻറുകാർ പാർക്കുന്ന തെരുവിൽ കണ്ടുപോയാൽ പരിഹാസമല്ലാതെ മറെറാന്നും കപ്പുച്ചിൻ സന്യാസികൾ പ്രതീക്ഷിസ്സുണ്ടതില്ലായിരുന്നു.

പ്രോട്ടസ്റ്റൻറ് ജനങ്ങളുടെ കയ്യേറ്റങ്ങളൊന്നും ഗൗനിസ്സാതെ ഫാദർ ലോറൻസ് അവരുടെ അബദ്ധസിദ്ധാന്തങ്ങൾ വിമർശിച്ചുകൊണ്ട തന്നെ മുസ്സു പ്രസംഗിക്കുന്നുണ്ടായിരുന്നു. ചില ഇടങ്ങളിൽ അദ്ദേഹത്തിൻറെ നിരന്തര പരിശ്രമം ഫലപ്പെടാതിരുന്നില്ല. പക്ഷേ ആ വിജയം തന്നെ പ്രോട്ടസ്റ്റൻറുകാരുടെ വിദ്വേഷത്തിനു വളം വസ്സുയാണ ചെയ്തത്. ഒരിസ്സൽ പ്രസംഗംകഴിഞ്ഞു് ആശ്രമത്തിലേസ്സു മടങ്ങിവരുന്ന വഴിസ്സു്, മോൾഡോ നദി കടക്കുന്ന പാലത്തിൽ വച്ചു് ചില അക്രമികൾ അദ്ദേഹത്തെ പിടിക്രൂടി നിലത്തിട്ടു. നദിയിലേസ്സു തള്ളി ഇടാനുള്ള ഉദ്യമമായിരുന്നു. അതു് പെട്ടെന്നു് പോപ്പൽ നൺസിയോയുടെ അനന്തിരവനും മറു രണ്ടു കത്തോലിസ്സു യുവാക്കളും ആയുധപാണികളായി എവിടെനിന്നോ സ്ഥലത്തെത്തി. അക്രമികൾ ഭയന്നു് ഓടി രക്ഷപ്പെടുകയാണുണ്ടായതു്. ഫാദർ ലോറൻസിനെ സാവധാനം പിടിച്ചെഴുന്നേല്പിച്ചിട്ടു്, വല്ല പരുക്കും പററിയോ എന്നു് അവർ ചോദിച്ചപ്പോൾ അദ്ദേഹം പറയുകയാണു് "അയ്യോ പരമശ്രുഷ്മാർ, അവർ എന്നെ ഉപദ്രവിച്ചെന്നായിരിസ്സും അവരുടെ വിചാരം."

വിയന്നായിലെ സ്ഥിതി ഇതിൽനിന്നു് ഒട്ടും ഭേദമല്ലായിരുന്നു. മതവിരോധികൾ അവിടത്തെ ആശ്രമത്തിൽ കല്ലേറു നടത്തി. സന്യാസികളുടെ ജീവനാശം വരുത്തുവാൻ പലവുരു പരിശ്രമിച്ചുനോക്കി. ഒരു ദിവസം സന്യാസികളെല്ലാം ഒരുമിച്ചിരുന്നു ജപ്മൻ പഠിസ്സുമ്പോൾ ആശ്രമഭിത്തികൾ കുലുക്കുമാറു് നാലഞ്ചുവെടി പൊട്ടി. ഉണ്ടകൾ ചീറിക്കൊണ്ടു ജനലിൽ കൂടെ അകത്തേസ്സു പാഞ്ഞു. ബ്രദർ ജൂലിയസ്സു് ഇരുന്നിടത്തു

നിന്നു പെട്ടെന്നു മാറിയില്ലായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ തല പോയേനെ. ഈ വാർത്ത അറിഞ്ഞപ്പോൾ ഫാദർ ലോറൻസിനു് അവരുടെ സഹായത്തിനായി അങ്ങോട്ടു പോകാതെ നിവൃത്തി ഇല്ലായിരുന്നു. പക്ഷേ ആദ്യം പ്രേഗിൽതന്നെ ആശ്രമത്തിന്റെ കാര്യം സ്ഥിരപ്പെടുത്തണം. കഴിയുന്നതുംവേഗം അദ്ദേഹം അതു സാധിച്ചു. പ്രേഗു മെത്രാപ്പോലീത്തായുടെ പ്രത്യേക അനുവാദത്തോടുകൂടി ചക്രവർത്തിയുടെ കൊട്ടാരത്തിനു സമീപം പുതിയ ഒരു ആശ്രമത്തിനു മൂലകല്ലു് ആശീർവ്വദിച്ചുകൊണ്ടു് ധൃതിയിൽ അദ്ദേഹം വിയന്നായിലേയ്ക്കുപോയി. അപ്പോഴേയ്ക്കും വിയന്നായിൽ പ്രോട്ടസ്റ്റന്റുകാരുടെ ഉപദ്രവം അല്പം കുറഞ്ഞിരുന്നു. ആദ്യമായി അവിടത്തെ മെത്രാപ്പോലീത്തായെ അദ്ദേഹം ചെന്നുകണ്ടു് അവിടെയും ഒരു ആശ്രമം പണിയുന്നതിനുള്ള അനുവാദം സമ്പാദിച്ചു. ഒന്നു രണ്ടു മാസത്തിനകം വിയന്നായിലും ഒരു പുതിയ കപ്പൂച്ചിൻ ആശ്രമത്തിന്റെ അടിത്തറ ഉയർന്നു തുടങ്ങി. ആ ആണ്ടിൽതന്നെ അദ്ദേഹം ഫെർഡിനാൻഡു് പ്രഭുവിന്റെ ക്ഷണം സ്വീകരിച്ചു് സ്റ്റിറിയായിൽ (Styria) ഗ്രാറ്റ്സിലേയ്ക്കു (Gratz) പോകുകയും, ആഗസ്റ്റു് പത്താംതീയതി അവിടെ ഒരു ആശ്രമത്തിനുള്ള പണി തുടങ്ങുകയും ചെയ്തു. ബൊഹേർമിയായിലേയും, ഹങ്കറിയിലേയും സ്റ്റിറിയായിലെയും കപ്പൂച്ചിൻ പ്രോവിൻസുകളുടെ പിള്ളത്തൊട്ടിലുകളായി തീർന്ന ആശ്രമങ്ങളാണു് ഇവ മൂന്നും.

1600–ലെ മേയ്മാസാവസാനത്തോടെ ആയിരിയ്ക്കണം ഫാദർ ലോറൻസു് പ്രേഗിൽനിന്നു പോയതു്. ജൂൺ 6–ാംതീയതി ആയപ്പോഴേയ്ക്കും റുഡോൾഫ് ചക്രവർത്തി പ്രേഗിൽ തിരിച്ചെത്തിയിരുന്നു. തലസ്ഥാന നഗരത്തിൽ പുതുതായി സ്ഥാപിതമായ സന്ന്യാസാശ്രമം അദ്ദേഹം സന്ദർശിച്ചു. തന്റെ ജനങ്ങൾക്കു് അനുവരെ ചെയ്ത സേവനത്തിനു് ചക്രവർത്തി അവർക്കു നന്ദി പറയുകയും ഭാവിയിൽ സകല സഹായങ്ങളും വാഗ്ദാനം ചെയ്കയുംചെയ്തു.

എന്നാൽ പ്രതിജ്ഞ ചെയ്വാനല്ലാതെ, നിറവേറ്റുവാൻ അതു നിർബന്ധമുള്ള ആളല്ലായിരുന്നു റുഡോൾഫ്. അന്നത്തെ പ്രതിജ്ഞകളൊക്കെ അദ്ദേഹം വേഗമങ്ങു മറ

ന്നുപോയി. അതോടെ ഉപകാരത്തിനുപകരം ഉപദ്രവം മാത്രമേ രാജധാനിയിൽനിന്ന് കപ്പച്ചിൻ സന്യാസികൾക്കു പ്രതീക്ഷിയ്ക്കുണ്ടതുണ്ടായിരുന്നുള്ളു. യാതൊരു സ്ഥിര നിശ്ചയവും ചെയ്യുന്നതിനു ത്രാണി ഇല്ലാത്തവിധം റഡോൾഫ് ചക്രവത്തി ഇക്കാലത്തു് ഭയനീയമായ ഒരു മാനസിക രോഗത്തിനു വിധേയനായിരുന്നു എന്നാണു പറയപ്പെടുന്നതു്. വിവിധ വിഷമങ്ങൾ അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കി. പ്രോട്ടസ്റ്റൻറുകാർ രാജ്യത്തുണ്ടാക്കുന്ന കലഹങ്ങളും, തുർക്കികളുടെ ആക്രമണവും ഒരു വശത്തു്; രാജ്യകാര്യത്തിൽ വേണ്ടവണ്ണം ശ്രദ്ധചെലുത്താത്തതു കാരണം മനസ്സാക്ഷിയുടെശാസനം വേറൊരുവശത്തു് പോരെങ്കിൽ ചക്രവത്തിയുടെ സഹചാരികൾ കുബുദ്ധികളായിരുന്നു.

റഡോൾഫ് രണ്ടാമൻറെ ശ്രദ്ധ മുഴുവൻ എങ്ങനെയോ ജ്യോതിശാസ്ത്രപഠനത്തിലായി. ജ്യോതിശാസ്ത്രവിദഗ്ദ്ധരായിരുന്ന ഠൈക്കോയും കെപ്ലറും അദ്ദേഹത്തിൻറെ ഏറ്റവും വിശ്വസ്തസഹചാരികളായി. ഠൈക്കോ തൻറെ ജ്യോതിശാസ്ത്രഗവേഷണപ്പട്ടികയ്ക്കു് (Astronomical Tables) റഡോൾഫൈൻ എന്നു പേരു കൊടുത്തു ചക്രവത്തിയുടെ പ്രീതി സമ്പാദിച്ചു. ഒരു കത്തോലിയ്ക്കു ചക്രവത്തിയുടെ സഹചാരിയായി വത്തിച്ച ഠൈക്കോ പ്രോട്ടസ്റ്റൻറുകാരുടെ കയ്യിൽ ഒരു നല്ല ഉപകരണമായിരുന്നു. തൻറെ ശാസ്ത്രപ്രകാരം ഒരു കപ്പച്ചിൻസന്യാസി ചക്രവത്തിയെ വധിക്കും'' എന്നു് ഠൈക്കോ പ്രസ്താവിച്ചു. ഠൈക്കോയുടെ വാക്കുകൾ ചക്രവത്തിയ്ക്കു് ഒരു പ്രവചനം തന്നെയാണു്. ജ്യോതിശാസ്ത്രത്തിൻറെ പരിധികൾ എന്തെന്നു് അദ്ദേഹം അറിയുന്നോ? "എൻറെ ജീവനാശം വരുത്തുവാൻ ഒളിച്ചും പാത്തും നടക്കുന്ന ചാരന്മാരാണു് ഈ താടിയും മീശയുമുള്ള കാട്ടാളന്മാർ എന്നായി ചക്രവത്തിയുടെ വിചാരം.

സ്ഥിതികൾ ഇത്രയൊക്കെ ആയിട്ടും കപ്പച്ചിൻ സന്യാസികൾക്കു് രാജസദസ്സിൽ, രാജാവിൻറെ വിശ്വസ്ത

രിൽ തന്നെ ഒരു സുഹൃത്തും ഗുണകാംക്ഷിയും ഇല്ലാതെ പോയില്ല. ലോറൻസും സഹോദരങ്ങളും പ്രേഗിൽവന്ന് നിസ്സഹായരായ രോഗികളെ ശുശ്രൂഷിച്ചു തുടങ്ങിയ നാൾമുതൽ ഡിസ്ട്രിക്സ്റ്റെയിൻ പ്രഭുവിനു (Baran Diestrichstein) അവരുടെ നേരെ എന്തോ ഒരു വലിയ ആദരവു തോന്നിയതാണ്. ആവശ്യം ഉണ്ടായപ്പോഴെല്ലാം അദ്ദേഹം സ്വമനസ്സാലെ അവരെ വേണ്ടവിധം സഹായിച്ചു കൊണ്ടിരുന്നു. ഇപ്പോൾ ഈ പുതിയ സന്ന്യാസസഹോദരങ്ങളുടെനേരെ കടുംകയ്യായി എന്തെങ്കിലും പ്രവർത്തിയ്ക്കുന്നതിനുമുൻപ് ഫാദർ ലോറൻസിനെ വിളിച്ചു വിവരം ആരായുന്നതിനു ചക്രവർത്തിയോടദ്ദേഹം അഭ്യർത്ഥിച്ചു. ഒരു പ്രകാരത്തിൽ ചക്രവർത്തി അതിനു സമ്മതിയ്ക്കുകയുംചെയ്തു. രാജകീയ ഭടന്മാർ ചക്രവർത്തിയുടെ ഉത്തരവുമായി ഫാദർ ലോറൻസിനെ അന്വേഷിച്ചു വിയന്നായിലേയ്ക്കു പോയി.

പക്ഷേ നാലഞ്ചു ദിവസമെങ്കിലും നീണ്ടുനിൽക്കുന്ന ഒരു ദ്വന്ദ്വയുദ്ധം റഡോൾഫ് ചക്രവർത്തിയിൽ നിന്നു പ്രതീക്ഷിച്ചിട്ട കാര്യമില്ല. ഈ കിരാതന്റെ നേരെ നടപടി നടത്തുന്നതിനുള്ള താമസം തന്റെ ജീവിതം അപകടത്തിലാക്കുന്നു എന്ന് ചക്രവർത്തി വിശ്വസിച്ചുപോയി. അസ്വസ്ഥചിത്തനായി അദ്ദേഹം അലറി "എന്റെ ദുരിതങ്ങൾക്കൊക്കെ കാരണം ഈ കപ്പൂച്ചിൻ സന്ന്യാസികളാണ്."

രാജഭടന്മാരുടെ നിർദ്ദേശമനുസരിച്ച് ഇതിനകം പ്രേഗിൽ എത്തിക്കഴിഞ്ഞ ഫാദർ ലോറൻസ്, ചക്രവർത്തിയുടെ മനസ്ഥിതി മാറിയതറിഞ്ഞ് കൊട്ടാരത്തിലേയ്ക്കു പോകുവാൻ മടിച്ചു. പ്രേഗിലെ തന്റെ സഹോദരങ്ങൾക്ക് അദ്ദേഹം ഒരു മുന്നറിവു നൽകി. "സഹോദരരേ, സമയമായിരിക്കുന്നു, ദുരിതങ്ങൾക്കായി ഒരുങ്ങിക്കൊള്ളുവിൻ".

1600-ലെ ഡിസംബർ മാസത്തിൽ, പ്രേഗിൽ സമ്മേളിച്ച ഡയറ്റ് (Diet) കപ്പൂച്ചിൻ സന്ന്യാസികളെ

രാജ്യത്തുനിന്നു ബഹിഷ്കരിയ്ക്കണമെന്നുള്ള പ്രമേയം പാസ്സാക്കി. ചക്രവർത്തിയുടെ അറിവും അനുവാദവും കൂടാതെ അവർ രാജ്യത്തുവന്നതു കുറ്റമാക്കി. പേപ്പൽ നൺസിയോയും ആർച്ചു ബിഷപ്പും ഈ അന്യായമായ തീരുമാനം പിൻവലിപ്പാൻ ചക്രവർത്തിയെ ഉപദേശിയ്ക്കയുണ്ടായി. അതുകൊണ്ടു ഫലമുണ്ടായില്ല. കപ്പൂച്ചിൻ സന്യാസികൾ നാടുവിടണമെന്ന കല്പന പുറപ്പെട്ടു; ചക്രവർത്തി അതു് ആദ്യം മെത്രാപ്പോലിത്തായ്ക്കു് അയച്ചുകൊടുത്തു. ആ ധൈര്യശാലി ഈ അന്യായമായ കല്പന നിറവേറുവാൻ വിസ്സമ്മതിച്ചു.

മെത്രാപ്പോലിത്തായെ ഈ ദുർഘടസന്ധിയിൽ നിന്നു വിമുക്തനാക്കുവാനും, പ്രേഗിലെ കത്തോലിയ്ക്ക സഭയുടെ ഗുണത്തിനായിട്ടും, താനും തന്റെ സഹോദരങ്ങളും ഉടൻ രാജ്യം വിടുകയാണു് ഉത്തമമെന്നു് ഫാദർ ലോറൻസ്സു് തീരുമാനിച്ചു.

യാത്ര പുറപ്പെടാനിരുന്നതിന്റെ തലേദിവസം ഒരു ഞായറാഴ്ച ആയിരുന്നു. പതിവുപോലെ ഫാദർ ലോറൻസ്സു് പ്രസംഗപീഠത്തിൽ പ്രത്യക്ഷപ്പെട്ടു. സാധാരണക്കാരും, പ്രഭുക്കളും, കത്തോലിയ്ക്കരും, പ്രോട്ടസ്റ്റൻറുകാരും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ അന്നും സന്നിഹിതരായിരുന്നു. അന്നു് ഒരു സഭാകൗൺസിലിന്റെ രീതിയിലായിരുന്നു പ്രസംഗം. ആരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ ഉന്നമനത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചുവോ ആ ജനത്തോടു അവസാനമായി യാത്ര പറയുവാനുള്ള ഉദ്യമത്തിൽ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും അസാധാരണമായ വികാരാവേശം ഉൾക്കൊണ്ടിരുന്നു. ഉപസംഹാരം ആയപ്പോഴേയ്ക്കും വികാരാർത്തലിന്റെ സമ്മർദ്ദംകൊണ്ടു് അധികം പറയുവാൻ ഒരുമ്പെടാതെ ഈ ചുരുങ്ങിയ വാക്കുകളിൽ അദ്ദേഹം അവരോടു വിടവാങ്ങി. "എന്നോടും എന്റെ സഹോദരങ്ങളോടും ചക്രവർത്തി കോപിച്ചിരിയ്ക്കുന്നു. ഞങ്ങളെ നാടുകടത്തുന്നതിനുള്ള കല്പന പുറപ്പെട്ട കഴി

ഞ്ഞു. എന്നാൽ ക്രിസ്ത്യാനികളുടെ പൊതുപിതാവായ ക്ലമൻറ് എട്ടാമൻറെ ആജ്ഞാനുസരണമാണ് ഞങ്ങൾ ഇവിടെ വന്നതു്. എന്തായാലും ചക്രവർത്തിയെ അനുസരിയ്ക്കുന്നതിനു ഞങ്ങൾ തയ്യാറാണു്. ഇതാ ഞങ്ങൾ പുറപ്പെട്ടു കഴിഞ്ഞു.''

കമ്മിസ്സറിയുടെ പ്രസംഗംകേട്ടു് നിറഞ്ഞ കണ്ണുകളോടെയാണു് ജനങ്ങൾ പള്ളിയിൽനിന്നു് ഇറങ്ങിപോയതു്. പ്രേഗിലെ കത്തോലിയ്ക്കർ മാത്രമല്ല, ദൈവഭയമുള്ള പ്രോട്ടസ്റ്റൻറുകാർപോലും ഈ പുതിയ സന്യാസ സഹോദരങ്ങളെ നിഷ്പ്രയാസമായി സ്നേഹിച്ചു് ആദരിച്ചുപോന്നു. അവിടെ വന്നനാൾമുതൽ കരയുന്നവരുടെ കണ്ണുനീർ തുടയ്ക്കുവാൻ രാപകലില്ലാതെ പ്രയത്നിച്ചു കൊണ്ടിരുന്ന ഈ സഹോദരങ്ങളെ പൊതുജനങ്ങൾ വളരെ കായ്മയായി കരുതി.

ഫാദർ ലോറൻസിൻറെ യാത്രയെക്കുറിച്ചും പ്രസംഗത്തെയുംപറ്റി കേട്ടപ്പോൾ, അവരുടെ സാമാനങ്ങൾ കൊണ്ടുപോകുന്നതിനു് എന്തെങ്കിലും സൗകര്യംചെയ്തിട്ടുണ്ടോ എന്നു ചക്രവർത്തി ചോദിച്ചുപോയി. അപ്പോൾ രാജസദസ്സിൽ ഉണ്ടായിരുന്ന ഒരാൾ പറഞ്ഞു: "അവർക്കു കൊണ്ടുപോകുവാൻ ഒന്നുമില്ല. കമ്മിസ്സറി അച്ചൻ പറയുന്നു, 'ഒരു കുരിശുരൂപവും ഒരു വടിയുംകൊണ്ടാണു ഞങ്ങൾ വന്നതു്, പോകുന്നതിനും അതുമാത്രം മതിയാകും' എന്നു്''. ആ സാമ്രാജ്യാധിപൻ ഈ വാർത്തകേട്ടു് അത്ഭുതസുഖനായി മരവിച്ചു നിന്നുപോയി. ഒടുവിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "ലോകം ഇതുവരെയും എനിക്കു നല്കിയിട്ടില്ലാത്ത ആ ഹൃദയശാന്തിയാണു് എനിയ്ക്കാവശ്യം. മനസ്സമാധാനമാണു് എൻറെ കഷ്ടതകളിൽ എനിക്കു വേണ്ടതു്. എൻറെ രാജ്യം വിട്ടുപോകുവാൻ അവരെ ഞാൻ അനുവദിക്കുകയില്ല. എന്നെക്കാൾ കരുത്തുള്ള ഒരാളുണ്ടു്. അവിടുന്നു് അതു് അനുവദിക്കുകയില്ല''.

10

സൈന്യസജ്ജീകരണം

ചക്രവത്തി ശാന്തനായി, ഒരു പുതിയ മനുഷ്യനായി വിവേകപൂർവ്വം രാജ്യഭരണം തുടങ്ങി. സാമ്രാജ്യത്തിൽ ഇനിയും സമാധാനം കൈവന്നിട്ടില്ല. ഏതാണ്ട് മുപ്പതു കൊല്ലത്തിനുമുൻപ് ലെപ്പാന്തോ (Lepanto) യിലെ കടൽയുദ്ധത്തിൽവച്ചു തകർന്ന തുർക്കികളുടെ സൈനികശക്തി വീണ്ടും പ്രബലപ്പെട്ടുകഴിഞ്ഞിരുന്നു. കടലിലെക്കാൾ കരയുദ്ധത്തിലാണ് തുർക്കികൾക്കു കൂടുതൽ സാമർത്ഥ്യവും സൈനികബലവും. ആസ്ട്രിയൻ സാമ്രാജ്യത്തിൽ അവർ ആക്രമണങ്ങൾ പലതു നടത്തി. അവരെ ഒറ്റയ്ക്കു നേരിടുക സാധ്യമല്ലെന്നു കണ്ട ചക്രവത്തി മാപ്പാപ്പായുടെയും ക്രിസ്തീയരാജാക്കന്മാരുടെയും സഹായം അഭ്യർത്ഥിച്ചു.

ക്ലമൻറ് എട്ടാമൻ മാപ്പാപ്പാ സസന്തോഷം യുദ്ധച്ചിലവിൻറെ ഒരു വമ്പിച്ച ഭാഗം വഹിക്കുകയും, 8000 ആൾബലമുള്ള ഒരു സൈന്യം രൂപീകരിച്ച് ജോൺ ഫ്റാൻസീസ് അൽഡോ ബ്രാണ്ടീനിയുടെ നേതൃത്വത്തിൽ അയച്ചുകൊടുക്കുകയും ചെയ്തു. ക്രിസ്ത്യൻസേനയുടെ ആദ്ധ്യാത്മികശുശ്രൂഷയ്ക്കായി ഫാദർ ഗസ്സാറിൻറെ കൂടെ 12 കപ്പൂച്ചിൻ വൈദികരെയും നിയമിച്ചു.

ഇനി ജർമ്മൻ രാജാക്കന്മാരുടെ സഹായസഹകരണംകൂടി ആവശ്യമായിരുന്നതിനാൽ ചക്രവത്തി ഫാദർ ലോറൻസിനെ തൻറെ പ്രതിനിധിയായി ജർമ്മനിയിലേയ്ക്കയച്ചു. വെറുമൊരു മിഷൻപ്രാസംഗികൻ എന്നനിലയിൽ ആസ്ട്രിയായിൽ വന്ന കപ്പൂച്ചിൻ സന്യാസി ഇ

പ്പോൾ ആസ്ട്രിയൻ ചക്രവർത്തിയുടെ അമ്പാസ്സഡർ എന്ന നിലയിലാണ് ജർമ്മൻ രാജധാനികൾ സന്ദർശിക്കുന്നത്.

ഈ ഡിപ്ലൊമാറ്റിക് മിഷന്റെ ഏറ്റവും വലിയ വിജയം ബവേറിയായിൽവച്ചാണ് അദ്ദേഹത്തിനു കൈവന്നത്. അന്നത്തെ പേരെടുത്ത രാഷ്ട്രീയനേതാക്കന്മാരിൽ ഒരാളായിരുന്ന മാക്സിമില്ല്യൻപ്രഭു. ഫാദർ ലോറൻസും മാക്സിമില്ല്യനും തമ്മിൽ അന്നുണ്ടായ സന്ദർശനംമൂലം, അവരുടെ ഇടയിൽ ആജീവനാന്തം നീണ്ടുനിന്ന ഒരു മൈത്രി ഉടലെടുത്തു. ഇതിന്റെ എല്ലാം അനന്തരഫലമായിട്ടാണ് പില്ക്കാലത്തു മാക്സിമില്ല്യൻ 'കത്തോലിക്കലീഗി'ന്റെ തലവനായി ഉയരുകയും, 'ജർമ്മൻസാമ്രാജ്യത്തിന്റെ രക്ഷകൻ' എന്ന അഭിധാനം സമ്പാദിക്കുകയും ചെയ്തത്. ഫാദർ ലോറൻസു് മൈത്രിസമ്പാദിച്ച വേറൊരു പ്രതാപശാലി ഫിലിപ്പ് എമ്മാനുവേൽ ഓഫ് ലോറേൻ ആയിരുന്നു. തുർക്കികളോടുള്ള യുദ്ധത്തിൽ ഇവരുടെ സഹായം അദ്ദേഹം ചക്രവർത്തിയ്ക്കായി സമ്പാദിച്ചു.

1601-ാമാണ്ടു് ആരംഭത്തോടെ സൈന്യസജ്ജീകരണങ്ങളൊക്കെ ഏതാണ്ടു പൂർത്തിയായി. രണ്ടു പ്രധാന സേനാനികൾ, ഹെർമൻ റോസ് ബർഗ്ഗും അഡോൾഫ് ആൾത്തനും, അവരുടെ സൈനികരുടെ ആദ്ധ്യാത്മിക ശുശ്രൂഷയ്ക്കായി രണ്ടു കപ്പുച്ചിൻ വൈദികരെ അയച്ചു കൊടുക്കണമെന്നു് പോപ്പൽ നൺസിയോയോടു് അഭ്യർത്ഥിച്ചു.

പോപ്പൽ നൺസിയോ പ്രേഗിൽനിന്നു് കാർഡിനൽ ഓഫ് സെൻറ് ജോർജ്ജിനു് എഴുതിയ കത്തിൽ പറഞ്ഞിരിക്കുന്നു: "അഡോൾഫ് ആൾത്തൻ ആസ്ട്രിയായിലെ ഏറ്റവും കുലമഹിമയുള്ള പ്രഭുവാണു്. ചക്രവർത്തിയുടെമേൽ അദ്ദേഹത്തിനുള്ള സ്വാധീനത അല്പമൊന്നുമല്ല. കത്തോലിക്കരായ പ്രജകൾക്കു് അദ്ദേഹം ചെയ്യുന്ന സേവനങ്ങൾ നിരവധിയാണു്. പ്രേഗിൽ കപ്പുച്ചിൻ സന്യാസികളുടെ കാര്യം വിഷമത്തിലായപ്പോൾ, അദ്ദേഹമാണു് അവരെ നാടുകടത്താനുള്ള കല്പന പിൻവലിക്കുവാൻ ച

ക്രവത്തിയെ പ്രേരിപ്പിച്ചത്. ഈ പ്രവൃത്തി രണ്ടു കപ്പുച്ചിൻ വൈദികരുടെ സഹായം ആവശ്യപ്പെട്ടുകൊണ്ട് മാപ്പാപ്പായ്ക്ക് അപേക്ഷ അയച്ചിട്ടുണ്ട്. ഇതു സാധിച്ചുകിട്ടുന്നതിനു് എല്ലാവിധത്തിലും അദ്ദേഹം അർഹനാണ്."

ആൽത്താനെറ അപേക്ഷ സാധിച്ചുകൊടുക്കുവാൻ നിർദ്ദേശിക്കുന്ന ഒരു ബ്രീഫ് മേയ് 26-ാംതീയതി മാപ്പാപ്പാ പ്രസിദ്ധീകരിച്ചു. തദനുസരണം കപ്പുച്ചിൻ വികർജനറൽ പ്രേഗിലേയ്ക്കയച്ചു. ഫാദർ ലോറൻസ് പ്രേഗിൽ ഇല്ലായിരുന്ന അവസരത്തിലാണ് ജനറലിന്റെ ആജ്ഞാപത്രം എത്തിയത്. കേണൽ (Colonel) ആൽത്താനുമായി രണ്ടു വൈദികരെ ഹങ്കറിയിലേയ്ക്കയയ്ക്കുന്നതിനുള്ള ആജ്ഞയായിരുന്നു അത്. പ്രേഗിലെ മഠാധിപൻ സന്യാസികളെ വിളിച്ചുകൂട്ടി വോട്ടെടുത്തതിന്റെ ഫലമായി ഫാദർ ഗബ്രിയേലും, ഫാദർ ഫ്റാൻസീസും അതിനു നിയുക്തരായി.

ഈ വൈദികർ രണ്ടുപേരും ഹെർമൻ റോസ് ബോയുടെക്രടെ ഹങ്കറിയിലേയ്ക്കു പുറപ്പെട്ടു. പക്ഷേ വിയന്നയിൽവച്ച് ഫാദർ കമ്മിസ്സറി അവരുടെ യാത്രയ്ക്കു വിരാമമിട്ടു. ഫാദർ ലോറൻസിന്റെ ഈ പ്രവൃത്തി അല്പം അതൃപ്തിയോടെയാണ് പേപ്പൽ നൺസിയോ വീക്ഷിച്ചതെന്ന്, സെപ്റ്റംബർ മൂന്നാംതീയതി അദ്ദേഹം കാർഡിനലിനു് എഴുതിയ കത്തിൽനിന്നു തെളിയുന്നുണ്ട്. "സന്തോഷത്തോടെ അവർ (സന്യാസവൈദികർ) റോസ് ബോയുമായി യാത്രതിരിച്ചു. പക്ഷേ ഗ്രാറ്റ്സിൽനിന്നു മടങ്ങുന്ന കമ്മിസ്സറി വിയന്നയിൽവച്ച് അവരെ കണ്ടുമുട്ടി. അവിടെനിന്നുള്ള യാത്ര അവർക്കു വിലക്കിക്കൊണ്ട് അദ്ദേഹം എനിയ്ക്കെഴുതി. ആ കത്തിന്റെ ഒരു പകർപ്പ് ഞാൻ ഇതോടൊപ്പം അയയ്ക്കുന്നു.....ഒരു സന്യാസി എത്രത്തോളം വിദ്വാനും വിശുദ്ധനുമാണോ അത്രത്തോളം ഉത്തേജിതത്തോടെ വേണം മേലധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ. അതും മാപ്പാപ്പായുടെ ആഗ്രഹമനുസരിച്ചുള്ള കല്പനകൾ!.....ഫാദർ കമ്മി

സ്സറി, ഞാൻ ഇതിനുമുൻപു വിവരിച്ചിട്ടുള്ള ഫാദർ ലോറൻസുതന്നെ ആണെങ്കിലും ഈ പ്രാവശ്യം അദ്ദേഹം തന്റെ സ്വന്തം അഭിപ്രായത്തിനു് അമിതമായ പ്രാധാന്യം കല്പിക്കുന്നതായിട്ടാണു തോന്നുന്നതു്.''

പേപ്പൽ നൺസിയോയുടെ സംശയങ്ങൾ അടിസ്ഥാനരഹിതമല്ലായിരുന്നു. വാസ്തവത്തിൽ ഈ കാര്യം സംബന്ധിച്ചു് ഒട്ടും കുറയാതെ രണ്ടു കല്പനകളാണു് മാപ്പിപ്പായിൽനിന്നു നേരിട്ടതന്നെ ഫാദർ ലോറൻസിനു കിട്ടിയതു്. പക്ഷേ നാലു വൈദികരുടെ എണ്ണം തികയ്ക്കുന്നതിനു് ഒരുമാർഗ്ഗവും കാണാഞ്ഞതിനാൽ അദ്ദേഹംതന്നെ മറ്റു മൂന്നുപേരുമായി പോകുന്നതിനാണു നിശ്ചയിച്ചതു്. അങ്ങനെ എല്ലാം ശരിപ്പെട്ടുകഴിഞ്ഞപ്പോൾ, പ്രേഗിൽനിന്നു വന്ന രണ്ടു വൈദികരും ഫാദർ ബെറ്റ്റാണ്ടും (Betrand) ഫാദർ ലോറൻസും മത്തിയാസ്സ് പ്രട്ടപിന്റെ പടയാളികളുമൊത്തു വിയന്നയിൽനിന്നു് സ്റ്റംൽവെയിസെംബെർഗ്ഗിലേയ്ക്കു പോയി.

11

വിജയം വിജയം

ഫാദർ ലോറൻസും കൂട്ടരും സ്റ്റംൽവെയിസെംബെർഗ്ഗിൽ കണ്ടതു് ധൈര്യം നശിച്ച 20,000 സൈനികരെയാണു്. 1601-ലെ ഒക്ടോബർ മാസമായിരുന്നു. ലെപ്പാന്തോ (Lepanto) യിൽവച്ചുതാണ തുർക്കികളുടെ ചന്ദ്രക്കുലപിന്നെയും അതാ ഉയർന്നു പാറിപ്പുറക്കുന്നു. 80,000 സൈനികരുള്ള അതിശക്തമായ ഒരു തുർക്കിസേനയാണു് അവരെ വാളഞ്ഞിരിക്കുന്നതു്. ക്രിസ്ത്യീയസൈന്യം ഒരു കുന്നിന്റെ താഴ്വാരത്തിൽ സങ്കേതംതേടി വിശ്രമിക്കുകയായിരുന്നു. ആ തക്കംനോക്കി തുർക്കികൾ നിശ്ശബ്ദരായി ആ

കുന്നിൻമുകളിൽ കയറിപ്പറ്റി അവിടെ പാളയമടിച്ചു. സുൽത്താൻ മഹമ്മദ് പാസ്സാതന്നെയാണു് ആ ശത്രുസേനയുടെ നായകൻ.

ക്രിസ്തീയ സൈനികോദ്യോഗസ്ഥന്മാർ കമ്മിറ്റി കൂടി. നാലിരട്ടി സൈനികബലമുള്ള തുർക്കികളോടു നേരിടുന്നതു് വിവേകപൂർവ്വമല്ലെന്നതന്നെ അവർ തീരുമാനിച്ചതാണു്. പക്ഷേ ഫാദർ ലോറൻസു് അസംബ്ലിയിൽ സന്നിഹിതനായിരുന്നു. പ്രതിബന്ധങ്ങളുടെ മുൻപിൽ തലകുനിച്ചു് പരാജയം സമ്മതിച്ചു പിന്മാറുന്ന സ്വഭാവമല്ല അദ്ദേഹത്തിന്റേതു്. അസംബ്ലിയുടെ അനുമതി ചോദിച്ചുകൊണ്ടു് അദ്ദേഹം എഴുന്നേറ്റുനിന്നു. ആ യുവസന്യാസവൈദികന്റെ ദൃഢഗംഭീരമായ വെല്ലുവിളി സദസ്സിൽ മാറ്റൊലിക്കൊണ്ടു. "എന്തു്, അവിശ്വാസികളുടെ മുൻപിൽ നാം പിറകൊള്ളുകയോ? ദൈവത്തിന്റെ നാമത്തിൽ അവരെ നേരിടുവിൻ. വിജയം നിങ്ങളുടേതായിരിക്കും." തന്റെ കുരിശുമെടുത്തു് അവരെ യുദ്ധക്കളത്തിലേയ്ക്കു നയിക്കുന്നതിനും, അവർക്കു ശത്രുക്കളിൽനിന്നു് എന്തെങ്കിലും ആപത്തു നേരിടുന്നതിനുമുൻപു് സ്വന്തം രക്തം ബലിയർപ്പിക്കുന്നതിനും താൻ തയ്യാറാണെന്നു് അറിയിച്ചു. ഫാദർ ലോറൻസിന്റെ ധൈര്യം അസംബ്ലിയിൽ പടർന്നു പിടിച്ചപോലെ തോന്നി. കേണൽ (Colonel) പ്രെയിനർ (Preyner) തന്റെ സൈന്യവുമായി മുന്നണിയിൽ നിരന്നുകൊള്ളാമെന്നു് ഏറ്റു. ചീരോചിതമായ ഈ വാഗ്ദാനംകേട്ടു് സദസ്സു മൂകമായി. ഫാദർ ലോറൻസും കേണലും ഓടിയടുത്തു് അന്യോന്യം ആലിംഗനം ചെയ്തു. ഈ കാഴ്ച കണ്ടുനിന്ന സൈനികരുണ്ടോ, ഈ ധർമ്മയുദ്ധത്തിൽ അവരുടെ ഭാഗം നിർവ്വഹിയ്ക്കുവാൻ വിസമ്മതിയ്ക്കുന്നു! കുരിശു പതാകയായി സ്വീകരിച്ചുകൊണ്ടു ചെയ്യുന്ന യുദ്ധം വിജയത്തിൽതന്നെ കലാശിയ്ക്കുമെന്നു് ഫാദർ ലോറൻസു് വീണ്ടും വീണ്ടും അവർക്കു് ഉറപ്പുകൊടുത്തു. വിജയത്തിന്റെ പുത്തൻ പ്രതീക്ഷകൾ എല്ലാവരെയും ഉന്മേഷഭരിതരാക്കി. ഒക്ടോബർ ഒൻപതും പത്തും തീയതികളിൽ ചില ചെറിയ ആക്രമ

ങ്ങളൊക്കെ നടന്നു എങ്കിലും, ഒടുവിൽ മഹമ്മദ് പാഷാ തന്നെയാണു യുദ്ധവിളംബരം ചെയ്തത്.

ക്രിസ്ത്യാനികളുടെ സൈന്യം എണ്ണത്തിൽ വളരെ കുറഞ്ഞതായിരുന്നു എങ്കിലും എന്തോ അത്ഭുതകരമായ ഒരു ആത്മധൈര്യം അവരെ മുന്നോട്ടു നയിച്ചു. യുദ്ധത്തിനു തയ്യാറായിനിന്ന സൈന്യത്തെ അഭിമുഖീകരിച്ചുകൊണ്ട് ഫാദർ ലോറൻസ് ധീരഗംഭീരമായ ഒരു ലഘുപ്രഭാഷണം ചെയ്തു. "ഓ യൂദാ, ഓ ജെറുസലെം, നിങ്ങൾ ഭയപ്പെടുന്നതെന്ത്? ഈ ആശങ്ക എന്തിനു? നാളെ നിങ്ങൾ അപരെ നേരിട്ടാ, കർത്താവു നിങ്ങളുടെ പക്ഷത്തുണ്ട്" പണ്ട് ഇസ്രായേലിന്റെ ഒരു ചെറിയ സൈന്യം അവിശ്വാസികളുടെ ശക്തിമത്തായ ഒരു മഹാസേനയുമായി പൊരുതി വിജയംവരിച്ച ആ അത്ഭുത സംഭവം വിവരിച്ചു വിശദീകരിച്ചു കഴിഞ്ഞപ്പോൾ സൈനികരും സേനാനികളും ഇരകണ്ട സിംഹത്തെപ്പോലെ, യുദ്ധരംഗത്തേയ്ക്കു പാഞ്ഞെത്തുവാൻ അക്ഷമരായി കാണപ്പെട്ടു.

നിശ്ചിതദിവസം 11-ാംതീയതി പുലർന്നതോടെ തുർക്കികളുടെ പീരങ്കിവെടികൾ തെരുതെരെ മുഴങ്ങി. ഫാദർ ലോറൻസിന്റെ കുരിശിനു പിൻപേ ക്രിസ്തീയ സേന അണിനിരന്നു. ശത്രുക്കളുടെ വെടി ഉണ്ടകൾ ചീറിപ്പായുന്നു. കുരിശും ഉയർത്തി മുന്നേറുന്ന ഫാദർ ലോറൻസിന്റെ പിന്നാലെ ക്രിസ്തീയ സൈനികർ, തീ വമിയ്ക്കുന്ന തോക്കുകളുടെ വായിലേയ്ക്കുതന്നെ കുതിച്ചു പായുകയാണ്. ശത്രുസൈന്യവുമായി അടുക്കാറായപ്പോൾ ഫാദർ ലോറൻസ് തന്റെ ആ വിശിഷ്ടസമരപതാക ഉയർത്തി, വെടിഉണ്ടകൾ പാഞ്ഞുവന്ന ഭാഗത്തു കുരിശിന്റെ അടയാളം വരച്ചു. പിന്നെ കണ്ടകാഴ്ച വിശ്വസനീയമോ? ഓ, ദൈവവിശ്വാസത്തിന്റെ ശക്തി! കുരിശിന്റെ വിജയം! ചീറിക്കൊണ്ടുവന്ന വെടിഉണ്ടകൾ താനേ ചത്തുവീണുപോകുന്നു. നിരായുധനായി ക്രിസ്തീയസൈന്യത്തെ നയിച്ചുന്ന സന്യാസി പ്രദർശിപ്പി

ച്ച അത്ഭുതശക്തികണ്ട് പരിഭ്രാന്തരായ ശത്രുക്കൾ പിൻ വാങ്ങിത്തുടങ്ങി. വിജയോന്മത്തരായ ക്രിസ്തീയ പടയാളികൾ അവരെ അനുധാവനം ചെയ്തു. സമരത്തിൽ 30,000–ത്തിൽപരം യോദ്ധാക്കളാണ് വധിയ്ക്കപ്പെട്ടത്. മലയുടെ മേൽവാരം ക്രിസ്തീയസേന കൈയ്യടക്കി.

ഇതുകൊണ്ടൊന്നും പരാജയം സമ്മതിയ്ക്കുവാൻ മഹമ്മദ് പാസ്സാ തയ്യാറായില്ല. സുൽത്താന്റെ സൈന്യം ഇനിയും എണ്ണത്തിൽ ക്രിസ്തീയസൈന്യത്തെ അതിശയിയ്ക്കുന്നതായിരുന്നു. ക്രിസ്ത്യാനികളുടെ മുട്ടുക്കുത്തു ഒഴുക്കിയല്ലാതെ അടങ്ങുകയില്ലെന്ന് അദ്ദേഹം ഗർജ്ജിച്ചു.

14–ാംതീയതി പുലർച്ചയ്ക്ക് രണ്ടു സൈന്യങ്ങളും വീണ്ടും സമരത്തിനു നിന്നു. ക്രിസ്തീയസേനയുടെ പ്രധാന ചാപ്പൈൻ, ഫാദർ ലോറൻസ്, കുതിരപ്പുറത്തു കയറി ഓരോ സൈനിക വിഭാഗങ്ങളെയും സന്ദർശിക്കുന്നു; അജ്ഞാനികളുടെമേൽ പരിപൂർണ്ണമായ വിജയം നേടുന്നു അവരെ ധൈര്യപ്പെടുത്തുന്നു.

അന്നത്തെ യുദ്ധം ഭീകരമായിരുന്നു. ഫാദർ ലോറൻസു തന്റെ കുതിരപ്പുറത്തു് ഒരിടത്തുനിന്നു മറ്റൊരിടത്തേയ്ക്ക്, അവിടെ നിന്ന് വേറൊരിടത്തേയ്ക്ക്, അങ്ങനെ മിന്നൽ വേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു. മരണാപകടത്തിൽ പെട്ടവർക്ക് അന്ത്യശുശ്രൂഷകൾ നൽകുന്നതിലാണ് അദ്ദേഹം പ്രത്യേകമായി അപ്പോൾ ശ്രദ്ധപതിച്ചതു്. അന്നു ഫാദർ ലോറൻസ്, ഒന്നു ക്ഷീണിച്ചു തളർന്നപ്പോൾ വേറൊന്നായി അഞ്ചുകുതിരകളെ ഉപയോഗിച്ചു എന്നാണു പറയപ്പെട്ടുന്നതു്.

ഒരു അവസരത്തിൽ അദ്ദേഹത്തിന്റെ കുതിര വെരളിപിടിച്ചു ശത്രുസൈന്യത്തിന്റെ ഇടയിലേയ്ക്കു പാഞ്ഞു. തിളങ്ങുന്ന വാളുകൾ അദ്ദേഹത്തിന്റെ കഴുത്തിനു് ഓങ്ങപ്പെട്ട മനഃസാന്നിദ്ധ്യത്തോടെ തന്റെ കുതിരയെ അദ്ദേഹം പെട്ടെന്നു പിടിച്ചു തിരിച്ചില്ലായിരുന്നെങ്കിൽ, ക്രിസ്തീയയോദ്ധാക്കൾ അതു കാണുന്നതിനു

മുൻപു് അദ്ദേഹത്തിന്റെ കഥ കഴിയുമായിരുന്നു. "അച്ചനെ കൊല്ലുന്നു, ബ്രിണ്ടിസിയെ അവരതാ കൊല്ലുന്നു" എന്നു ആർത്തുവിളിച്ചുകൊണ്ടു് ആ കാഴ്ച കണ്ടഭടൻ ക്രിസ്റ്റീയ സൈന്യവിഭാഗം ഉടൻ അവിടെ എത്തി. ശത്രുക്കളെ അവർ വെട്ടിവീഴ്ത്തി. "അച്ചൻ ഇനി എങ്കിലും പിറകിലേയ്ക്കു നീങ്ങണം" അവർ നിർബന്ധിച്ചു. ലോറൻസ് അതു കേൾക്കാൻ തയ്യാറായിരുന്നില്ല. "ഇല്ല, ഇതു് എന്റെ സ്ഥലംതന്നെയാണു്, മുൻപോട്ടു വരുവിൻ മുന്നേറുവിൻ, വിജയം! വിജയം!" അദ്ദേഹം ആർത്തുവിളിച്ചു. ആ സമരാഹ്വാനം ശത്രുക്കളുടെ കണ്ണുകളിൽ ഇടിനാദംപോലെ മുഴങ്ങി. പുതുതായി ധൈര്യംഉൾക്കൊണ്ട ക്രിസ്റ്റീയസേന ചീറിയടുത്തു. ധീരധീരമായസമരം! പടക്കളം രക്തംകൊണ്ടു നിറഞ്ഞു. തുർക്കികളുടെ ചന്ദ്രക്കല നിലം പതിച്ചു. ക്രിസ്റ്റീയ സേനാനികൾ വിജയകാഹളം മുഴക്കി. ഈ രണ്ടാമത്തെ സമരത്തിൽ 20,000 സൈനികരാണു തുർക്കികൾക്കു നഷ്ടപ്പെട്ടതു്. ഏതാണ്ടു് ആയിരം യോദ്ധാക്കൾ ക്രിസ്ത്യാനികൾക്കും തുർക്കികളുടെ പ്രധാന സേനാനികളും അക്രൂട്ടത്തിൽ മഹമ്മദ് പാസ്സായും വധിയ്ക്കപ്പെട്ടു.

ഈ സംഭവം ഇന്നു വായിച്ചു കേൾക്കുമ്പോൾ നമ്മൾക്കെന്നപോലെ അന്ന് അതിൽ പങ്കെടുത്തവർക്കും അതെല്ലാം അത്ഭുതകരമായിരുന്നു. കത്തോലിക്കയോദ്ധാക്കൾക്ക് ഫാദർ ലോറൻസ് വെറുമൊരു സൈനികചാപ്പലാനല്ല. അവരുടെ പ്രധാന സേനാനി! തുർക്കികൾക്കോ, എന്തോ മാന്ത്രികശക്തിയുള്ള ഒരു ഭയങ്കര ശത്രു! ക്രിസ്ത്യാനികളെ നാമാവശേഷമാക്കണമെന്നുള്ള ദൃഢനിശ്ചയത്തോടെ അവർ ഓങ്ങി അടിച്ച അടികൾ, അമ്മയുടെ മുഖത്തു പിഞ്ചുകുഞ്ഞുങ്ങൾ ആഞ്ഞടിയ്ക്കുന്നവണ്ണം, അത്ര നിരുപദ്രവകരമായിട്ടാണു കലാശിച്ചതു്.

മൂളിക്കൊണ്ടുവന്ന ഒരു വെടിയുണ്ട ഫാദർ ലോറൻസിന്റെ സന്ന്യാസവസ്ത്രം അല്പം ചേന്തിക്കൊണ്ടു പട്ടംമുടിത്തൊപ്പിയിൽ വന്നുവീണു. അദ്ദേഹം അതു പതുക്കെ

യിലെടുത്ത് ഒന്നു സൂക്ഷിച്ചുനോക്കി. "അല്ല, ഏതെങ്കിലും കൊല്ലണമെന്നു നിർബന്ധമായിരുന്നോ."

യുദ്ധം ജയിച്ചു. തുർക്കികൾ അടിമകളായിപിടിച്ച 900 ക്രിസ്ത്യീയ യോദ്ധാക്കൾ വിമോചിതരായി. ഫാദർ ലോറൻസ് ക്രിസ്ത്യീയ പടയാളികളോടൊരുമിച്ച് ചാരിതാർത്ഥ്യമടഞ്ഞു.

ഫാദർ ലോറൻസിനു് അതില്യം അധികം ആനന്ദം ഉളവാക്കിയ മറെറാന്നുണ്ടായിരുന്നു. പ്രോട്ടസ്റ്റൻറ് പടയാളികളുടെ മനസാന്തരമായിരുന്നു അതു്. അള്ളേഹത്തിൻെറ ധൈര്യവും സേവനതൃഷ്ണയുമാണു് അവരെ ആകർഷിച്ചതു്. "മുന്നണിയിൽ ആയുധമില്ലാതെ നടന്നു ഞങ്ങളെ പ്രോത്സാഹിപ്പിച്ച അച്ചൻെറ വിശ്വാസം സത്യവിശ്വാസംതന്നെ ആയിരിയ്ക്കണം" എന്നു് പ്രോട്ടസ്റ്റൻറ് യോദ്ധാക്കൾ ഫാദർ ലോറൻസിനോടു ഏറെ പറഞ്ഞതായി, അള്ളേഹംതന്നെ പിൽക്കാലത്തു സൂചിപ്പിച്ചിട്ടുണ്ടു്. ആ യുദ്ധത്തിൽ പങ്കെടുത്ത അകത്തോലിയ്ക്കരെല്ലാം മനസ്സുതിരിഞ്ഞു സത്യവിശ്വാസം സ്വീകരിയ്ക്കയാണുണ്ടായതു്. അങ്ങനെ ഫാദർ ലോറൻസിൻെറ വിജയം പരിപൂർണ്ണമായി. ശത്രുക്കളുടെ പിടിയിൽനിന്നു് 900 സൈനികരെ അള്ളേഹം വിമോചിപ്പിച്ചെങ്കിൽ, അന്ധകാരമയമായ അബദ്ധവിശ്വാസത്തിൻെറ സ്വാധീനതയിൽനിന്നു് അതിലധികം ആത്മാക്കളെ അള്ളേഹം രക്ഷിച്ചു.



12

വിക്കർ ജനറൽ

സ്റ്റംൽവെയിസ്സെംബർഗ്ഗിലെ വിജയവാർത്ത യൂറോപ്പാകെ പരന്നു. അതോടെ ഫാദർ ലോറൻസിന്റെ പേരും. തുർക്കികളെ തോല്പിച്ച ക്രിസ്തീയ യൂറോപ്പിൽ സമാധാനം സ്ഥാപിച്ച ഫാദർ ലോറൻസിനു് കത്തോലിയ്ക്ക രാജാക്കന്മാരും പ്രോട്ടസ്റ്റന്റ നാട്ടുവാഴികളും ഒരുപോലെ ബഹുമാനാദരങ്ങൾ സമർപ്പിച്ചു. ക്രിസ്തീയസന്യാസാദർശങ്ങൾ മുറുകെ പിടിച്ചുകൊണ്ടു് ക്രിസ്തുവിന്റെ കൊടിക്കീഴിൽ സമരം ചെയ്യുന്ന ഈ ധീരയോദ്ധാവിനെ, ലോകത്തിന്റെ ബഹുമാനാദരങ്ങൾ അസ്ഥാനാക്കിയിരിയ്ക്കുണം. തന്റെ യൂറോപ്പ്യൻ മിഷൻ അവസാനിച്ചുഎന്നും, ഇനി ആശ്രമഭിത്തികൾക്കുള്ളിലെ ശാന്തമായ അന്തരീക്ഷത്തിൽ പ്രാർത്ഥനയുടെ ജീവിതം നയിയ്ക്കാമെന്നും അദ്ദേഹം പ്രത്യാശിച്ചു. എന്നാൽ ഹങ്കറിയിൽ വച്ചു സമ്പാദിച്ച പ്രശസ്തി ക്ഷുദ്രതൽ ഭാരമുള്ള മുമട്ടകൾ മുമലിൽ വന്നു വീഴുന്നതിനാണു കാരണമായതു്.

1602 ഏപ്രിൽ 24-നു തീയതി സമ്മേളിച്ച കപ്പുച്ചിൻ ജനറൽ ചാപ്റ്റർ ഫാദർ ലോറൻസിനെ സഭയുടെ വിക്കർ ജനറലായി തിരഞ്ഞെടുത്തു. 43 വയസ്സുകാരനായ ഫാദർ ലോറൻസു് ഡെഫിനിറ്റർ സംഘത്തിൽ ഏറ്റവും പ്രായം കുറഞ്ഞവനായിരുന്നു എങ്കിലും വിവേകത്തിലും കാര്യശേഷിയിലും അദ്ദേഹം അവരിൽ ആരുടെയും പിന്നിലല്ലായിരുന്നു. ആ നീണ്ടശോഷിച്ച ശരീരവും, ഇടതൂർന്ന താടിമീശയും പ്രഥമദർശനത്തിൽ സൗമ്യതയെ ദ്യോതിപ്പിച്ചില്ലെങ്കിലും അടുത്തു പെരുമാറിയവരെ അദ്ദേഹത്തിന്റെ സൗഹാർദ്ദത ആകർഷിച്ചുകളഞ്ഞു. അധികം സംസാരിയ്ക്കുന്നതിനു് അദ്ദേഹം ഇ

ഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ നല്ല കാഴ്ച്ചയ്ക്ക് അഭിനിവേശിതനായാൽ, പിന്നെ അതേപ്പറ്റിയുള്ള സംസാരം ആവേശംകൊണ്ടുപിടിച്ചുള്ളതായിരിയ്ക്കും. വിശാലമായ നെറ്റിത്തടവും, സദാ ശ്രദ്ധിച്ചുള്ള പെരുമാറ്റവും കണ്ടാൽ, എന്തോ വൻകാഴ്ച്ചകളൊക്കെ നിറ്റ്മഹിയ്ക്കുവാനും പ്രതിബന്ധങ്ങൾ നേരിടുവാനും മനക്കരുത്തുള്ള പുരുഷം [illegible] പുരുഷന്മാരിൽ ഒരാളാണ് അദ്ദേഹമെന്ന് ആർക്കും തോന്നും.

മൂന്നുകൊല്ലം ഫാദർ ലോറൻസ് കപ്പൂച്ചിൻസഭയെ ഭരിച്ചു. ഈ കാലത്തിനുള്ളിൽ ഇറ്റലി, സ്വിറ്റ്സർലണ്ട്, ജെർമ്മനി, ബെൽജിയം, ഫ്രാൻസ്, സ്പെയിൻ, എന്നീ പ്രോവിൻസുകൾ കാൽനടയായാണ് അദ്ദേഹം സന്ദർശിച്ചത്. കപ്പൂച്ചിൻസഭയിൽ ഏതൊന്നാണ് അദ്ദേഹത്തെ ഏറ്റവുമധികം ആകർഷിച്ചുവോ, ആ താഴ്മയും ദാരിദ്ര്യനിഷ്ഠയും എല്ലാ പ്രോവിൻസുകളിലും അഭിവൃദ്ധിപ്പെട്ടുകാണണമെന്നതിനായിരുന്നു ഫാദർ ലോറൻസിന്റെ മൂന്നുകൊല്ലത്തെ പരിശ്രമം. തെക്കേ ഇറ്റലിയിലെ പൊള്ളുന്ന ചൂടോ, വടക്കൻ രാജ്യങ്ങളിലെ മരവിപ്പിയ്ക്കുന്നതണുപ്പോ, അദ്ദേഹത്തിന്റെ കർത്തവ്യനിറ്റ്വഹണത്തിൽ ഒരു പ്രതിബന്ധമായില്ല. ഒരോ ആശ്രമങ്ങളും സന്ദർശിക്കുമ്പോൾ ദാരിദ്ര്യത്തിനു ചേരാത്ത വിലയേറിയഎന്തെങ്കിലും കണ്ടാൽ ഉടനടി അതു അവിടെനിന്ന് എടുപ്പിച്ചുകളയും. ഒരിക്കൽ സ്പെയിനിലെ കത്തലോനിയാ ആശ്രമം ഔദ്യോഗികമായി സന്ദർശിയ്ക്കുമ്പോൾ അതിനുള്ളിൽ കണ്ട വളരെ വിലപിടിച്ച ഒരു ചൈത്യം (Mausoleum) അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. അന്വേഷിച്ചപ്പോൾ, അധികാരവും സ്വാധീനതയുമുള്ള ഒരു മൊൺസിഞ്ഞോർ നിർബന്ധമായി പണിയിച്ചുവച്ചതാണെന്നു് അറിഞ്ഞു. എങ്കിലും സന്യാസികളുടെ ഭാഗത്തും കുറ്റമില്ലാതിരുന്നില്ല. ദാരിദ്ര്യാംബയെ ഇത്ര നീചനീചമായി വഞ്ചിയ്ക്കുവാൻ അവർ അനുവദിച്ചില്ലേ! അവിടത്തെ മഠാധിപനെ അദ്ദേഹം നിർദ്ദയമായി ശകാരിച്ചു. അടുത്തുതന്നെ പ്രൊവിൻഷ്യൽ ചാപ്റ്റർ വിളിച്ചുകൂട്ടുകയും തന്റെ ദൃഢനിശ്ചയം അവക്കു വെളിപ്പെടുത്തുകയും ചെയ്തു. "എത്രയും

വരട്ടെ, ഒന്നുകിൽ അതു് അവിടെനിന്നു് അപ്രത്യക്ഷമാകണം, അല്ലെങ്കിൽ ഉടനെ സന്ന്യാസികൾ അവിടംവിട്ടു പോകണം." ജനറലിന്റെ നിർദ്ദേശം ന്യായമാണെന്നു കണ്ടതിനാൽ ആ ആശ്രമം ഉപേക്ഷിച്ചുപോകുന്നതിനുതന്നെ അവർ നിശ്ചയിച്ചു. അതു കേട്ടറിഞ്ഞ മൊൺസിഞ്ഞോർ സപമനസ്സാലെ മൊസെലെയം പൊളിച്ചുമാറ്റിക്കളഞ്ഞു.

ലോറൻസിന്റെ നിഷ്ക്രിയമായ നിയമപാലനത്തിനു് ഇനിയും ഉദാഹരണങ്ങളുണ്ടു്. സ്പെയിനിൽത്തന്നെ വേറൊരു ആശ്രമത്തിന്റെ എടുപ്പും മോടിയും അതികേങ്കേമമായിരുന്നു. കണ്ടാൽ ഒരു കുബേരന്റെ മാളിക എന്നല്ലാതെ ദരിദ്രരായ സന്ന്യാസികളുടെ ആശ്രമമെന്നു് ആർക്കും തോന്നുകയില്ല. "ആരാണു് ഈ ആശ്രമം പണികഴിച്ചതു്?" ഔദ്യോഗിക സന്ദർശനത്തിനുവന്ന ജനറൽ അന്വേഷിച്ചു. പണിയിച്ച ആൾ മരിച്ചുപോയി എന്നു കേട്ടപ്പോൾ, "ദൈവം അദ്ദേഹത്തോടു ക്ഷമിക്കട്ടെ" എന്നു പറഞ്ഞശേഷം ആ ആശ്രമത്തിലെ സന്ന്യാസികളെ വിളിച്ചുകൂട്ടി, ഈ നിയമലംഘനത്തെ അദ്ദേഹം അപലപിച്ചു. ആ പുണ്യധനന്റെ കോപം ഉജ്ജ്വലിച്ചു. "ഓ, നാശത്തിന്റെ ആശ്രമമേ, ഈശോയുടെ നാമത്തിൽ, ഭിക്ഷുവായ ഫ്രാൻസീസിന്റെ നാമത്തിൽ അദ്ദേഹത്തിന്റെ ഏറ്റം എളിയ പ്രതിനിധിയായ ഞാൻ നിന്നെ ശപിക്കുന്നു." അതു കഴിഞ്ഞു സന്ന്യാസികളോടു ശാന്തസ്വരത്തിൽ: "നിങ്ങൾ, ഏതായാലും എന്റെ സഹോദരങ്ങളെ, ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല. പക്ഷേ താമസിയാതെതന്നെ നമ്മുടെ പിതാവിന്റെ ന്യായമായ കോപത്തിന്റെ ഫലം നിങ്ങൾ കാണും." ഫാദർ ജനറൽ പോയിട്ടു് അധികനാൾ കഴിയുന്നതിനു മുൻപുതന്നെ ആ ഭയങ്കര സംഭവം ഉണ്ടായി. ഒരു ദിവസം സന്ന്യാസികളെല്ലാം ഒരു പൊതുപ്രദക്ഷിണത്തിൽ പങ്കെടുത്തശേഷം തിരിച്ചെത്തിയപ്പോൾ കണ്ടതു്, ഒരു കല്ലിന്റെ മേൽ വെറൊന്നില്ലാതെ ആശ്രമം ഇടിഞ്ഞു തകർന്നുകിടക്കുന്നതാണു്. ആ സ്ഥാനത്തു് പിന്നീടു് ദാരിദ്ര്യോചിതമായ ഒരു ആശ്രമം പണിയപ്പെട്ടു.

ഫാദർ ലോറൻസിന്റെ ദാരിദ്ര്യപ്രേമത്തിന് അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതംതന്നെ ഉദാഹരണമായിരുന്നു. ഒരേ ഒരു സന്യാസവസ്ത്രം മാത്രമേ അദ്ദേഹം സ്വന്തമായി ഉപയോഗിച്ചിരുന്നുള്ളൂ. സഭയുടെ ജനറൽ ആയതിനുശേഷവും അദ്ദേഹത്തിന്റെ പഴയ തുന്നിച്ചേർത്ത വസ്ത്രം ലോറൻസ് ഉപേക്ഷിച്ചില്ല. "പഴയവസ്ത്രം ധരിച്ച ഫാദർ" എന്നു പറഞ്ഞാണ് പുതിയ ജനറലിനെ ജനങ്ങൾ ചൂണ്ടിക്കാണിച്ചതു്.

എന്നാൽ ദാരിദ്ര്യനിഷ്ഠയിൽ മാത്രമല്ല, പ്രേഷിതവൃത്തിയിലും ഫാദർ ലോറൻസിന്റെ ജീവിതം ഒരു ഉത്തമമാതൃകയായിരുന്നു. സഭാഭരണത്തിൽ വ്യാപൃതനായികഴിഞ്ഞ ഇക്കാലത്തും ദൈവവചനം പ്രസംഗിക്കുന്നതിൽ യാതൊരു ആമാന്തവും അദ്ദേഹം വരുത്തിയില്ല.

നിയമ പാലനത്തിൽ കർശനനായി ചിലപ്പോൾ പെരുമാറിയിരുന്നെങ്കിലും, ദീനാനുകമ്പ അദ്ദേഹത്തിന്റെ ഒരു പ്രത്യേക പുണ്യമായിരുന്നെന്നു കരുതണം. 1605–ലെ നോമ്പുകാലത്തു് നേപ്പിൾസിൽ ഫാദർ ലോറൻസ് ധ്യാനം പ്രസംഗിയ്ക്കുകയായിരുന്നു. ദാരിദ്ര്യം മൂലം കഷ്ടപ്പെടുന്ന ക്ലാരിസ്റ്റ് സന്യാസിനികൾ, അവർക്കു വേണ്ടി ജനങ്ങളുടെ സഹായം അഭ്യർത്ഥിയ്ക്കുന്നതിനു് ധ്യാനപ്രാസംഗികനോടപേക്ഷിച്ചു. സ്വതസിദ്ധമായ ആത്മാർത്ഥതയോടെ ആവേശപൂർവ്വംതന്നെ അദ്ദേഹം ഈ സഹോദരികളുടെ ദയനീയസ്ഥിതി ജനങ്ങളെ വിവരിച്ചു കേൾപ്പിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ തന്റെ മേലുറ്റപ്പു് (Mantle) കയ്യിലെടുത്തുകൊണ്ടു "ഞാൻ എന്റെ പാവപ്പെട്ട സഭയുടെ ജനറൽ എന്ന നിലയിൽ ഈ എളിയദാനം എന്റെ സഹോദരികൾക്കു നൽകുന്നു" എന്നു പറഞ്ഞു് ലോറൻസു് അതു് സദസ്സിലേയ്ക്കെറിഞ്ഞു. ഈ കാഴ്ചകണ്ട ജനങ്ങൾ അസാധാരണമായ ഔദാര്യത്തോടെ കന്യാസ്ത്രികൾക്കു ധനസഹായം നൽകി.

14

ദൈവം തരും

അല്പം വിശ്രമവും ക്ഷുത്തൽ പ്രാർത്ഥനയ്ക്കു സൗകര്യവും ആശിച്ചാണ് ഫാദർ ലോറൻസ് 1605-ൽ ജനറൽ ഉദ്യോഗം രാജിവച്ചത്. പക്ഷേ ആ വിശ്രമകാലം അധികം നീണ്ടുനിന്നില്ല. 1602-ൽ ഫാദർ ലോറൻസ് ബൊഹേമിയായിൽനിന്നു പോന്നശേഷം തുർക്കികൾ വീണ്ടും അവരുടെ സൈന്യബലം വർദ്ധിപ്പിച്ച് ജർമ്മൻ രാജ്യങ്ങൾ ആക്രമിച്ചു തുടങ്ങിയിരുന്നു. ഈ വിഷമഘട്ടത്തിൽ പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരോടു സഹകരിച്ചു യുദ്ധം ചെയ്യുവാൻ വിസമ്മതിക്കുകയും ചെയ്തു. ആകപ്പാടെ ഇളകി മറിഞ്ഞുവരുന്ന ആ കൊടുങ്കാറ്റു കണ്ട് ഭയവിഹ്വലനായ റുഡോൾഫ് ചക്രവർത്തിക്കു ഒന്നുകൂടെ മാപ്പപ്പായുടെ സഹായം അഭ്യർത്ഥിക്കാതെ നിവർത്തി ഇല്ലായിരുന്നു. ഫാദർ ലോറൻസിനെ വീണ്ടും പ്രേഗിലേയ്ക്ക് അയയ്ക്കണമെന്നായിരുന്നു ചക്രവർത്തിയുടെ പ്രധാനമായ അപേക്ഷ.

1606 മേയ് 12-ാംതീയതി പോൾ അഞ്ചാമൻ പാപ്പാ ഫാദർ ലോറൻസിനു്, പേപ്പൽ പ്രതിനിധി എന്ന നിലയിൽ ജർമ്മൻ രാജ്യങ്ങളിൽ പ്രസംഗിക്കുവാൻ അനുവാദം നൽകി. തുടർന്നു മേയ് 28-ാംതീയതി ചക്രവർത്തിയുടെ സൈന്യത്തിന്റെ ചാപ്ലിനായി നിയമിക്കുകയും, ഉടൻതന്നെ ഹങ്കറിയിലേയ്ക്കു പുറപ്പെടുവാൻ കല്പിക്കുകയും ചെയ്തു. അതോടൊത്തു ഫാദർ ജനറലും ജർമ്മനിയിലെ കപ്പൂച്ചിൻ ആശ്രമങ്ങളുടെമേൽനോട്ടം അദ്ദേഹത്തെ ഭരമേല്പിച്ചു.

ഫാദർ ലോറൻസിനു് ഈ ചുമതലകളെല്ലാം നിർവ്വഹിക്കുന്നതിനുവേണ്ട ശരീരശക്തിതന്നെ ഇല്ലായിരുന്നു.

അദ്ദേഹത്തിന്റെ പാദം രണ്ടും നീരുവച്ചു വീങ്ങിയിരുന്നു, പക്ഷേ യാതൊരു വിധത്തിലും ആവലാതിപ്പെടാതെ മാപ്പിപ്പായുടെയും ഫാദർ ജനറലിന്റെയും കല്പനകൾ സസന്തോഷം അദ്ദേഹം അനുസരിച്ചു.

ഈ പ്രാവശ്യവും ഫാദർ ലോറൻസിന്റെകൂടെ രണ്ടു വൈദികരും ഒരു സഹോദരനും ഛങ്കറിയിലേയ്ക്കു പോകുന്നുണ്ടായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ വിദ്വേഷം അതിയായി വർദ്ധിച്ചിരുന്ന അക്കാലത്തു് അവരുടെ രാജ്യത്തൂടെ കൈയിൽ കാശില്ലാതെ കാൽനടയായുള്ള യാത്ര ഈ സന്യാസികൾക്കു് എത്ര ദുരിതപൂർണ്ണമായിരുന്നിരിയ്ക്കുണമെന്നു് നമുക്കു് ഊഹിയ്ക്കാം. ഒരു ദിവസം യാത്രാക്ഷീണം നിമിത്തം അവർ വഴിയരുകിൽ വിശ്രമിയ്ക്കുകയായിരുന്നു. അവരുടെ കൂട്ടത്തിലുണ്ടായിരുന്ന തുണസഹോദരൻ തന്റെ സഞ്ചിതുറന്നു നന്നായി പരിശോധിച്ചശേഷം, ദീനസ്വരത്തിൽ അറിയിച്ചു. "ആകപ്പാടെ രണ്ടു ചെറിയ റൊട്ടിക്ഷണങ്ങളേ നമ്മുടെ പക്കലുള്ളു. അതുംകൊണ്ടു നമ്മൾ എന്തുചെയ്യും? ഫാദർ ലോറൻസു് ഇതുകേട്ടു് "കൊള്ളാം ഈശോയ്ക്കു സ്തുതിയായിരിയ്ക്കട്ടെ" എന്നും പറഞ്ഞു് റൊട്ടിക്ഷണങ്ങൾ കയ്യിൽഎടുത്തു് ആശീർവ്വദിച്ചു് എല്ലാവർക്കും പങ്കിട്ടുകൊടുത്തു. അതു ഭക്ഷിച്ചുപ്പോൾ സുഭിക്ഷമായി ഊണു കഴിച്ച സംതൃപ്തിയാണു് അവർക്കു് അനുഭവപ്പെട്ടതു്. "ഊണു തൃപ്തിയായി, പക്ഷേ കുടിയ്ക്കാൻ ഒന്നുമില്ലല്ലോ?" എന്നായി പിന്നത്തെ ആവലാതി. "അതിനെന്തു്. ഈശോ അതിനും നിവൃത്തിയുണ്ടാക്കും" എന്നായിരുന്ന ഫാദർ ലോറൻസിന്റെ മറുപടി.

അപ്പോഴതാ, ഒരു വണ്ടി ആ വഴിയ്ക്കു വരുന്നു. വണ്ടിയിൽ രണ്ടുചീപ്പനിറയേ വീഞ്ഞുണ്ടു്. ആ നാട്ടിൽ ഉള്ളവരിൽനിന്നു വ്യത്യസ്തമായ രീതിയിൽ ചെമ്പിച്ച നീണ്ട താടി മീശയും സൗമ്യമായ മുഖഭാവവും ഉള്ള മനുഷ്യനായിരുന്നു വണ്ടിക്കാരൻ. ഫാദർ ലോറൻസിന്റെ മുൻപിൽ അയാൾ വണ്ടി നിത്തി. ക്ഷീണിച്ചു തളർന്ന ആ സന്യാസികളോടു ദയ തോന്നിയിട്ടെന്നവണ്ണം, ഒരു

വീഞ്ഞുതുറന്നു് അവക്കു് വേണ്ടുംവണ്ണം വീഞ്ഞു പകർന്നുകൊടുത്തു. എല്ലാവരും കൂടിച്ചു തൃപ്തിയായപ്പോൾ ആ നല്ല മനുഷ്യൻ ലോറൻസിനോടു യാത്രയും പറഞ്ഞു് വന്നവഴിയേ പോയി. വണ്ടിയും വണ്ടിക്കാരനും പോയിക്കഴിഞ്ഞപ്പോൾ ബ്രദർ തന്നെയായിരുന്ന വീണ്ടും ഫാദർ ലോറൻസിനോടു ചോദ്യം ചെയ്തതു്. ഇത്ര വലിയ പരിചയത്തോടെ അളേഹത്തോടു സംസാരിച്ച വണ്ടിക്കാരൻ ആരാണെന്നു് ആ സഹോദരനു് അറിയണം. പക്ഷേ ഫാദർ ലോറൻസിന്റെ മറുപടി ഇത്രമാത്രമായിരുന്നു. ബ്രദർ എന്തിനു് ഇതെല്ലാം അറിയണം? ഞാൻ പറഞ്ഞില്ലേ ഈശോ നമുക്കു് അയച്ചുതരുമെന്നു്"

അങ്ങനെ വിശപ്പെല്ലാം സ്വന്തമെന്നുള്ള വിശ്വാസത്തിൽ, ദൈവപരിപാലനയിൽ ബലമായി ശരണപ്പെട്ടുകൊണ്ടു് അവർ യാത്രചെയ്തു. യാത്രാദൈർഘ്യം നിമിത്തം അവരുടെ സന്ന്യാസചട്ട വല്ലാതെ മുഷിഞ്ഞുപോയിരുന്നു. ഈ പ്രാകൃതവേഷമാണു് അവരെ ഇത്രമാത്രം പരിഹാസപാത്രമാക്കുന്നതെന്നു അവക്കു് അറിയാമായിരുന്നു എങ്കിലും അതു് അവരെ അസ്വസ്ഥരാക്കിയില്ല. എന്നാൽ പ്രേഗിനോടു് അടുക്കുംതോറും മതവിരോധികളുടെ ഉപദ്രവം വർദ്ധിച്ചു വന്നു. ഡോനാവത്തിൽ എത്തിയതോടെ, ജനങ്ങളുടെ അവഹേളനങ്ങളും കയ്യേറ്റങ്ങളും സഹിയ്ക്കാൻപയ്യാതെ അവിടത്തെ ഒരു ബനഡിക്ടിൻ ആശ്രമത്തിൽ അവർ അഭയം തേടി. ഡൊനാവത്തിലെ ജനങ്ങളുടെ അക്രമങ്ങളെപ്പറ്റി പല ദയനീയമായ കഥകൾ ഫാദർ ലോറൻസിനും ക്രൂട്ടക്കും പറയാനുണ്ടായിരുന്നു. പക്ഷേ അതൊന്നും അവിടത്തെ സന്ന്യാസികൾക്കു ഒരു വ്യത്യാസമല്ലായിരുന്നു. ഏതാണ്ടു നാലഞ്ചു ദിവസത്തിനു മുൻപാണു് കത്തോലിയ്ക്കരുടെ ഒരു പ്രദക്ഷിണം പ്രോട്ടസ്റ്റന്റുകാർ ആക്രമിച്ചു പിരിച്ചു വിട്ടുകളഞ്ഞതു്. സ്ഥിതിഗതികൾ അത്ര ഭയങ്കരമാണെന്നു ഫാദർ ലോറൻസുപോലും പ്രതീക്ഷിച്ചതല്ല. എന്തായാലും പ്രേഗിൽ എത്തിയാലുടൻ ഇതിനു നിവാരണം ചെയ്യിക്കുന്നതാണെന്നു് ബെനഡിക്ടിൻ സന്ന്യാസികൾക്കു ഉറപ്പുകൊടുത്തുകൊണ്ടാണു് ഫാദർ ലാറൻസു് അവിടെനിന്നു യാത്രതുടർന്നതു്.

15

കള്ള പ്രവാചകൻ

ഒരു വിധത്തിൽ ഫാദർ ലോറൻസും ക്രൂട്ടും പ്രേഗിൽ എത്തിച്ചേർന്നു. അവരുടെ കഷ്ടപ്പാടെല്ലാം അതോടെ അവസാനിച്ചു. തുർക്കികളുമായി 20 കൊല്ലത്തെ സമാധാനസന്ധി ചെയ്തിരുന്നതിനാൽ രാജധാനി ശാന്തവും സമാധാനസമ്പൂർണ്ണവും ആയിരുന്നു. ചക്രവർത്തിയും പ്രേഗിലെ ജനങ്ങളും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അവർക്കു സ്വാഗതം നൽകി. അന്നു് ഉത്തരയൂറോപ്പിൽ കത്തോലിസ്സിക്കു് ഏറ്റവും സുരക്ഷിതമായ സ്ഥലം പ്രേഗുമാത്രമായിരുന്നു എന്നു പറയാം. പ്രോട്ടസ്റ്റൻറുകാർക്കു് പ്രചരണസ്വാതന്ത്ര്യം അവിടെ നിരോധിയ്ക്കപ്പെട്ടിരുന്നു. തൻറെ സഹോദരങ്ങൾ പ്രേഗിൽ എല്ലാപ്രകാരത്തിലും സുരക്ഷിതരാണെന്നു കണ്ടു് ഫാദർ ലോറൻസു് സന്തോഷിച്ചു. അതിനിടയ്ക്കു് ഡോനാവത്തിലെ കാര്യം അദ്ദേഹം മറന്നു പോയില്ല. അവിടത്തെ കത്തോലിക്കർക്കു് സമാധാനം ഉണ്ടാക്കിക്കൊടുക്കുന്നതിനു് ചക്രവർത്തിയോടു് അദ്ദേഹം അപേക്ഷിച്ചു. അതു് ഒരു കത്തോലിസ്സാ സാമ്രാജ്യാധിപൻറെ കടമയാണെന്നു് ബോധിപ്പിയ്ക്കുന്നതിനുപോലും ഫാദർ ലോറൻസു മടിച്ചില്ല. ഭരണാധികാരികൾ ഈ കാര്യത്തിൽ കാണിച്ച അലസതയെ അപലപിച്ചുകൊണ്ടു് ആ തലസ്ഥാനനഗരിയിൽ നിരന്തരമായി അദ്ദേഹം പ്രസംഗിച്ചു. ലോറൻസിൻറെ സ്വരം വനരോദനമായിപ്പോയില്ല. കാര്യത്തിൻറെ ഗൗരവം ജനങ്ങൾക്കു ബോദ്ധ്യപ്പെടുകയും, അതു ചക്രവർത്തിയുടെ കണ്ണു തുറപ്പിയ്ക്കുകയും ചെയ്തു. തന്മൂലം ചക്രവർത്തിയുടെ കല്പനയനുസരിച്ചു് മാക്സിമില്യൻപ്രഭു ഒരു സൈന്യവുമായി ഡോനാവത്തി

ലേയ്ക്കു പോയി. അപ്രതീക്ഷിതമായി ചക്രവർത്തിയുടെ സൈന്യം വന്നെത്തിയതുകണ്ട് ഭയവിഹ്വലരായ നഗരാധിപന്മാർ സകലതിനും പരിഹാരം ചെയ്തുകൊള്ളാമെന്ന് ഉടൻതന്നെ സമ്മതിച്ചതാണ്. പക്ഷേ ആ വാഗ്ദാനങ്ങൾക്ക് അവ അർഹിക്കുന്നതിലധികം വില കല്പിക്കുവാൻ മാക്സിമില്യൻ തയ്യാറല്ലായിരുന്നു. കുറ്റവാളികളെ കണ്ടു പിടിച്ചു ശിക്ഷിക്കുകയും പ്രോട്ടസ്റ്റൻറുകാർക്കു പൊതുപ്രവർത്തനങ്ങൾ നിരോധിക്കുകയും ചെയ്തശേഷമേ അദ്ദേഹം അവിടെനിന്നു മടങ്ങിപോയുള്ളൂ.

പ്രേഗിലും, ഡോനാവർത്തിലും ഉണ്ടായതുപോലെയുള്ള ചക്രവർത്തിയുടെ പ്രത്യേക സംരക്ഷണം സാമ്രാജ്യത്തിലെ കത്തോലിക്കു ജനതയ്ക്കെല്ലാം ലഭിക്കുക സാദ്ധ്യമായിരുന്നില്ല. പ്രോട്ടസ്റ്റൻറിസം ജർമ്മൻരാജ്യങ്ങളിൽ ബലമായി വേരുറപ്പിച്ചു കഴിഞ്ഞിരുന്നു. ജർമ്മൻ രാജാക്കന്മാരിൽ ഭൂരിപക്ഷവും പ്രോട്ടസ്റ്റൻറുകാർതന്നെ. "ധൈര്യമായി പാപം ചെയ്യുക, ബലമായി വിശ്വസിച്ചാൽ മതി" എന്നു പ്രസംഗിച്ച ഈ പ്രസ്ഥാനം വളർന്നു വ്യാപിച്ചതിൽ അത്ഭുതമില്ലല്ലോ. പോരെങ്കിൽ ഒരു പുതുമ എന്ന നിലയിലും അന്ന് പ്രോട്ടസ്റ്റൻറിസത്തിനു ഒരു ആകർഷകത്വമുണ്ടായിരുന്നു.

1608 ജൂലൈ 7-ാംതീയതി സാക്സനിയിലെ ഏലെക്ടർ ക്രിസ്റ്റ്യൻ രണ്ടാമൻ (Elector Christian II) 400 കുതിര പടയാളികളുടെ അകമ്പടിയോടുകൂടി തലസ്ഥാനനഗരി സന്ദർശിക്കുകയുണ്ടായി. അദ്ദേഹവും അദ്ദേഹത്തിൻറെ സഹചാരികളായിരുന്ന ഒരു സാക്സൻ പ്രഭുവും പൊലിക്കാർപ്പു ലെയിസറും ചക്രവർത്തിയുടെ അതിഥികളായി കുറേനാൾ പ്രേഗിൽ താമസിച്ചു. ഈ പൊലിക്കാർപ്പു ലെയിസർ അന്നത്തെ പ്രോട്ടസ്റ്റൻറു പ്രാസംഗികരിൽ പ്രധാനി ആയിരുന്നു. പ്രോട്ടസ്റ്റൻറിസത്തിൻറെ പുതിയ പ്രവാചകനായിട്ടാണ് ജർമ്മൻ രാജ്യങ്ങളിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഇപ്പോൾ ബൊഹേമിയായുടെ തലസ്ഥാനനഗരിയിൽ തന്നെ പ്രസംഗിക്കുന്നതിനുണ്ടായ സന്ദർഭം അദ്ദേഹം നഷ്ടപ്പെടുത്തിയില്ല.

7-ാംതീയതി വൈകിട്ടതന്നെ "അടുത്ത ദിവസം ലെയിസറിന്റെ പ്രസംഗം രാജധാനിയിൽ" എന്ന വിളംബരം പുറപ്പെട്ട കഴിഞ്ഞു.

ജൂലൈ 8-ാംതീയതി റോസൻബർഗ്ഗ് കൊട്ടാരത്തിനു ചുറ്റും ജനങ്ങൾ തടിച്ചുകൂടി. ലൂത്തരന്മാർ, ഹ സ്സൈറ്റുകൾ മുതലായ പ്രോട്ടസ്റ്റൻറുകാരും, അവരുടെ കൂട്ടത്തിൽ ചില ജിജ്ഞാസുക്കളായ കത്തോലിക്കരും ആഗതരായിരുന്നു. നിർദ്ദിഷ്ട സമയത്തു് ലെയിസർ കൊട്ടാരത്തിനകത്തുനിന്നു് തുറന്ന ജന്നലീലൂടെ പ്രസംഗം തുടങ്ങി. നിത്യരക്ഷയ്ക്കു ബലമായ വിശ്വാസം മാത്രമാണു് അവശ്യമെന്നും നന്മപ്രവൃത്തികൾ മനുഷ്യനെ അഹങ്കാരിപ്പിയ്ക്കുകയേ ഉള്ളു എന്നും മറ്റുമുള്ള ലൂത്തരൻ മതതത്വങ്ങളാണു് അദ്ദേഹം അവതരിപ്പിച്ചതു്. വിശുദ്ധ ക്രൂശയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ നിഷേധിയ്ക്കുന്നതിനും, അതേപ്പറ്റി ദൈവദൂഷണം പറയുന്നതിനുപോലും അദ്ദേഹം മടിച്ചില്ല. കത്തോലിയ്ക്കപ്രേക്ഷകരെല്ലാം ക്ഷുഭിതരായാണു സ്ഥലം വിട്ടതു്. ഒരു കത്തോലിയ്ക്കരാജധാനിയിൽ, പ്രോട്ടസ്റ്റൻറിസം പൊതുവായി വിലക്കപ്പെട്ടിരുന്ന ആ നഗരത്തിൽ, ഇത്ര ധൈര്യസമേതം ഒരാൾ ലൂത്തറനിസം പ്രസംഗിച്ചു എന്നുള്ളതുതന്നെ അവർക്കു് ഒരു കടംകഥപോലെ തോന്നി. ലെയിസരുടെ പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചകൾ എങ്ങും കേൾക്കാമായിരുന്നു.

പ്രേഗിലെ എല്ലാ കത്തോലിക്കരെയും അപേക്ഷിച്ചു് ഈ സംഭവം ഏറ്റവും വെറുപ്പോടെ വീക്ഷിച്ച വ്യക്തി ഫാദർ ലോറൻസു് ആയിരുന്നു. ഇങ്ങനെയുള്ള കയ്യേറ്റങ്ങൾ മൗനമായി നോക്കി ഇരിക്കുക അദ്ദേഹത്തിനു് മരണതുല്യമാണു്. മെത്രാപ്പോലീത്തായോടും അപ്പസ്തോലിക് നൺസിയോയോടും ലെയിസറിനെ ഒരു പൊതുയോഗത്തിൽ നേരിടുന്നതിനുള്ള അനുവാദം അദ്ദേഹം അഭ്യർത്ഥിച്ചു. പക്ഷേ അതു് നഗരത്തിൽ ഒരു പ്രക്ഷോഭണത്തിനു കാരണമായേക്കുമെന്നു ഭയന്നു്, തല്ക്കാലം ക്ഷമിച്ചിരിക്കുവാനാണു് അവർ കല്പിച്ചതു്. ഫാദർ ലോറൻസു് അനുസരിച്ചു.

എന്നാൽ കത്തോലിക്കരുടെ ഭാഗത്തെ മനസ്സാ ലെയിസറിനെ കൂടുതൽ ധൈര്യപ്പെടുത്തി. വിശുദ്ധ ക്രൂശയെപ്പറ്റി ദൈവദൂഷണം പറഞ്ഞുകൊണ്ടാണ് അദ്ദേഹം ചില പ്രസംഗങ്ങൾ തുടങ്ങിയതുതന്നെ. ലെയിസറിന്റെ ധിക്കാരം കൂടിവരുന്നതുകണ്ട്, അദ്ദേഹത്തെ പരസ്യമായി നേരിടുവാൻ പേപ്പൽ നൺസിയോതന്നെ ഒടുവിൽ ഫാദർ ലോറൻസിനു് അനുവാദം നൽകി.

ആ പ്രോട്ടസ്റ്റൻറ് പ്രവാചകനെ പരസ്യമായി എതിർക്കുന്ന കാര്യം പലരും അത്ര അനുകൂലമായല്ല വീക്ഷിച്ചതു്. സാക്സൻ ഇലക്ടരുടെ അപ്രീതിക്കു് ഇതു കാരണമാകുമെന്നു് രാജധാനിയിലെ ഉദ്യോഗസ്ഥന്മാക്കു് ഭയമായിരുന്നു. ഫാദർ ലോറൻസിനെ ഈ ഉദ്യമത്തിൽനിന്നു വിരമിപ്പിക്കുവാൻ അവർ കഴിവതും പരിശ്രമിച്ചുനോക്കി. ലൗകികബുദ്ധികളായ അവരുടെ വാദം ക്ഷമയോടെ കേട്ടിട്ടു് അദ്ദേഹം വിലപിച്ചു: "ഓ, എന്റെ നാഥേ, ഈശോയുടെ വത്സലമാതാവേ, ദിവ്യജനനീ, കത്തോലിക്കരുടെ മതതീഷ്ണതയോ ഇതു്? തിരുസഭാമാതാവിനോടുള്ള കുറവ് ഇതുതന്നെയോ? ഈ വിധമാണോ ഓരോ ക്രിസ്ത്യാനിയും അവന്റെ സഹോദരന്റെ നിത്യരക്ഷയ്ക്കായി പരിശ്രമിക്കുന്നതു്?" പിന്നീടു് ഉദ്യോഗസ്ഥന്മാരുടെ നേരെതിരിഞ്ഞു് "ഈ കള്ളപ്രവാചകനെതിരായി പ്രസംഗിക്കുവാൻ ഞാൻ നിശ്ചയിച്ചുറച്ചിരിക്കുന്നു എന്നു അറിഞ്ഞുകൊള്ളുക. അവന്റെ വഴിപിഴച്ച തത്വോപദേശങ്ങളുടെ പൊള്ളത്തരം ഞാൻ തുറന്നു കാണിക്കും. ഈ ഉദ്യമം ഉപേക്ഷിക്കണമെന്നു് ഇനിയും ഉപദേശിക്കുന്നവരെ മതവിരോധികളായിട്ടേ ഞാൻ കണക്കാക്കുകയുള്ളു. അങ്ങനെതന്നെ മാപ്പുപ്രായെ ധരിപ്പിക്കുകയും ചെയ്യും."

ലെയിസർ അന്നും പ്രസംഗിച്ചു. അടുത്തദിവസം രണ്ടും കൽപ്പിച്ചുതന്നെയാണു് ഫാദർ ലോറൻസ് സമ്മേളനസ്ഥലത്തു് എത്തിയതു്. പൗലോസപ്പോസ്തലൻ എലിമാസിനോടുപറഞ്ഞ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗം ആരംഭിച്ചു. "വഞ്ചനയും കാ

പടുവുംനിറഞ്ഞ നരകസതപത്തിന്റെ ഉടപ്പിറപ്പേ, അ
ധർമ്മത്തിന്റെ പ്രവാചകാ, ദൈവത്തിന്റെ നേർവഴി
കളിൽനിന്ന് മനുഷ്യരെ വഴിതെറ്റിക്കുന്ന ഉദ്യമം നീ
ഉപേക്ഷിക്കയില്ലേ?''

ആ പ്രോട്ടസ്റ്റൻറ പ്രവാചകന്റെ പ്രസംഗങ്ങളിൽ
മുറിനിന്ന പ്രധാന തതപങ്ങൾ ഓരോന്നും വെവ്വേറെ എ
ടുത്ത്, സമൂക്കായി വിവരിച്ച്, അതിലെ നഗ്നമായ അ
സംബന്ധങ്ങൾ അട്ടേഹം വ്യക്തമാക്കി. ധാർമ്മികജീവി
തം, അഥവാ പുണ്യപ്രവൃത്തികൾകൊണ്ട് സജ്ജീവമാക്കാ
ത്ത വിശപാസം നിർജ്ജീവമാണെന്നും ജീവനില്ലാത്ത
ജഡത്തിനു തുല്യമാണെന്നും യുക്തിയുക്തം സമർത്ഥിച്ചു.
അവസാനമായി ലെയിസറിനോട് ഒരു വെല്ലുവിളി, "ക
ത്തോലിക്കാസഭയിൽ പ്രചാരത്തിലിരിക്കുന്ന വൾഗേറ്റ്
(ബൈബിളിന്റെ ലത്തീൻഭാഷയിലെ വിവർത്തനം) അ
ബദ്ധജടിലമാണെന്നു തെളിയിക്കുവാൻ, മാനുഷായ പൊ
ലിക്കാപ്പു ലെയിസർ, ഗ്രീക്കിലും, കൽദയായിലും, ഹീ
ബ്രുവിലുമുള്ള ബൈബിളുകളാണല്ലോ തെളിവായി കൊ
ണ്ടുവന്നിരിക്കുന്നത്. എന്നാൽ അട്ടേഹത്തിനു് ഈ ഭാഷ
കളിൽ യാതൊരു ജ്ഞാനവും ഇല്ല എന്നുള്ള വാസ്തവം എ
നിക്കറിയാം. എന്നിട്ടാണ് തെറ്റു കണ്ടുപിടിക്കുന്നത്.
അല്ലെങ്കിൽ ഇതാ ഗ്രീക്കിലും, കൽദയായിലും, ഹീബ്രു
വിലുമുള്ള മൂന്നു ബൈബിളുകൾ എന്റെ കൈവശമുണ്ട്.
അട്ടേഹം ഇതിൽ ഏതൊന്നിൽനിന്നെങ്കിലും ഒരു പേജു
വായിച്ചു കേൾപ്പിക്കുമെങ്കിൽ ഞാൻ പരാജയം സമ്മതി
ക്കുന്നതാണ്.''

ഫാദർ ലോറൻസിന്റെ ഈ ഉപസംഹാരം ഉ
ദ്ദേശിച്ച ഫലംചെയ്തു. സാക്സൻപ്രഭു ബാർബിസി ഈ
പുസ്തകങ്ങളുമായി ലെയിസറിനെ തേടി പുറപ്പെട്ടു. പ
ക്ഷേ ലെയിസർ ആത്മാഭിമാനസംരക്ഷണാർത്ഥം പണ്ടേ
സ്ഥലംവിട്ടിരുന്നു.

പ്രഗത്ഭനായ ഈ പ്രോട്ടസ്റ്റൻവപ്രാസംഗികനു നേ
രിട്ട പരാജയം പ്രേഗിലെ കത്തോലിക്കർ അഭിമാനത്തോ

ട്ടും ആഹ്ളാദത്തോടും പരിഗണിച്ചെങ്കിൽ, പ്രോട്ടസ്റ്റൻറുകാർ അതു് നിരാശാനിർഭരമായ വെറുപ്പോടും വിദ്വേഷത്തോടുമാണു വീക്ഷിച്ചതു്. ഫാദർ ലോറൻസിന്റെ നേരേ അവരുടെ ശത്രുത പതിന്മടങ്ങു വർദ്ധിച്ചു. അദ്ദേഹത്തിന്റെ പേരുതന്നെ അവർ പൈശാചികമായി വെറുത്തു. എന്തിനേറെ, ആ ജീവിതത്തിനു വിരാമമിടുന്നതിനുള്ള ഗൂഢാലോചനകൾ നടന്നു. പ്രേഗിലെ ഗിൻസിക്കുപ്രഭുവാണു് ഇതിൽ മുന്നിട്ടുനിന്നതു്. "ലെയിസറിന്റെ പ്രസംഗം അവസാനിപ്പിച്ചതിനു് ഈ കള്ളസന്യാസിയുടെ ജീവിതംതന്നെ ഞാൻ അവസാനിപ്പിക്കുന്നതാണു്," എന്നു് ആ പ്രോട്ടസ്റ്റൻറുപ്രഭു ശപഥംചെയ്തു. ഈ വിവരം ലോറൻസിന്റെ ചെവിയിൽ എത്താതിരുന്നില്ല. എന്നാൽ ഇതുപോലെ വീരന്മാരും ക്രൂരന്മാരുമായ ഒട്ടനേകംപേരുടെ വിരുദ്ധം മിരട്ടലെല്ലാം ധാരാളം കണ്ടവനാണു ഫാദർ ലോറൻസു്. അദ്ദേഹം ഇതു് അറിഞ്ഞപ്പോൾ പറഞ്ഞ വാക്കുകളിൽ ഭയലേശംപോലും പ്രതിഫലിച്ചിട്ടില്ല. "ഞാൻ പ്രസംഗിക്കുന്ന പരമസത്യങ്ങൾക്കു് എന്റെ രക്തംകൊണ്ടു സാക്ഷ്യംവഹിക്കുവാൻ എന്റെ ദൈവം എന്നെ അനുവദിക്കുമോ? അല്പാപ്യമായ ആ മഹാഭാഗ്യം ഞാൻ കൊതിക്കുന്നതെന്തിനു്? ഗിൻസിക്കു ഈ പറയുന്നതുപോലെ അത്ര ഭയങ്കരനൊന്നുമല്ല. അദ്ദേഹത്തെ എനിക്കു നല്ലവണ്ണമറിയാം. ഒന്നു നേരിട്ടുകണ്ടാൽ ഈ പറയപ്പെടുന്ന വീരൻ ഒരു കുഞ്ഞാടിനെപ്പോലെ ശാന്തനായിത്തീരുമെന്നു് എനിക്കു നിശ്ചയമുണ്ടു്."

ഒരുദിവസം ഫാദർ ലോറൻസു് വേറൊരു സഹോദരനുമായി ഗിൻസിക്കിന്റെ കൊട്ടാരത്തിലേയ്ക്കു ചെന്നു. "ഞങ്ങൾ രണ്ടു കപ്പൂച്ചിൻ സന്യാസികൾ, പ്രഭുവിനെ കാണാൻ വന്നതാണു്," എന്നുമാത്രം വിനയപൂർവ്വം ദ്വാരപാലകനെ അവർ അറിയിച്ചു. കൊട്ടാരത്തിനുള്ളിൽ അപ്പോൾ വലിയ സദ്യയും താളമേളങ്ങളുമൊക്കെ ആയിരുന്നു. ദ്വാരപാലകന്റെ മൊഴികേട്ടു് പ്രഭു അവരെയും അകത്തേയ്ക്കു ക്ഷണിച്ചു. പക്ഷേ സന്യാസികളിൽ ഒരാൾ ഫാദർ ലോറൻസു് ആയിരുന്നു് അദ്ദേഹം ഒട്ടും പ്രതീക്ഷി

ച്ചതല്ല. എങ്കിലും ഈ പേരെടുത്ത പ്രാസംഗികനെ ബഹുമാനപൂർവ്വം ആ മാന്യസദസ്സ് സ്വാഗതംചെയ്തു. പ്രഭുവിന്റെ അടുത്തുതന്നെ ബഹുമാന്യമായ ഒരു സ്ഥാനം അദ്ദേഹത്തിനായി ഒഴിഞ്ഞുകൊടുത്തു. അപ്പോഴാണ് പ്രഭുവും അതിഥികളും ഫാദർ ലോറൻസിനെ മറ്റൊരാളായിട്ടു കാണുക. ലെയിസറിന്റെനേരേ തട്ടിക്കയറി, പൂട്ടും തീയും പറപ്പിച്ച സാഹസൻ, ചക്രവർത്തിയുടെ "ബഹുമാന്യാതിഥി"കളെ ഒരുപ്രകാരത്തിൽ അധിക്ഷേപിച്ച ആ അസംസ്കൃതൻ, ഇതാ ഇപ്പോൾ വിനോദംപറഞ്ഞു ചിരിക്കുന്നു, ചിരിപ്പിക്കുന്നു. അകപ്പാടെ അന്നത്തെ ആ അതിഥിസല്ക്കാരത്തിന്റെ ജീവനായിത്തീർന്നു അദ്ദേഹം. അതു ആത്മാർത്ഥമായ വിനയവും സൗഹാർദ്ദവും കണ്ട് അത്ഭുതപരവശനായ പ്രഭു തന്റെ ഗൂഢാലോചനകളെ മനസാ ശപിക്കുകയാണു ചെയ്തത്. ഗിൻസിക്കിപ്രഭുവിന്റെ മാനസാന്തരത്തെപ്പറ്റി ചരിത്രരേഖയൊന്നുമില്ല. പക്ഷേ ഫാദർ ലോറൻസിന്റെ പ്രേഷിതതീക്ഷ്ണത അതും സാധിച്ചുകാണണം, നിശ്ചയം.

16

സമാധാനത്തിന്റെ അന്വാസ്ഡർ

പതിനേഴാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്പിലുണ്ടായ സംഭവവികാസങ്ങളിലൂടെ കത്തോലിക്കാസംസ്ഥാനത്തെ സുരക്ഷിതമായി നയിച്ചുകൊണ്ടുപോകുന്ന ഒരു നയതന്ത്രവിദഗ്ദ്ധനായിട്ടാണ് 1609 മുതൽ 1613 വരെ ഫാദർ ലോറൻസിനെ നാം കാണുന്നതു്. ബ്രിണ്ടിസിയിൽനിന്നു വന്ന ഈ പ്രേഷിതവീരൻ അദ്ദേഹത്തിന്റെ രണ്ടാമത്തെ മിഷൻപ്രവർത്തനം ആരംഭിക്കുമ്പോൾ യൂറോപ്പിലെ സ്ഥിതിഗതികൾ ഒട്ടും അനുകൂലമായിരുന്നില്ല. ശത്രുക്കൾ വീടുവളയുമ്പോൾ വീട്ടുകാർ തമ്മിൽത്തല്ലി നശിക്കുന്ന മട്ട്. പ്രോട്ടസ്റ്റൻറിസത്തിനു ജന്മനി

യിൽ പ്രചാരം സിദ്ധിച്ചതോടെ, കത്തോലിക്കസഭയോടും അതിനെ സംബന്ധിക്കുന്ന സകലതിനോടുമുള്ള വെറുപ്പും, കത്തോലിക്കരോടുള്ള എതിർപ്പും, അന്യായമായ അധികാരം പിടിച്ചുപറ്റലും യൂറോപ്യൻ രാഷ്ട്രീയത്തിന്റെ ഒരു പ്രത്യേകതയായിത്തീർന്നിരുന്നു. കത്തോലിക്കരാജാക്കന്മാരാണെങ്കിൽ ഇതൊന്നും കാണാത്തവരെപ്പോലെ, സഹകാര്യത്തല്പരരായി, ധർമ്മധർമ്മബോധംപോലും വെടിഞ്ഞു് തമ്മിൽത്തമ്മിൽ മല്പിടിക്കുകയാണു്.

മാൻറുവാഭരണാധിപൻ വിൻസൻറ് പ്രഥമൻ യാതൊരു കാരണവുംകൂടാതെ മാക്സിമില്ല്യന്റെ രാജ്യത്തിൽ ചില ഭാഗങ്ങൾ കയ്യടക്കി. മാക്സിമില്ല്യൻ റുഡോൾഫ് ചക്രവർത്തിയോടു പരാതിപ്പെട്ടു. ചക്രവർത്തി ഈ കേസ് അതേപടി ഫാദർ ലോറൻസിനെ ഭരമേല്പിക്കയുംചെയ്തു. ഈ സമാധാനദൂതൻ വിൻസൻറുപ്രഭുവിനെ സമീപിച്ചു് അദ്ദേഹത്തോടു് അപേക്ഷിച്ചുനോക്കി, ഉപദേശിച്ചുനോക്കി. ഭരണാധികാരത്തിലും ദ്രവ്യസമ്പാദനത്തിലും ഭ്രമിച്ചുപോയ ആ രാജാവുണ്ടോ ഈ ശാന്തമായ പ്രേരണകൾക്കു വഴങ്ങുന്നു? ഫാദർ ലോറൻസു് ധൈര്യം വെടിഞ്ഞില്ല. വേണ്ടിവന്നതിനാൽ കർശനമായ ഒരു മാർഗ്ഗംതന്നെ അദ്ദേഹം സ്വീകരിച്ചു. "മാക്സിമില്ല്യനോടു നീതികാണിക്കാത്തപക്ഷം വരാനിരിക്കുന്നതൊക്കെ സഹിക്കുവാൻ ഒരുങ്ങിക്കൊള്ളുക" എന്നു പ്രഭുവിനു് ഒരു താക്കീതും നല്കി. പക്ഷേ ഒരു സന്യാസിയുടെ വാക്കുകൾക്കു് ആ പ്രതാപശാലി അത്രവലിയ വിലയൊന്നും കല്പിച്ചില്ല. എന്നാൽ അധികം താമസിയാതെതന്നെ ഉണ്ടായ കലാപങ്ങൾ അദ്ദേഹത്തിന്റെ കണ്ണുതുറപ്പിച്ചു. ജനങ്ങളുടെ ഇടയിൽ പ്രഭുവിനു് എതിരായി ഒരു ഭയങ്കരവിപ്ലവം രൂപമെടുക്കുന്നു. തന്റെ അധികാരവും അതോടൊത്തു ജീവൻതന്നെയും നഷ്ടമാകുവാൻ പോകുന്നതു കണ്ടപ്പോൾ, ലോറൻസിന്റെ വാക്കുകൾ അദ്ദേഹത്തിനു് ഓർമ്മവന്നു. അന്യായമായി കയ്യടക്കിയ രാജ്യങ്ങൾ വിട്ടുകൊടുക്കുവാൻ ഉടൻതന്നെ പ്രഭു ഉത്തരവുപുറപ്പെടുവിച്ചു. അത്ഭുതമെന്നപോലെ വിപ്ലവത്തിന്റെ സംരംഭങ്ങളും അതോടെ നിലച്ചു.

ഫാദർ ലോറൻസിന്റെ പ്രാർത്ഥനയും പ്രസംഗങ്ങളുമായിരിക്കാം അതു സാധിച്ചതു്.

മാൻഹവായിൽ സമാധാനം സ്ഥാപിച്ചശേഷം ഫാദർ ലോറൻസു് റോമിലേയ്ക്കു പോയി. ജർമ്മൻ രാജ്യങ്ങളിൽ കത്തോലിക്കു-പ്രോട്ടസ്റ്റന്റു സമ്മർദ്ദങ്ങൾ വരുത്തിവയ്ക്കുന്ന ആഭ്യന്തരികവും ലൗകികവുമായ കഷ്ടനഷ്ടങ്ങളെപ്പറ്റി മാർപ്പാപ്പായെ ധരിപ്പിക്കേണ്ടതുണ്ടായിരുന്നു.

ഫാദർ ലോറൻസിനു് വിശ്രമലേശമില്ലാതുള്ള ജോലിനക്കിയ സംഭവങ്ങൾ ഇനിയും വരാനിരിക്കുന്നതേയുള്ളു. അതിൽ പ്രധാനമായതാണു് 1609-ലെ പ്രോട്ടസ്റ്റന്റു് ലീഗു്. ബ്രാണ്ടൻബർഗ്ഗി (Brandenburg) ലെ ഏലക്ടരും നെയുബർഗ്ഗി (Neuburg) ലെ പലാറ്റിനേറും (Palatinate) സന്ധിചേർന്നു് ജൂവെലിച്ചു് (Juelich), ക്ലെവെസ്സു് (Cleves) എന്ന രണ്ടു പ്രോവിൻസുകൾ ആക്രമിക്കുന്നതിനു് സൈന്യസജ്ജീകരണം തുടങ്ങി. മറ്റുള്ള പ്രോട്ടസ്റ്റൻറുരാജാക്കന്മാരുടെ പ്രത്യേകപ്രേരണയാലാണു് ഈ സംഘടന ഉടലെടുത്തതു്. കത്തോലിക്കുരാജ്യങ്ങളോടു വിജയപൂർവ്വം മല്ലിടുന്നതിനായുള്ള ഒരു സംരംഭമാണു് ഇതെന്നു കണ്ണുള്ള രാഷ്ട്രതന്ത്രജ്ഞന്മാർക്കു നല്ലവണ്ണം കാണാമായിരുന്നു. തൻമൂലം മാക്സിമില്ല്യന്റെ അഭിമുഖത്തിൽ ജർമ്മൻ സാമ്രാജ്യത്തിലെ കത്തോലിക്കു ഭരണാധികാരികളും ഒരു ലീഗു സംഘടിപ്പിച്ചു. പക്ഷേ പ്രോട്ടസ്റ്റൻറുലീഗിനോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ കത്തോലിക്കുലീഗിന്റെ ദൗർബല്യം വ്യക്തമായിരുന്നു. ജർമ്മൻ സാമ്രാജ്യത്തിൽ പ്രോട്ടസ്റ്റന്റു ഭരണാധിപന്മാരുടെ എണ്ണം കൂടുതലായിരുന്നു എന്നു മാത്രമല്ല, ഒട്ടധികം കത്തോലിക്കുരാജാക്കന്മാർതന്നെയും അവരുടെ പ്രബലരായ പ്രോട്ടസ്റ്റന്റു് അയൽരാജ്യങ്ങളെ ഭയന്നു് നിഷ്പക്ഷരായി വർത്തിച്ചു. യൂറോപ്പിലെ ഇതരരാഷ്ട്രീയശക്തികളുടെ സഹായം ഉണ്ടായെങ്കിൽമാത്രമേ ഇനി കത്തോലിക്കുലീഗിനു പ്രവർത്തിക്കാൻ കഴിയൂ. ഫ്രാൻസു് ഇതിനകം പ്രോട്ടസ്റ്റൻറുപക്ഷത്തു ചേർന്നുകഴിഞ്ഞിരുന്നു. ഇനി സ്പെയിൻ മാത്രമാണു് ലീഗിന്റെ ഏകാലംബം.

പോൾ പഞ്ചമൻ മാപ്പ്പ്പാ ഫാദർ ലോറൻസിനെ പ്രത്യേക ഉപദേശങ്ങളോടുകൂടി സ്പെയിനിലേക്കയച്ചു. പേപ്പൽ അംബാസഡർ എന്ന നിലയിൽ 1609 സെപ്തംബർ 10-ാംതീയതി ഫാദർ ലോറൻസ് മാഡ്രിഡിലെത്തി. രാജാവും രാജ്ഞിയും ഏറ്റവും ഹൃദയംഗമായ സ്വാഗതമാണ് മാപ്പ്പ്പായുടെ പ്രതിനിധിക്കു നല്കിയത്. മാപ്പ്പ്പായുടെ മാത്രമല്ല, ജർമ്മനിയിലെ കത്തോലിക്കരുടെയും പ്രതിനിധി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അപേക്ഷകൾ ഫിലിപ്പു മൂന്നാമൻ സശ്രദ്ധം ശ്രവിച്ചു. ലീഗിനെ സഹായിക്കുന്നതിൽ രാജാവിനു വിസമ്മതമില്ലായിരുന്നു എങ്കിലും പുതിയപുതിയ ചുമതലകൾ ഏറ്റെടുക്കുവാൻ അദ്ദേഹം വളരെ മടിച്ചു. ലോറൻസ് ആശവെടിഞ്ഞില്ല. ദിവസംതോറും രാജാവിനെ മുഖംകാണിച്ച് ഇതേപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. ഏഴെട്ടാഴ്ചകൾ അങ്ങനെ കടന്നുപോയി. ഒടുവിൽ നവംബർ ഒന്നാംതീയതിയാണ് ഫിലിപ്പുരാജാവ് സമ്മതം നല്കിയത്. പക്ഷേ ഒരു നിബന്ധനയിന്മേൽ, അതായത് സ്റ്റിറിയായിലെ ഫെർഡിനാൻഡുപ്രഭു (Ferdinand of Styria) വിനു ലീഗിന്റെ കൗൺസിലിൽ മാക്സിമില്യനോടൊപ്പം ഒരു സ്ഥാനം ലഭിക്കണം. ഈ വ്യവസ്ഥകൂടെ കടന്നുപോയെന്നു ഫാദർ ലോറൻസിനു തോന്നിഎങ്കിലും ലീഗിനു സ്പെയിനിന്റെ സഹായം ഒഴിച്ചുകൂടാത്തതായിരുന്നതിനാൽ അദ്ദേഹം സമ്മതിച്ചു. പ്രതിമാസം 30,000 ഡുക്കേറ്റ് (ducate) ധനസഹായം ചെയ്യാമെന്നും, രണ്ടു റജിമെൻറ് സ്പെയിനിൽനിന്ന് അയയ്ക്കാമെന്നും രാജാവു് ഏറ്റു. അങ്ങനെ തന്റെ മിഷൻ വിജയപ്രദമാക്കിക്കൊണ്ട് ഡിസംബർ 12-ാംതീയതി സ്പെയിനിൽനിന്നു മടങ്ങി. 1610 ഫെബ്രുവരി 4-ാംതീയതി റോമിലെത്തി വിവരം മാപ്പ്പ്പായെ ഉണർത്തിച്ചശേഷം ഉടൻതന്നെ അവിടെനിന്നുതിരിച്ചു് മേയ് മാസത്തോടുകൂടി ജർമ്മനിയിൽ എത്തി.

സ്പെയിനിന്റെ സഹായം ഉണ്ടായതോടെ കത്തോലിക്കലീഗിനു വിജയം നിശ്ചയമായി. 1610 ആഗസ്റ്റ്

22-ാംതീയതി ലീഗുകൗൺസിലറന്മാർ മ്യൂനിച്ചിൽ സമ്മേളിക്കുകയും, ഒരു മെമ്മോറാണ്ടം തയ്യാറാക്കി പ്രോട്ടസ്റ്റൻറയ്യണിയന്ന് അയച്ചുകൊടുക്കുകയും ചെയ്തു. ഈ പ്രബലമായിത്തീർന്ന കത്തോലിക്കലീഗുമായുള്ള സംഘട്ടനം ഭയന്ന്, പ്രോട്ടസ്റ്റൻറയ്യണിയൻ ആക്രമിക്കുന്നതിനുള്ള പ്ലാൻ ഉപേക്ഷിച്ചിട്ട്, സമാധാനസന്ധിയ്ക്കായി ഉടൻതന്നെ ഒരു പ്രതിനിധിസംഘത്തെ മ്യൂനിച്ചിലേയ്ക്കയയ്ക്കുകയാണു ചെയ്തത്. അങ്ങനെ ചിരപ്രതീക്ഷിതമായ ഒരു അത്യാപത്ത് ഒഴിഞ്ഞുപോയി.

ഇക്കാലത്ത് യൂറോപ്യൻ രാഷ്ട്രീയത്തിൽ ഇത്രയധികം ഇടപെട്ടതുകാരണം ഫാദർ ലോറൻസിന് ശത്രുക്കളുടെ വെറുപ്പും മിത്രങ്ങളുടെ വിമർശനവും സഹിക്കേണ്ടതായിവന്നു എന്നുള്ളതു പരമാർത്ഥമാണ്. എങ്കിലും കത്തോലിക്കലീഗ് ഒരു വിജയമായിത്തന്നെ കലാശിച്ചു. പ്രോട്ടസ്റ്റൻറയ്യണിയന്റെ പ്ലാൻ പ്രവൃത്തിയിൽ വന്നെങ്കിൽ ജർമ്മനിയിലെ കത്തോലിക്കരുടെ നില ദയനീയമായിത്തീർന്നേനേ. മാക്സിമില്ല്യൻ ഒരിക്കൽ പറയുകയുണ്ടായി "ജർമ്മൻസാമ്രാജ്യം മാത്രമല്ല, ക്രൈസ്തവലോകം മുഴുവൻ ഫാദർ ജ്വിങ്ങിസിയോട് നിത്യമായി കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കീഴിൽ പ്രബലപ്പെട്ട കത്തോലിക്കലീഗ് നിർവ്വഹിക്കുന്ന സേവനങ്ങൾ കണ്ണുള്ളവർക്കൊക്കെ കാണാവുന്നതാണ്."



17

പ്രേഷിതതീക്ഷ്ണത

സാമ്രാജ്യത്തിൽ സമാധാനം ഉണ്ടായതോടെ സാക്സനിയിലെ എലക്ടർ ഒരിക്കൽക്കൂടെ രാജധാനി സന്ദർശിച്ചു. ഈ പ്രാവശ്യം ലെയിസറിനു പകരം പേറൊരു പ്രാസംഗികനെയാണ് കൂടെക്കൊണ്ടുവന്നതു്. ലെയിസറിന്റെ പരാജയംമൂലമുണ്ടായ അഭിമാനക്ഷയം എങ്ങനെ എങ്കിലും വീണ്ടെടുക്കുവാനുള്ള പരിശ്രമത്തിൽ കത്തോലിക്കരുടെ മേലീഭക്തി ഇപ്രാവശ്യം ഈ പ്രാസംഗികൻ കടന്നാക്രമിച്ചു. കത്തോലിക്കർ ദൈവത്തോടല്ല മറിയത്തോടാണു പ്രാർത്ഥിക്കുന്നതെന്നും, ദൈവത്തെയും ക്രിസ്തുവിനെയും മറന്നു് അവർ ഒരു സ്ത്രീയെ ആരാധിക്കുന്നു എന്നും മറ്റും തട്ടിവിട്ടു.

ദൈവദൂഷണങ്ങൾക്കു തുല്യമായ ഇത്തരം അപവാദങ്ങൾ ഫ്രിണ്ടിസിയിലെ മേരീഭക്തൻ സഹിച്ചില്ല. മറിയത്തിന്റെ നേരേയുള്ള പ്രത്യേകഭക്തിക്കു് ക്രിസ്തീയ ജീവിതത്തിലുള്ള യഥാർത്ഥമായ സ്ഥാനം, തിരുസഭയുടെ ആദിമശതകങ്ങൾതന്നെ സാക്ഷ്യംവഹിക്കുന്ന മറിയഭക്തിയുടെ പൗരാണികത്വം ഇതെല്ലാം വിശദമായി വിവരിച്ചുകൊണ്ടു് രാജധാനിയിൽ അദ്ദേഹം ഒട്ടനേകം പ്രസംഗങ്ങൾ ചെയ്തു. സമയോചിതമായ ആ ദിവ്യോക്തികൾ രാജനഗരിയിലെ ജനങ്ങളുടെ സത്യവിശ്വാസം കാത്തുസൂക്ഷിച്ചു. തന്റെ പ്രതിയോഗിയെപ്പറ്റി ഫാദർ ലോറൻസിനു പറയാനുണ്ടായിരുന്നതു് ഇത്രമാത്രമാണു്: "ഈ പ്രാസംഗികർ ഒന്നുകിൽ അജ്ഞതകൊണ്ടു് അല്ലെങ്കിൽ പകകൊണ്ടാണു് ഈവിധം പ്രസംഗിക്കുന്നതു്.

അജ്ഞതയാണു കാരണമെങ്കിൽ അഭിജ്ഞന്മാർ അല്ലേഹത്തെ തിരുത്തിക്കൊള്ളും. അഹങ്കാരവും പകയുമാണു് ഇതിനു പ്രേരകമെങ്കിൽ അല്ലേഹം ശിക്ഷാർഹനാണു്.'' ഫാദർ ലോറൻസിന്റെ വിശദമായ ഖണ്ഡനം കേട്ടകഴിഞ്ഞപ്പോൾ ലൂത്തരൻ പിന്നെ മൗനമവലംബിക്കുകയാണു ചെയ്തതു്.

കത്തോലിക്കലീഗിന്റെ പ്രവർത്തനംവഴി പ്രേഗിലും മ്യൂനിച്ചിലും പ്രോട്ടസ്റ്റൻറിസത്തിനു പ്രചാരം കുറഞ്ഞുവന്നു. പക്ഷേ മറ്റുള്ള ജർമ്മൻ രാജ്യങ്ങളിൽ വിശേഷിച്ചു് സാക്സനിയിലെ പലാറ്റിനേറ്റു പ്രോവിൻസുകളിൽ ഈ പാഷണ്ഡതയുടെ വിഷം ആളിക്കത്തുന്നുണ്ടായിരുന്നു. നിർഭാഗ്യരായ അനേകമനേകം ആത്മാക്കൾ ആ അബദ്ധവിശ്വാസത്തിന്റെ ഘോരമായ ഇരുട്ടിലേക്കു നീങ്ങുന്നതു കണ്ടുകൊണ്ടു് ബ്രിണ്ടിസിയൻ പ്രേഷിതവീരൻ സ്വസ്ഥമായിരിക്കുകയോ? ഇല്ല. ജർമ്മൻ രാജ്യങ്ങളിൽ ദീർഘമായ ഒരു മിഷൻപര്യടനം നടത്തുന്നതിനു് അല്ലേഹം ഉറച്ചു. എന്നാൽ ലോറൻസിന്റെ സാന്നിദ്ധ്യം വളരെ വിലമതിച്ചിരുന്ന മാക്സിമിലിയൻപ്രഭുവിനു് ഈ വാർത്ത അത്ര സന്തോഷപ്രദമായിരുന്നില്ല. മാത്രമല്ല, ആ ശത്രുരാജ്യങ്ങളിൽ മിഷനറിമാരുടെ ജീവൻതന്നെ അപായത്തിലാകുമെന്നു് പ്രഭുവിനു ഭയമായിരുന്നു. ഫാദർ ലോറൻസോ, ഈ ഉദ്യമത്തിൽനിന്നു പിന്മാറുവാൻ ഒട്ടും ഒരുക്കമല്ല. കമ്മിധീരനായ അല്ലേഹത്തിന്റെ ഇഷ്ടംതന്നെ നടന്നു. പക്ഷേ അല്ലേഹം തനിയേ പോകുവാൻ പാടില്ലെന്നു പ്രഭു കല്പിച്ചു. ഫ്റാൻസീസു് ബോറോയുടെ നേതൃത്വത്തിൽ 25 കുതിരപ്പട്ടാളക്കാരെ അല്ലേഹത്തെ അകമ്പടിസേവിക്കുവാൻ ഏർപ്പെടുത്തി.

ഫാദർ ലോറൻസിനെ അനുഗമിക്കുവാൻ നിയമിതനായ ഫ്റാൻസീസ് പ്രഭു സാധാരണയിൽ കവിഞ്ഞ ദൈവഭയമുള്ള ഒരു മനുഷ്യനായിരുന്നു. തൻമൂലമാണു് അല്ലേഹം ഫാദർ ലോറൻസിന്റെ വിനീത ശിഷ്യനും

ആത്മസുഹൃത്തും കൂടെ ആയിത്തീർന്നു. ഒരു സൗഹാർദ്ദസംഭാഷണത്തിൽ ഫാദർ ലോറൻസു് അദ്ദേഹത്തോടു പറയുകയായിരുന്നു: "വേദസാക്ഷിത്വം ഞാൻ വളരെ അധികം ആഗ്രഹിക്കുന്നുണ്ടു്. പക്ഷേ ആ ഭാഗ്യം ഉണ്ടാകുകയില്ലെന്നു് എനിക്കറിയാം. ഈ മിഷൻ യാത്രയിൽ യാതൊരു അപകടവും നേരിടുകയില്ലെന്നുള്ളതു് നിശ്ചയമാണു്." ഭാവിയെപ്പറ്റി സകലതും സൂക്ഷ്മമായി കണ്ടിട്ടെന്നവണ്ണമുള്ള ഈ പ്രസ്താവന ഫ്റാൻസീസ് ബോറോസ്സു് ധൈര്യം നല്കി.

അപകടങ്ങൾ നിറഞ്ഞ ആ യാത്രയ്ക്കുള്ള ഒരുക്കമായി. സൈന്യാധിപൻ കമ്പസാരിച്ചതു് ഫാദർ ലോറൻസി നോടായിരുന്നു. പക്ഷേ ഫാദർ ലോറൻസു നല്കിയ പ്രായശ്ചിത്തം അദ്ദേഹത്തെ വല്ലാതെ അമ്പരപ്പിച്ചു. അന്നുരാത്രി അച്ചന്റെ പൂജയ്ക്കുകൂടണമെന്നു്. പൂജയ്ക്കുകൂട്ടുന്നതിൽ എന്താണു പ്രായശ്ചിത്തം?

യാത്രപുറപ്പെടേണ്ടതിന്റെ തലേരാത്രി ഫ്റാൻസീസ്പ്രഭു ആശ്രമത്തിലാണു് ഉറങ്ങിയതു്. നല്ല പാതിരാനേരത്തു്, കൃത്യം പന്ത്രണ്ടു മണിക്കു് ഫാദർ ലോറൻസിന്റെ പൂജയ്ക്കുകൂടാൻ അദ്ദേഹം എഴുന്നേറ്റു. പൂജതുടങ്ങി. ഒന്നു്, രണ്ടു്, മൂന്നു്, നാലു മണിക്കൂറുകൾ ഇഴഞ്ഞിഴഞ്ഞാണു കടന്നുപോയതു്. ആ പ്രായശ്ചിത്തത്തിന്റെ കയ്പു പ്രഭുവിനു് അനുഭവപ്പെട്ടു തുടങ്ങി. എഴുന്നേറ്റു പൊയ്ക്കളയാമെന്നു് അദ്ദേഹം പലപ്രാവശ്യം വിചാരിച്ചതാണു്. പക്ഷേ അതിനുള്ള ധൈര്യം വന്നില്ല. മനസ്സാ ആ പൂജാശുശ്രൂഷയെ അദ്ദേഹം ശപിക്കുകയായിരുന്നു. അപ്പോഴേയ്ക്കും ഓഫർട്ടറിയായി. എഴുന്നേറ്റു വീഞ്ഞും വെള്ളവും കൊടുക്കാൻ പോകുന്നതു് ഒരു ആശ്വാസമായി തോന്നി. പക്ഷേ വീഞ്ഞുകൂപ്പി വാങ്ങിക്കുമ്പോൾ ഫാദർ ലോറൻസു് അല്പം അപ്രീതിയോടെ സേനാധിപനെ ഒന്നു നോക്കി. ഫ്റാൻസീസ് ബോറോസ്സു കാര്യം മനസ്സിലായി. തന്റെ മനോവ്യാപാരങ്ങളൊക്കെ ഫാദർ ലോറൻസു് അറിഞ്ഞിരിക്കുന്നു. അദ്ദേഹം പിന്നീടു മുട്ടിന്മേൽ നിന്നു അനുതാപത്തോടെയാണു് പ്രാർത്ഥനകളെല്ലാം ചൊല്ലിയതു്. ജീവിച്ചിരിക്കുന്നവരുടെ 'സ്വ



ബ്രിണ്ടിസിയിലെ വി. ലോറൻസ് O. F. M. Cap.



രണ' ആയപ്പോൾ ഫാദർ ലോറൻസ്സ് അതാ തറയിൽ നിന്നു് നാലഞ്ചടി ഉയരത്തിൽ അന്തരീക്ഷത്തിൽ നില്ക്കുന്നു. ഒരു മണിക്കൂർനേരം ആ നിലതന്നെ. ഈ അത്ഭുതം കണ്ടുണ്ടായ സന്തോഷം നിമിത്തം പിന്നെ യാതൊരു ക്ഷീണവും മുഷിച്ചിലും ബോറോയ്ക്കു തോന്നിയില്ല. ഈ സംഭവം കണ്ടതിനുശേഷം എപ്പോഴും ഫാദർ ലോറൻസിന്റെ പൂജയ്ക്കു കൂടുന്ന കായ്ത്തിൽ ഫ്റാൻസീസ്സ് ബോറോയ്ക്കു വലിയ ഉത്സാഹമായിരുന്നു.

1611 ഏപ്രിൽ മാസത്തിൽ ഫാ. ലോറൻസിന്റെ മിഷൻസംഘം പ്രേഗിൽനിന്നു പുറപ്പെട്ടു. ഫ്റാൻസീസ്സ് ബോറോയുടെ കൂതിരപ്പട്ടാളം അവരെ അകമ്പടി സേവിച്ചു. ആദ്യം ബവേറിയാ മുഴുവൻ അവർ ചുറ്റിനടന്നു പ്രസംഗിച്ചു. അതിനുശേഷം ചില നിഷ്ക്ഷ നഗരികളിലും അവർ സവിശേഷം പ്രഖ്യാപനംചെയ്തു. ഒടുവിൽ സാക്സനിലെത്തി പ്രവർത്തനം ആരംഭിച്ചു.

ഈ പ്രേഷിതസംഘം സാൽസ്ബർഗ്ഗിലൂടെ കടന്നുപോകുമ്പോൾ, ഒമ്മാർഗ്ഗിയായ ഒരു കത്തോലിക്കാപ്രഭുവിനെപ്പറ്റി കേൾക്കുവാനിടയായി. മുൻകോപിയും ഗവ്വിഷ്ഠനുമായിരുന്ന ഈ പ്രഭുവിനെ കുറ്റപ്പെടുത്തുവാൻ ആ നാട്ടിൽ ആരും ധൈര്യപ്പെട്ടില്ല. എന്നാൽ ഫാദർ ലോറൻസ്സ്, പ്രഭുവിന്റെ മുൻപിൽ വച്ചുതന്നെ അദ്ദേഹത്തിന്റെ ഒമ്മാർഗ്ഗത്തെ അപലപിച്ചുകൊണ്ടു പ്രസംഗിച്ചു. ഇതിന്റെ ഫലം ഫാദർ ലോറൻസിന്റെ ജീവനഷ്ടമായിരിക്കുമെന്നു് എല്ലാവരും കരുതിയതാണു്. എന്നാൽ സംഭവിച്ചതോ നേരെ മറിച്ചു്. ആ മുൻകോപി അത്ഭുതകരമായ ശാന്തതയോടെ, ആ മിഷൻസംഘത്തെ ഒന്നടങ്കം തന്റെ കൊട്ടാരത്തിൽ ക്ഷണിച്ചുവരുത്തി സന്തോഷപൂർവ്വം പരിചരിച്ചു. അന്നുമുതൽ യഥാർത്ഥമായൊരു ജീവിതപരിവർത്തനത്തിന്റെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ കാണാറായി.

ചെന്നായ്ക്കളുടെവായിൽനിന്നു് ആട്ടിൻകുട്ടികളെ രക്ഷപ്പെടുത്തുവാൻ വരുന്ന അജപാലനു് ഒരു സൈന്യസഹായം ആവശ്യമില്ല എന്നു് ആയിടെ ഉണ്ടായ ഒരു സംഭവം തെളി

യിച്ചു. അന്നു് അവർ പ്രോട്ടസ്റ്റൻറു നഗരത്തിൽ എത്തി. ഫ്റാൻസീസു് ബോറോ ഒരു ഹോസ്റ്റലിൽ ഭക്ഷണം തയ്യാറാക്കുമ്പോൾ ഫാദർ ലോറൻസു് അതാ ഓടിക്കിതച്ചു വരുന്നു "ഫ്റാൻസീസു് ക്ഷണം തയ്യാറായികൊള്ളുക, ശത്രുക്കളിതാ എത്തിക്കഴിഞ്ഞു, ഉപദ്രവത്തിനുതന്നെ അവർ ഒരുങ്ങി ഇറങ്ങിയിരിയ്ക്കുയാണു". എല്ലാവരും അവരുടെ പക്കലുണ്ടായിരുന്ന ആയുധങ്ങളുമെടുത്തു് റോഡിലേയ്ക്കിറങ്ങി. ഏതാണ്ടു് 700 ആളുകളുള്ള ഒരു സൈന്യം, ഊരിയ വാളുമായി പാഞ്ഞടുക്കുകയാണു്. ഫാദർ ലോറൻസു് തൻറെ കുരിശുയത്തി ശത്രുസൈന്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഫ്റാൻസീസു് ബോറോയ്ക്കു് ആജ്ഞനൽകി. "ചാജ്ജ്, ചാജ്ജ്" 25 കുതിരപ്പട്ടാളക്കാരുടെ ഒന്നായുള്ള ചാജ്ജ് നഗരത്തിനു വെളിയിലേയ്ക്കുത്തിയപ്പോൾ, രണ്ടു സൈന്യങ്ങളും അഭിമുഖമായി. പക്ഷേ ആരും ഒരു ആയുധംപോലും അങ്ങോട്ടോ ഇങ്ങോട്ടോ പ്രയോഗിക്കുന്നതിനു മുൻപു് അത്ഭുതകരമായ ഏതോകണ്ടു ഭയവിഹ്വലരായ ശത്രുക്കൾ നാനാദിക്കുകളിലേയ്ക്കും ലക്ഷ്യമില്ലാതെ ഓടിരക്ഷപ്പെടുകയാണു ചെയ്തതു്. ഫാദർ ലോറൻസിൻറെ നിർദ്ദേശമനുസരിച്ചു് ശത്രുക്കളെ അനുധാവനം ചെയ്യാതെ അവർ നഗരത്തിലേക്കു തിരിച്ചുപോന്നു.

സാക്സനിലെ ഈ മിഷൻ പര്യടനത്തിനുശേഷം 1611–ൽതന്നെ അവർ ബവേറിയയിൽ തിരിച്ചെത്തി. ആ ഏഴെട്ടു മാസത്തിനകം സാമ്രാജ്യഭരണ ക്രമത്തിൽ ഉണ്ടായ മാറ്റങ്ങൾ അനവധി ആയിരുന്നു. റുഡോൾഫ് 2–ാമൻ കാലധർമ്മം പ്രാപിച്ചു. അദ്ദേഹത്തിൻറെ അനുഗാമി, മത്തിയാസു്, കത്തോലിസ്സിസ വിശ്വാസത്തിൻറെ സംരക്ഷകനായിട്ടാണു് രംഗപ്രവേശം ചെയ്തിരിക്കുന്നതു്. പേപ്പൽ നൺസിയോ എന്ന നിലയിൽ ഔദ്യോഗികമായി ഫാദർ ലോറൻസു് പുതിയ ചക്രവർത്തിയെ സന്ദർശിച്ചു. ഹൃദ്യവും രാജോചിതവുമായ സ്വീകരണം ചക്രവർത്തി അദ്ദേഹത്തിനു നൽകി. ഈ സന്ദർഭത്തിലാണു് ചക്രവർത്തിനി ഒരു അപേക്ഷയുമായി ഈ ഭക്ത സന്യാസിയെ സമീപിയ്ക്കുന്നതു്. ഫാദർ ലോറൻസു് ദൈവത്തോടു പ്രാർത്ഥിച്ചു് അവൾക്കൊരു മ

കനെ ലഭിച്ചു കൊടുക്കണം. അദ്ദേഹം ഒരു വിശ്വാസനാണെന്നും അദ്ദേഹത്തിന്റെ പ്രാർത്ഥനയ്ക്ക് ദൈവസമക്ഷം പ്രത്യേകം ശക്തിയുണ്ടെന്നും മഹാറാണി വിശ്വസിച്ചിരുന്നു. പക്ഷേ ഫാദർ ലോറൻസ് ബഹുമാനപൂർവ്വം കൊടുത്ത മറുപടി ഇതായിരുന്നു. മഹാറാണിയുടെ ആഗ്രഹസാദ്ധ്യത്തിനുവേണ്ടി നിശ്ചയമായും ഞാൻ പ്രാർത്ഥിയ്ക്കുന്നതാണ്. പക്ഷേ ഭവതിക്ക് ആൺപ്രജയില്ലാതെ ഇരിയ്ക്കുന്നതു് ദൈവനിശ്ചയമാണെന്നാണ് എനിക്കു തോന്നുന്നതു്" തന്റെ മധുരപ്രതീക്ഷകൾ തകർന്നു താറുമാറാക്കിക്കളഞ്ഞ ഈ പ്രവചനം വേദനാജനകമായിരുന്നെങ്കിലും ദൈവഭക്തയായിരുന്ന ആ മഹാരാജ്ഞി ദൈവേച്ഛയ്ക്കു കീഴ്വഴങ്ങി. മത്തിയാസ് ചക്രവർത്തിയുടെ അനുഗാമിയായി ആസ്ത്രിയൻ സാമ്രാജ്യം ഭരിയ്ക്കുവാൻ ഒരു രാജകുമാരൻ ഇല്ലായിരുന്നു എന്നുള്ളതു ഒരു ചരിത്രസത്യമാണ്.

അങ്ങനെ പോപ്പൽ പ്രതിനിധിയും കമ്മിസ്സറി ജനറലും എന്ന നിലയിലുള്ള ചുമതലകൾ കാംക്ഷമായും സൗഹൃദമായും അദ്ദേഹം നിർവ്വഹിച്ചുപോന്നു. പക്ഷേ ബ്രിണ്ടിസിയിൽ ജനിച്ചു വളർന്ന അദ്ദേഹത്തിനു് ജർമ്മനിയിലെ തണുപ്പു് അസഹ്യമായിരുന്നു. പോരെങ്കിൽ യാതൊരു ഒഴിവും വിശ്രമവും ഇല്ലാതെയുള്ള ജോലികൾ അദ്ദേഹത്തിന്റെ ആരോഗ്യം കരണ്ടു തിന്നുകയായിരുന്നു. പണ്ടത്തെ അസ്വാസ്ഥ്യങ്ങൾ വീണ്ടും അദ്ദേഹത്തെ ബാധിച്ചു. വാതം നിമിത്തം പലപ്പോഴും, വിശേഷിച്ചു് ഡിസംബർ മാസങ്ങളിൽ അധികനേരവും കൈയ്യും കാലും അനക്കാൻ വയ്യാതെ കിടക്കയിൽ തന്നെ കഴിച്ചുകൂട്ടേണ്ടതായി വന്നിട്ടുണ്ട്. പലരുടെയും അപേക്ഷയുടെ ഫലമായി 1613-ൽ ഇറാലിയിലേക്കു മടങ്ങുന്നതിനു് ഫാദർ ലോറൻസിനു് അനുവാദം കിട്ടി.

ഇറാലിയിലും ഫാദർ ലോറൻസിനു വിശ്രമം ലഭിച്ചു എന്നു പറയുവാൻ നിവൃത്തിയില്ല. നാട്ടിലെത്തി രണ്ടു മൂന്നുമാസം തികയുന്നതിനകം അദ്ദേഹം ജെനോവായിലെ മിനിസ്റ്റർ പ്രോവിൻഷ്യലായി നിയമിതനായി.

സ്വതസിദ്ധമായ തീക്ഷ്ണതയോടെ തന്നെയാണ് ഈ ഉദ്യോഗവും അദ്ദേഹം നിർവ്വഹിച്ചത്. 1613 മുതൽ 1616 വരെ ജെനോവാ പ്രോവിൻസിലെ സഹോദരങ്ങൾക്കു സേവനം ചെയ്തശേഷം മാപ്പാപ്പായുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് നമ്മുടെ പ്രേഷിതവീരൻ വീണ്ടും പ്രസംഗവും പ്രേഷിതവൃത്തിയും ആരംഭിച്ചു.

സാധാരണ ജനങ്ങളുടെ ഇടയിൽ വേല ചെയ്യുന്നതിന് അദ്ദേഹത്തിനു ഒരു പ്രത്യേക പ്രചോദനവും ഉത്സാഹവും തോന്നി. അദ്ദേഹത്തിന്റെ അസ്വാസ്ഥ്യങ്ങൾ തല്ക്കാലത്തേയ്ക്കു അദ്ദേഹത്തെ ഉപദ്രവിയ്ക്കാതെ ആയി. ജനങ്ങളുടെ അവശതകളും ദുഃഖകാരണങ്ങളും കണ്ടറിഞ്ഞ് അതിനു പരിഹാരം ഉണ്ടാക്കുവാൻ ഫാദർ ലോറൻസിനു ഒരു പ്രത്യേക വാസനയുണ്ടായിരുന്നു. ജനങ്ങളുടെ സുഖദുഃഖങ്ങളിൽ ഒരുപോലെ പങ്കുകൊണ്ട് അവരിൽ ഒരാളെപ്പോലെയാണ് അദ്ദേഹം വർത്തിച്ചത്.

ഒരിയ്ക്കൽ വെനീസിൽവച്ച് ഒരു യുവാവ് ഫാദർ ലോറൻസിനെ സന്ദർശിയ്ക്കുകയുണ്ടായി. അദ്ദേഹം ആ യുവകോമളനെ നോക്കിക്കൊണ്ടു പറഞ്ഞു: "എന്റെ കുഞ്ഞേ നിന്റെ ഹൃദയം അത്ര പരിശുദ്ധമല്ല. ആ കളങ്കം വേഗം കഴുകി കളയുക, ദൈവശിക്ഷയിൽനിന്നു രക്ഷപ്പെടണമെങ്കിൽ" വിനയാന്വിതമെങ്കിലും അസ്വാസ്ഥ്യം കലർന്ന സ്വരത്തിൽ ആ യുവാവ് അച്ചനോടപേക്ഷിച്ചു "ഞാൻ എന്തു തെറ്റു ചെയ്യുന്നു അച്ചനൊന്നു പറഞ്ഞു തരുമോ, അതു ഞാൻ തിരുത്തിക്കൊള്ളാം." "നീ ഒരു കള്ളം പറഞ്ഞു സത്യം ചെയ്യില്ലേ" അച്ചൻ ചോദിച്ചു. അന്വേഷണവും ആശ്ചര്യവും ഒരുപോലെ ആ യുവഹൃദയത്തെ കീഴടക്കി. അവൻ മറന്നു കിടന്ന ആ വസ്തുത അച്ചൻ അറിഞ്ഞിരിയ്ക്കുന്നു. അപ്പോൾതന്നെ അവൻ തെറ്റു സമ്മതിച്ചു മനസ്താപപ്പെടുകയും ചെയ്തു.

ഇതുപോലെതന്നെ ഒരിയ്ക്കൽ അദ്ദേഹം മിലാനിൽ മിഷൻ പ്രസംഗിയ്ക്കുമ്പോൾ അവിടെ ഒരു വിവാഹിതൻ പരസ്യമായി ഒരു വ്യഭിചാരിണിയോടൊരുമിച്ചു ജീവിക്കു

ന്നുണ്ടായിരുന്നു. ജനക്കൂട്ടത്തിൽവച്ച് ഫാദർ ലോറൻസ് ഈ മനുഷ്യനെ തിരിച്ചറിഞ്ഞു. ചെകിട്ടത്തു മെല്ലെ ഒന്നു തട്ടിക്കൊണ്ട് അദ്ദേഹം അവനോടു് "ഒരു നല്ലജീവിതം നയിയ്ക്കുന്നതിനു കാലമായി എന്നാണ് എനിയ്ക്കു തോന്നുന്നതു്". ഫാദർ ലോറൻസിന്റെ കരസ്പർശമേറ്റ നിമിഷം മുതൽ തല ചൂട്ടുകൊണ്ടു പൊള്ളുന്നതുപോലെ അയാൾക്കു തോന്നി. ആ സ്ത്രീയുമായുള്ള സംസർഗ്ഗം ഉപേക്ഷിച്ചതിനുശേഷമേ തലയിലെ ചൂട് നീങ്ങിയുള്ളു.

1616-ൽ തുടങ്ങിയ ഈ പ്രേഷിതജീവിതകാലത്താണു ഫാദർ ലോറൻസ് ജനങ്ങളുടെ ദൃഷ്ടിയിൽ ജീവിക്കുന്ന വിശുദ്ധനായിത്തീർന്നതു്. ഈ പ്രശസ്തി വർദ്ധിച്ചതോടെ പരസ്യജീവിതത്തിൽനിന്നു വിരമിക്കുവാൻ അദ്ദേഹം കൂടുതൽ താല്പര്യം കാണിച്ചു.

ഫാദർ ലോറൻസ് ഇതുവരെയും തന്റെ സ്വന്തം വൈസ്രോയിൻസിനു നഷ്ടപ്പെട്ടവനെപ്പോലെ ആയിരുന്നു. അദ്ദേഹത്തിന്റെ അവസാനദിവസങ്ങളിലെങ്കിലും ആ പുണ്യപുംഗവൻ അവരുടെക്കൂടെ ആയിരിക്കണമെന്നു് ആ പ്രോവിൻസിലെ സഹോദരർ അതിയായി ആഗ്രഹിച്ചു. 1618-ലെ ചാപ്റ്ററിൽ സംബന്ധിക്കുവാൻ അദ്ദേഹം റോമിലേയ്ക്കു പുറപ്പെട്ടപ്പോൾ അദ്ദേഹം അഹിക്കുന്ന വിശ്രമത്തിനായി സ്വന്തം പ്രോവിൻസിലേയ്ക്കു് മടങ്ങിച്ചെല്ലണമെന്നു് സ്വസഹോദരങ്ങൾ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. "അതെ, എന്റെ മരണം അന്തോനീസിന്റെ പ്രോവിൻസിൽ തന്നെ ആയിരിക്കും." എന്നായിരുന്നു ഫാദർ ലോറൻസിന്റെ മറുപടി. ഇതുകേട്ട അവർ അതിയായി സന്തോഷിച്ചു. കാരണം അവരുടെ പ്രോവിൻസിന്റെ മദ്ധ്യസ്ഥൻ വിശുദ്ധ അന്തോനീസു് ആയിരുന്നു. എന്നാൽ അന്തോനീസുപുണ്യവാന്റെ ജന്മനാടായ ലിസ്ബൺനഗരത്തിലാണു് അദ്ദേഹം മരണമടയാൻ പോകുന്നതെന്നു് അവർ വിചാരിച്ചില്ല.

18

വീരമരണം

1613-ലെ ജനറൽ ചാപ്റ്ററിൽവച്ച് ഫാദർ ലോറൻസിനു് സകല ഉദ്യോഗങ്ങളിൽനിന്നും വിമോചനം ലഭിച്ചു. ഇനി ശേഷിച്ച ജീവിതം പ്രാർത്ഥനയിൽ തന്നെ ചിലവഴിക്കാമെന്നു കരുതി കസേർത്തായിലെ ആശ്രമത്തിൽ അദ്ദേഹം താമസമാക്കി. എന്നാൽ സഹജീവികൾക്കു് വിശ്രമരഹിതമായി സേവനംചെയ്തുജീവിച്ച ഈ യഥാർത്ഥ മനുഷ്യസ്നേഹി സേവനത്തിന്റെ ത്യാഗവേദിയിൽ തന്നെ മരണമടയണം എന്നായിരുന്നു ദൈവനിശ്ചയം.

അവിശ്വാസികളുടെ ആക്രമണത്തിൽനിന്നു ജർമ്മനിയെ രക്ഷിച്ച ധീരയോദ്ധാവു്, ലോകായതികരും, അധികാരപ്രമത്തരുമായ നാടുവാഴികളുടെ ഇടയിൽ സമാധാനം സ്ഥാപിച്ച ദൈവദൂതൻ, പാഷണ്ഡതയുടെ നിർബാധമായ മലയൊഴുക്കു തടഞ്ഞുനിറുത്തി ജനങ്ങൾക്കു സത്യത്തിന്റെ വെളിച്ചം കാണിച്ചുകൊടുത്ത പ്രേഷിതവീരൻ, ഒടുവിൽ ഇതാ ഒരു ഉദ്യോഗസ്ഥന്റെ സ്വാധീനതയിൽനിന്നു് ഉദ്ഭരായ പ്രജകളെ മോചിപ്പിക്കുവാൻ ഒരു ദുർഘടയാത്രകൂടി ചെയ്യണം.

നേപ്പിൾസിലെ സ്പാനിഷ്ക്കു് വൈസ്രോയി തികച്ചും ഒരു സാധുജനമർദ്ദകനായിരുന്നു. അന്നത്തെ പരിതസ്ഥിതിയിൽ നേപ്പിൾസു് ജനതയുടെ ന്യായമായ ആവലാതി സ്പാനിഷ്ക്കു് രാജാവിനെ ധരിപ്പിക്കുവാൻ ഫാദർ ലോറൻസിനെപ്പോലെ ആർക്കാണു കഴിയുക? അവരുടെ അഭ്യർത്ഥന തിരസ്കരിക്കുവാൻ തന്റെ കഠിനമായ അസ്വാസ്ഥ്യസ്ഥിതി

19793

യിലും ആ കമ്മാധീരനു മനസ്സുവന്നില്ല. നേപ്പിൾസിലെ ജനങ്ങളോടു് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "മാന്യജനങ്ങളെ, ഇപ്പോഴത്തെ എന്റെ സുഖക്കേടുമൂലം ഈ യാത്ര ഏതാണ്ടു് അസാദ്ധ്യമായിട്ടാണു് എനിക്കു തോന്നുന്നതു്. പക്ഷേ എന്റെ മേലധികാരികൾ സമ്മതിക്കുമെങ്കിൽ, മരണം പോലും ക്ലൃപ്തമാക്കാതെ ഈ സേവനം ചെയ്യുവാൻ ഞാൻ തയ്യാറാണു്."


അങ്ങനെ ഒരിക്കൽക്കൂടെ ഫാദർ ലോറൻസു് സ്പാനിഷ് സഹോദരങ്ങളോടു യാത്രപറഞ്ഞിറങ്ങി. അതു് അവസാനത്തെ വിടവാങ്ങൽ ആയിരുന്നു എന്നു് അദ്ദേഹത്തിനു അറിയാമായിരുന്നോ, ആവോ! ആ യാത്ര വളരെ ശ്രമകരമായ ഒന്നായിരുന്നു. ഒരു വിധത്തിൽ അദ്ദേഹം പോഷ്വുഗലിന്റെ തലസ്ഥാനമായ ലിസ്ബൺവരെ എത്തി. സുഖക്കേടു ക്രമാതീതമായി വർദ്ധിച്ചതുനിമിത്തം മാഡ്റീഡുവരെ പോകുക സാദ്ധ്യമല്ലെന്നുകണ്ടു് അവിടെനിന്നുതന്നെ സ്പാനിഷ് രാജാവുമായി എഴുത്തുകുത്തുകൾ നടത്തി, നേപ്പിൾസിലെ വൈസ്രോയിയെ തിരിച്ചുവിളിപ്പിച്ചു.

അതിനുശേഷം ലിസ്ബണിൽനിന്നു് ഒരടിപോലും മുൻപോട്ടോ പിൻപോട്ടോ വയ്ക്കുവാൻ ഫാദർ ലോറൻസിനു ത്രാണി ഉണ്ടായില്ല. കൃതജ്ഞരായ നേപ്പിൾസു ജനങ്ങൾക്കോ, ദൈവഭക്തരായ സ്പാനിഷ് രാജദമ്പതികൾക്കോ ഈ ത്യാഗശീലനെ പിന്നെ ജീവനോടെ കാണുവാൻ കഴിഞ്ഞില്ല. 1619 ജൂലൈ 22-ാം തീയതി അവസാനസേവനവും നിർവഹിച്ചു കൃതകൃത്യനായി ഈ ലോകത്തോടു് അദ്ദേഹം യാത്രപറഞ്ഞു പിരിഞ്ഞുപോയി.

ഈ ധീരപുരുഷന്റെ അന്തിമയാത്രയ്ക്കു് ദൃക്സാക്ഷികളാകുന്നതിനുള്ള ഭാഗ്യം ലിസ്ബണിലെ ജനങ്ങൾക്കു മാത്രമാണുണ്ടായതു്. വിശുദ്ധ അന്തോനീസിന്റെ ജന്മനാട്ടിൽ മരിക്കാനുള്ള ഭാഗ്യം ആ അത്ഭുതപ്രവർത്തകന്റെ ഇളയ സോദരനായ ഫാദർ ലോറൻസിനും.

മഹത്തായ ഒരു ആദർശത്തെ ലക്ഷ്യമാക്കി, കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ, ത്യാഗസുന്ദരമായ സേവനഭാരവും വഹിച്ചുകൊണ്ട്, ബ്രിണ്ടിസിലെ സന്ന്യാസി കടന്നുപോയി. അധർമ്മത്തോടുള്ള പോരാട്ടത്തിൽ വിജയംവരിച്ചെങ്കിലും പോർക്കളത്തിൽതന്നെ അദ്ദേഹം വീരമരണം പ്രാപിച്ചു. സഭാമാതാവു് അവളുടെ വീരകുമാരനിൽ അഭിമാനംകൊണ്ടു. അവളുടെ അൾത്താരകളിലേക്കു് ആ ത്യാഗമോഹനമായ രൂപം ഉയർത്തപ്പെട്ടു.

യഥാർത്ഥമായ ഒരു ജീവിതവിജയം!



Imprimatur

Bishop's House,
Quilon, 22-XII-'55.

✠ **Jerome**
Bishop of Quilon.

19793
DHARMARAM LIBRARY

Author DAVID, Fr.

Title Sainyathe Navicha Sanyasi

Date Due	Bor.	Date Due	Bor.	Date Due	Bor
18·1·68	1466				
13·10·68	1883				
26-1-85	pandharpeshkar				

ASSISI PRESS

DC Library
00019793
LN B77